# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക


ESTD-1968

2020 നവംബർ 5 | ദീപം 53 | നാളം 26 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


നവംബർ 1 : കേരളപ്പിറവി

# മറക്കില്ല ഞാൻ മതനിരപേക്ഷതയുടെ മണ്ണിനെ






**ഏഴാച്ചേരി രാമചന്ദ്രൻ**


**കേ**രളപ്പിറവി മലയാളികളെ സംബന്ധിച്ച് അഭിമാനവും ആഹ്ലാദവും ജനിപ്പിക്കുന്ന ഒരു ഓർമ്മയാണ്. കേരളമെന്നത് ഭാരതത്തിലെ മറ്റെല്ലാ സംസ്ഥാനങ്ങളെയപേക്ഷിച്ചും ജാതിവർണ്ണവർഗ്ഗവ്യതിയാനങ്ങൾക്കതീതമായി ഒരമ്മപെറ്റ മക്കളെപ്പോലെ ആളുകൾ പുലരുന്ന ദേശമാണ്. അതുകൊണ്ടുതന്നെ കേരളപ്പിറവിയെന്നത് വൈകാരികമായ ഒരനുഭവമാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി മുറിഞ്ഞുകിടന്നിരുന്ന കേരളം ഒന്നായിത്തീർന്നത് അഭിമാനകരമായ ഒരു കാര്യമാണ്.

‘മുന്നുകോണിൽനിന്നുവന്നേ
ഇന്നലെ നാം പാടിയല്ലോ
നമ്മളൊന്നാണേ’

എന്ന പാട്ടെഴുതാൻ ഒ.എൻ.വി.ക്കു പ്രചോദനമായത് കേരളപ്പിറവിയാണ്. അതുപോലെതന്നെ വളരെ മുമ്പുണ്ടായിരുന്ന ഒരൊറ്റഭാഷ സംസാരിക്കുന്ന ഒരു നാടിനെ മൂന്നു കഷണമാക്കി മുറിച്ചു വേർതിരിച്ചു നിർത്തിയതിന്റെ മുറിപ്പാടുകളുടെ വേദന പോക്കുന്നതിനും കേരളപ്പിറവികാരണമായി. 1956 നവംബർ ഒന്നിന് കേരളം ഒന്നായിത്തീർന്നതിന്റെ ഒരുപാടോർമ്മകൾ അന്നു കുട്ടിയായിരുന്ന എന്റെ മനസ്സിലേക്കു കയറിവരുന്നുണ്ട്.

കേരളപ്പിറവി ആഘോഷിക്കുന്നതിനുവേണ്ടി ഞങ്ങളുടെ നാട്ടിലെ വായനശാലപ്രവർത്തകർ ഒരുപാടു കാര്യങ്ങൾ ചെയ്ത കൂട്ടത്തിൽ ഒരു നാടകവും അരങ്ങേറണം എന്നു തീരുമാനിച്ചിരുന്നു. അന്നു നാടകത്തിൽ പാടാനുള്ള പാട്ടുകൾ എന്റെയുംകൂടി ഉത്തരവാദിത്വത്തിലായിരുന്നു ചെയ്തത്. പ്രവിത്താനം പി.എം. ദേവസ്യ എന്ന മഹാകവിയെക്കണ്ട് ഒരു പാട്ടെഴുതി വാങ്ങിച്ചത് വേരനാനിക്കൽ ചെറിയാൻസാർ എന്നയാളാണ്. അന്നത്തെ ഏതോ ഒരു പ്രേംനസീർ സിനിമയിലെ പാട്ടിന്റെ ചുവടുപിടിച്ച് അദ്ദേഹമെഴുതിയ ‘കേരളമൊരുമയിലാവട്ടെ’ എന്ന പാട്ട് അന്നെന്നെ പഠിപ്പിച്ചത് ജവഹരിസാർ എന്ന അധ്യാപകനാണ്. അങ്ങനെ കേരളപ്പിറവിയെക്കുറിച്ചുള്ള ഒരുപാടോർമ്മകൾ എന്റെ മനസ്സിലുണ്ട്.

കേരളപ്പിറവി മലയാളിയെ സംബന്ധിച്ചിടത്തോളം ജാതിക്കും മതത്തിനുമെല്ലാമതീതമായി, കേരളത്തിന്റെ അന്തരാത്മാവിനെ, സ്നേഹം എന്ന വിശ്വദർശനത്തെ ഉയർത്തിപ്പിടിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു തിരുനാൾകൂടിയാണ്. എല്ലാ ജാതിയിലും മതത്തിലുംപെട്ടവർ – കൃഷിക്കാരനും വിദ്യാർത്ഥിയും വീട്ടമ്മയും ഗ്രാമീണനും – എല്ലാം ഉൾപ്പെടുന്ന ജനസഞ്ചയത്തെ ഇത് ഏകോപിപ്പിക്കുന്നു. കേരളത്തിനു വെളിയിൽ, ചില സന്ദർഭങ്ങളിൽ ഇന്ത്യയ്ക്കു വെളിയിൽ പോകുമ്പോൾ എല്ലാം അഭിമാനത്തോടുകൂടി ഓർമിക്കുന്ന ഒരു കാര്യം മീനച്ചിൽതാലൂക്കിന്റെ സാംസ്കാരികപൈതൃകമാണ്. ആ മീനച്ചിൽതാലൂക്കിലെ രാമപുരം പഞ്ചായത്തിൽ ജനിക്കാൻ കഴിഞ്ഞതിൽ എനിക്ക് വളരെയധികം സന്തോഷം തോന്നിയിട്ടുണ്ട്.

രാമപുരത്തുവാര്യർ എന്ന മഹാനായ കവിയുടെ കവിതയുടെ പേരിൽ – കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ പേരിൽ – രാമപുരത്തിന് കേരളത്തിന്റെ സാംസ്കാരികഭൂപടത്തിൽ വളരെ വലിയ ഒരു സ്ഥാനമുണ്ട്. പാറേമ്മാക്കൽ ഗോവർണ്ണദോർ, നിധീരിക്കൽ മാണിക്കത്തനാർ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, പാലാ നാരായണൻനായർ, പാലാ ഗോപാലൻനായർ, പ്രവിത്താനം പി.എം.ദേവസ്യ തുടങ്ങി ഈ നാടിന്റെ സാംസ്കാരികപൈതൃകത്തെ വളരെ ഉയരത്തിലെത്തിച്ച ഒരു പാടാളുകൾ, ആത്മീയഗുരുക്കന്മാരടക്കം, ഈ നാട്ടിൽനിന്നുള്ളരാണ്. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായ ‘വർത്തമാനപ്പുസ്തകം’ രചിച്ച തോമ്മാക്കത്തനാർ എല്ലാക്കാലവും മലയാളത്തിനു മാർഗ്ഗദർശിയാണ്. പ്രവിത്താനം പി.എം. ദേവസ്യയുടെ മഹാകാവ്യങ്ങൾ, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം മഹാകാവ്യം എന്നിവയൊക്കെ മലയാളസാഹിത്യത്തിന്റെ മുതൽക്കൂട്ടാണ്.

‘അപ്പാവനാംഗീ ജഠരത്തിൽനിന്നും
മുപ്പാരിനൂന്നാം വിഭുവിന്റെ പുത്രൻ
അപ്പാതിരാനേരമസാരനെപ്പോ-
ലിപ്പാരിടത്തലൻപോടവതീർണ്ണനായി.’

എന്ന പദ്യം മലയാളം എൽ.പി.സ്കൂളിലെ അധ്യാപകനായിരുന്ന അപ്പച്ചൻസാർ, പഠിപ്പിക്കുന്ന വിഷയത്തിൽനിന്നു മാറി ഞങ്ങളെ ചൊല്ലിപ്പഠിപ്പിച്ച കവിതയാണ്. അങ്ങനെയാണ് കട്ടക്കയത്തിൽ ചെറിയാൻമാപ്പിളയുടെ കവിതയിലേക്കുള്ള വാതിൽ തുറക്കുന്നത്.

ഞാൻ അഞ്ചാംക്ലാസുവരെ പഠിച്ചത് അന്ത്യാളം സെന്റ് മാത്യൂസ് എൽ.പി. സ്കൂളിലാണ്. ഈ സ്കൂളിൽ പഠിക്കുമ്പോൾ പി.എസ്. നീലകണ്ഠൻ നായർ ഒന്നാംക്ലാസിലും, കുഞ്ഞുസാർ എന്നു വിളിക്കുന്ന ജോസഫ് സാർ രണ്ടാം ക്ലാസ്സിലും, നാലിലും അഞ്ചിലുമൊക്കെ സെബാസ്റ്റ്യൻസാറും പഠിപ്പിക്കുമ്പോൾ, മൂന്നാംക്ലാസിൽ ഒരിടവേളയിൽ അധ്യാപികയായിരുന്നത് അന്നമ്മ ടീച്ചർ എന്ന സ്നേഹസ്വരൂപിണിയാണ്. അവർ കുറച്ചുകാലം പഠിപ്പിച്ചിട്ട് മടങ്ങിപ്പോയി. അന്നമ്മ ടീച്ചർ പിന്നീട് കന്യാസ്ത്രീയായി. ഈ അന്നമ്മ ടീച്ചർ, മഹാത്മഗാന്ധി സർവകലാശാലയുടെ ആദ്യത്തെ വി.സി ഡോ. എ.റ്റി. ദേവസ്യാസാറിന്റെ സഹോദരിയായിരുന്നു.

അന്ത്യാളം പള്ളിയിലെ പെരുന്നാൾ ആഘോഷങ്ങളുടെ ഭാഗമായി ഒരുപാട് ബൈബിൾനാടകങ്ങൾ കണ്ടതും അതിലെ പാട്ടുകൾ ആസ്വദിച്ചതുമൊക്കെ എന്റെ ബാല്യകൗമാരകാലങ്ങളിലെ ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകളാണ്. പാലാ സി.വൈ.എം.എൽ. എന്ന നാടകസമിതിയിലെ പാട്ടുകാരനായ വക്കച്ചൻ പാടുന്നത് ഇപ്പോഴും എന്റെ മനസ്സിലുണ്ട്.

‘‘അത്തിക്കായ്കൾ പഴുത്തല്ലോ
മുന്തിരിവള്ളി തളിർത്തല്ലോ’’

ബൈബിളിലെ സോളമന്റെ ഉത്തമഗീതം ആസ്പദമാക്കിയ ഗാനം.

‘‘ദൈവപുത്രനു വീഥിയൊരുക്കുവാൻ
സ്നാപകയോഹന്നാൻ വന്നു...’’

‘‘ഇസ്രായേലിലെ വീഥികൾ ഞങ്ങൾ
അലങ്കരിച്ചൂ...’’

‘‘മുൾക്കിരീടമിതെന്തിനു നല്കി
സ്വർഗ്ഗസ്ഥനായ പിതാവേ...’’

‘‘തിരികൊളുത്തുവിൻ ചക്രവാളങ്ങളേ
വഴിയൊരുക്കുവിൻ മാലാഖമാരേ...’’


ഇങ്ങനെയുള്ള നിരവധി ക്രിസ്തീയ ഭക്തിഗാനങ്ങൾ എന്റെ ഓർമ്മയിലുണ്ട്. വയലാർ രാമവർമ്മയുടെ പാട്ടുകളിലൂടെയാണ് ഇത്തരം പാട്ടുകൾ കൂടുതലും പരിചയപ്പെട്ടത്.

ഏറ്റവും കൂടുതൽ നോവലുകൾ മലയാളത്തിൽ സിനിമയാക്കിയിട്ടുള്ളത് ശ്രീ മുട്ടത്തുവർക്കിയുടേതാണ്. അതു മുഴുവൻ ക്രിസ്തീയപശ്ചാത്തലമുള്ളതുമാണ്. അതുകൊണ്ടുതന്നെ മുട്ടത്തുവർക്കിയുടെ നോവലുകൾ സിനിമയായപ്പോൾ ഒരുപാട് ക്രിസ്തീയഭക്തിഗാനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ മിക്കതും എഴുതിയത് വയലാറാണ്. ആ വയലാർ രാമവർമ്മയുടെ പേരിലുള്ള 44–ാമത് പുരസ്കാരം എനിക്കു കിട്ടിയ ഈ സന്ദർഭത്തിൽ നിശ്ചയമായും അന്ത്യാളം സെന്റ് മാത്യൂസ് യു.പി.സ്കൂൾ, പാലാ സെന്റ് തോമസ് കോളജ്... ഇതെല്ലാം എന്റെ ഓർമ്മയിലേക്കു കടന്നുവരികയാണ്.

ഏഴാച്ചേരിയിൽനിന്ന് പാലാ കോളജിൽ പഠിക്കാൻ ചെന്ന ആദ്യത്തെ ആഴ്ചയിൽത്തന്നെ സി.വി. രാമൻപിള്ളയുടെ ‘ധർമ്മരാജ’ എന്ന നോവലിലെ ഒരു അധ്യായം ബഹു. വൈസ് പ്രിൻസിപ്പാളും മലയാളത്തിന്റെ ഡിപ്പാർട്ട്മെന്റ് ഹെഡുമായിരുന്ന ഫാ. ജോൺ മറ്റം ക്ലാസിൽ ഞങ്ങളെക്കൊണ്ടു വായിപ്പിക്കുന്നു. എന്റെ വായന അച്ചന് വളരെ ഇഷ്ടമായി. അദ്ദേഹം പറഞ്ഞു: ‘‘നിന്റെ ഉച്ചാരണം വളരെ നല്ലതാണ്. ഭാവിയിൽ നിനക്ക് ആകാശവാണിയിൽ ജോലികിട്ടാൻ സാധ്യതയുണ്ട്.’’ ഓരോ കുട്ടിയുടെയും പേരും സ്ഥലവും ചോദിക്കുന്ന മുറയ്ക്ക് എന്നോടും ചോദിച്ചു: നിന്റെ പേരെന്താണ്? ഞാൻ പറഞ്ഞു: രാമചന്ദ്രൻ. സ്ഥലം? ഏഴാച്ചേരി.


▶2

# ഹൃദയം തുറക്കുന്ന ജപമണികൾ



**ജപമാലഭക്തിയെക്കുറിച്ച് സുപ്രീംകോടതി റിട്ട. ജസ്റ്റീസ് കുര്യൻ ജോസഫ്**

**ചെ**റുപ്പത്തിൽത്തന്നെ എന്റെ മാതാപിതാക്കന്മാരിൽനിന്നു കിട്ടിയ വലിയ ഒരു സുകൃതമായി ജപമാലയെ ഞാൻ കാണുന്നു. ജപമാല ചൊല്ലാൻ പഠിപ്പിച്ചത് എന്റെ മാതാപിതാക്കളും സഹോദരരുമാണ്. അന്നുമുതൽ ഇന്നുവരെ ഞാൻ അർപ്പിക്കുന്ന വിശേഷാൽ പ്രാർത്ഥനയാണ് ജപമാല. വിശുദ്ധ കുർബാനയും ജപമാലയും ജീവിതത്തിലിന്നേവരെ മുടങ്ങിയിട്ടില്ല. അതിന്റെ ധന്യമായ അനുഭവങ്ങൾ എന്നും എനിക്കു കാണാൻ കഴിഞ്ഞിട്ടുമുണ്ട്. മാതാവിന്റെ കൈപിടിച്ച്, മാതാവിന്റെ കൈകളിലേക്ക് വിട്ടുകൊടുക്കുന്നതാണ് ജപമാലപ്രാർത്ഥന. അങ്ങനെ നമ്മെ മാതാവിനു സമർപ്പിച്ചുകഴിഞ്ഞാൽ മാതാവിന്റെ ഉത്തരവാദിത്വമാണ് നമ്മെ നോക്കുക എന്നുള്ളത്. അമ്മ നമ്മെ തീർച്ചയായും നോക്കിക്കൊള്ളും. അമ്മയുടെ ഏറ്റവും വലിയ സുകൃതമെന്നു പറയുന്നതുതന്നെ മക്കളെ നോക്കുക എന്നുള്ളതാണ്. അങ്ങനെ മാതാവ് സംരക്ഷിക്കുന്ന ഒരു മകനാണ് ഞാൻ എന്ന് സന്തോഷത്തോടെ, അഭിമാനത്തോടെ ഏറ്റുപറയുന്നു. ചെറുപ്പംമുതലേ ജപമാലഭക്തി എന്നിൽ വളർന്നുവരാൻ സഹായകമായത് എന്റെ കുടുംബമാണെന്ന് ഞാൻ പറഞ്ഞല്ലോ.

ഞങ്ങളുടെ ഇടവകദൈവാലയത്തിൽ ഒക്ടോബർ മാസത്തിലെ ജപമാലപ്രാർത്ഥന വെളുപ്പിനെയായിരുന്നു. അന്നു ചൂട്ടുവെളിച്ചവുമായി പുലർച്ചെ അഞ്ചുമണിക്ക് പള്ളിയിൽ പോയിരുന്നത് ഇന്നും എന്റെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നു. ഒക്ടോബർമാസത്തെ ജപമാലപ്രാർത്ഥന പത്തുദിവസം പൂർത്തിയാകുമ്പോൾ മെഴുകുതിരി കത്തിച്ചുപിടിച്ചുള്ള ജപമാലപ്രദക്ഷിണമൊക്കെ ഇന്നും മനസ്സിലുണ്ട്. ഉള്ളിലുള്ള അന്ധകാരവും അസ്വസ്ഥതകളും മാറാൻ ജപമാല എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്.



എന്തിനാണ് ജപമാലയിൽ ഇത്രയധികം പ്രാവശ്യം 'നന്മനിറഞ്ഞ മറിയമേ' ചൊല്ലുന്നതെന്ന് പലരും ചോദിക്കാറുണ്ട്. 53 പ്രാവശ്യം ചൊല്ലുന്നുണ്ട്. അത് മുഴുവൻ കൊന്തയാകുമ്പോൾ നാലു തവണ അമ്പത്തിമൂന്നുമണി ചൊല്ലുന്നു. അത് എന്തിനെന്നു ചോദിച്ചാൽ നാം ഒരാളെ വിളിച്ചിട്ടു കേട്ടില്ലായെങ്കിൽ പിന്നെയും പിന്നെയും വിളിക്കാറില്ലേ. അവർ കേൾക്കുന്നതുവരെ വിളിച്ചുകൊണ്ടേയിരിക്കും. അങ്ങനെ വിളിക്കുന്നതും കേൾക്കുന്നതും സന്തോഷമാണ്. 'അമ്മേ' എന്നു വിളിക്കുന്നത് സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ വിളിയാണ്. നമുക്ക് അത്രയേറെ ഇഷ്ടമുള്ളവരെയാണ് പല പ്രാവശ്യം നാം വിളിക്കുന്നത്. അല്ലെങ്കിൽ രണ്ടോ മൂന്നോ തവണ വിളിച്ച് അതങ്ങു നിർത്തും. നമ്മൾ സ്നേഹമുള്ളവരെ വിളിക്കുന്നത് അവർ കേൾക്കാൻവേണ്ടി മാത്രമല്ല; വിളിക്കുമ്പോൾ നമുക്കു തോന്നുന്ന സന്തോഷത്തിനു വേണ്ടിക്കൂടിയാണ്. മാതാവിനെ വിളിക്കുന്നതിൽ നാം തീർച്ചയായും ഒരു സായുജ്യം അനുഭവിക്കുന്നുണ്ട്.

ജപമാല നിത്യവും കഴുത്തിലണിയുന്ന വ്യക്തിയാണ് ഞാൻ. അത് ഒരു ആഭരണമായി അണിയുക മാത്രമല്ല ചെയ്യാറുള്ളത്. നിത്യവും ചൊല്ലുകയും ചെയ്യും. അത് നമുക്കു നല്കുന്ന സംരക്ഷണം അത്ര വലുതാണ്. എന്റെ ജീവിതത്തിൽ എത്രയോ അവസരങ്ങളിൽ ഞാൻ ഈ സംരക്ഷണം അനുഭവിച്ചിട്ടുണ്ട്.

ജപമാലരഹസ്യമെന്നു പറഞ്ഞാൽ നമ്മുടെ കർത്താവീശോമിശിഹാ ഇവിടെ ജനിച്ച്, നമുക്കുവേണ്ടി പീഡകൾ സഹിച്ചു മരിച്ച് ഉത്ഥാനം ചെയ്തതിന്റെ രക്ഷാകരരഹസ്യങ്ങളാണ്. ഇതാണ് നാം ജപമാലരഹസ്യങ്ങളായി ധ്യാനിക്കുന്നത്. ധ്യാനിക്കുന്ന സമയത്തുതന്നെ നമുക്ക് നമ്മുടെ ജീവിതത്തിന്റെ പിടികിട്ടാത്ത പല കാര്യങ്ങളുടെയും ചുരുൾ അഴിഞ്ഞു കിട്ടും. കാരണം, നാം ധ്യാനിക്കുന്നത് പരിശുദ്ധ അമ്മയോടും കുരിശിനോടും ചേർന്നുകൊണ്ടാണ്. കാരണം, കുരിശിലെ രക്ഷാകരമായ ആ അനുഭവമാണ് ക്രിസ്തുവിന്റെ ജനനംമുതൽ ഉത്ഥാനം വരെയും പിന്നീട് പരി. അമ്മയെ കിരീടം അണിയിക്കുന്നതുവരെയുമുള്ളത്.

ജീവിതത്തിലെ നിഗൂഢമായ പല കാര്യങ്ങളും എനിക്കു മനസ്സിലായിട്ടുള്ളത് ജപമാലയുടെ സമയത്താണ്. ജപമാലയുടെ സമയത്ത് പരിശുദ്ധ അമ്മ നമ്മുടെ കൂടെയിരുന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. കർത്താവിലേക്കു നടന്നടുക്കാൻ, കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിക്കാൻ എന്നെയും എന്റെ കുടുംബത്തെയും ജപമാല വളരെയധികം സഹായിച്ചിട്ടുണ്ട്.

# മറക്കില്ല ഞാൻ മതനിരപേക്ഷതയുടെ മണ്ണിനെ

*1-ാം പേജ് തുടർച്ച*

നിറഞ്ഞ ക്ലാസിലെ എല്ലാവരെയും സാക്ഷി നിർത്തി ആ വന്ദ്യഗുരുനാഥൻ, ആ പുരോഹിതശ്രേഷ്ഠൻ പറഞ്ഞു: "നാളെ ഇവൻ ഏഴാച്ചേരി രാമചന്ദ്രൻ എന്ന് അറിയപ്പെടും." ആ ഗുരുവിന്റെ വാക്ക് എന്റെ ജീവിതത്തിൽ നല്ലതുപോലെ ഫലിച്ചു എന്നത് തർക്കമറ്റതാണ്. വയലാർ പുരസ്കാരവേളയിൽ വളരെ ആദരവോടെ ഫാ. ജോൺ മറ്റത്തിനെ ഞാൻ ഓർമ്മിക്കുന്നു.

അന്ത്യാളം പള്ളിയുടെ പള്ളിമേടയിലെ ഒരു ചെറിയ മുറിയിൽ താടിയും മുടിയും നീട്ടിവളർത്തിയ ഒരാൾ വന്നു താമസിക്കുന്നതറിഞ്ഞ്, ഞങ്ങൾ കുറച്ചു കുട്ടികൾ അദ്ദേഹത്തെ കാണാൻ ചെന്നു. അദ്ദേഹം ആന്ധ്രയിൽനിന്നു വന്ന ഒരു സന്ന്യാസിയായിരുന്നു; പീറ്റർ റെഡ്ഡി. അന്ത്യാളം പള്ളിയിലെ പെരുന്നാളിന് സംസാരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം എത്തിയിരിക്കുന്നത്. പള്ളിപ്പെരുന്നാളിന് തോരണം ഒട്ടിക്കുന്ന ജോലി ഓരോ ക്ലാസിലെയും കുട്ടികളെയാണ് ഏല്പിച്ചിരിക്കുന്നത്. തോരണമൊട്ടിച്ച് തിരികെച്ചെല്ലുമ്പോൾ പള്ളിയിലെ അച്ചൻ ഞങ്ങൾക്കു കൈനിറയെ മിഠായികൾ തരുമായിരുന്നു.

ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ എനിക്കു തോന്നുന്നു; അങ്ങനെയൊന്ന് ഇന്നാണ് ചെയ്യുന്നതെങ്കിൽ, പള്ളിയിലെ പെരുന്നാളിന് ഹിന്ദുക്കുട്ടികളെക്കൊണ്ട് തോരണമൊട്ടിപ്പിച്ചു എന്നൊക്കെപ്പറഞ്ഞ് വളരെ വലിയ കോലാഹലത്തിനു കാരണമാകുമായിരുന്നില്ലേ?

പാലാ സെന്റ് തോമസ് കോളജിന്റെ ചരിത്രത്തിലാദ്യമായി സെക്കന്റ് ലാംഗ്വേജിന്റെ വിദ്യാർത്ഥിപ്രതിനിധിയായി എന്നെ തിരഞ്ഞെടുക്കുമ്പോൾ എതിർസ്ഥാനാർത്ഥിയെക്കാൾ വളരെ ഉയർന്ന ഭൂരിപക്ഷം എനിക്കു ലഭിച്ചിരുന്നു. കോളജിന്റെ മാത്രമല്ല മീനച്ചിൽ താലൂക്കിന്റെയാകെ മതനിരപേക്ഷതയുടെ ഒരു ഉദാഹരണമായിരുന്നു അതെന്ന് എനിക്കു തോന്നിയിട്ടുണ്ട്. ഓണം വരുമ്പോൾ ക്രിസ്ത്യൻഭവനങ്ങളിലേക്ക് പായസവും പപ്പടവും പഴവുമൊക്കെ കൊണ്ടുപോകുന്നത്... ക്രിസ്മസും ഈസ്റ്ററും വരുമ്പോൾ തിരിച്ച് പലഹാരങ്ങൾ ഞങ്ങൾക്കു കൊണ്ടുവന്നു തരുന്നത്... ഇതെല്ലാം ഞങ്ങളുടെ ഗ്രാമത്തിലെ മതേതരസങ്കല്പത്തിന്റെ ജീവിക്കുന്ന മാതൃകകളായിരുന്നു.

ലോകത്തിന്റെ ഏതു കോണിൽ ചെന്നാലും എന്റെ മനസ്സിനെ പ്രചോദിപ്പിക്കുന്നത് മീനച്ചിൽ താലൂക്കിന്റെ, കോട്ടയം ജില്ലയുടെ മതേതരത്വം കലർന്ന ഈ കമനീയമുഖമാണ്. എല്ലാ ജാതിയിലും മതത്തിലുംപെട്ടവർ, ജോലി ചെയ്യുന്നവർ, വിയർപ്പൊഴുക്കുന്നവർ ഒരുമിച്ചു ജീവിക്കുന്ന സാംസ്കാരികപൈതൃകം വളരെ അഭിമാനകരമാണ്. അതുകൊണ്ടുതന്നെ ദീപനാളം വാരികയുടെ കേരളപ്പിറവിപ്പതിപ്പിലേക്ക് ചിലത് എഴുതാൻ സംഗതിയുണ്ടായതിൽ എനിക്കു വളരെക്കൂടുതൽ സന്തോഷമുണ്ട്.

എന്റെ സുഹൃദ്വലയത്തിൽ നിരവധി ക്രിസ്ത്യാനികളുണ്ട്. ധാരാളം കന്യാസ്ത്രീകൾ കൂടെ പഠിച്ചവരും പഠിപ്പിച്ചവരുമുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലത്ത് ആദ്യമായി ഒരു നാടകത്തിൽ പെൺവേഷംകെട്ടി അഭിനയിച്ചപ്പോൾ എന്റെ സഹപാഠിയായ സി.ജെ. മേരിക്കുട്ടിയുടെ കുപ്പായമാണ് ഉപയോഗിച്ചത് എന്ന് ഓർമ്മിക്കട്ടെ. മേരിക്കുട്ടി ഇന്ന് ഒരു കന്യാസ്ത്രീമഠത്തിൽ സിസ്റ്റർ മരിയോളയാണ്. അടുത്ത കാലത്തും ഞാൻ അവരെ കണ്ടിരുന്നു. അന്നത്തെ ആ സൗഹൃദം ഇന്നും ഞങ്ങൾ മങ്ങാതെ സൂക്ഷിക്കുന്നുണ്ട്. ക്രിസ്തുദേവന്റെ സന്ദേശം എന്റെ മനസ്സിൽ രൂഢമൂലമാകാൻ കാരണം ഇന്നാട്ടിലെ ജീവിതമാണെന്ന് നന്ദിയോടെ ഓർക്കുന്നു. ലോകത്തിൽ ഏറ്റവും വലിയ സംസ്കൃതികളിലൊന്നായ ബൈബിളിന്റെ സന്ദേശം, ക്രിസ്തുദേവന്റെ സ്നേഹത്തിന്റെ സന്ദേശം എന്റെ മനസ്സിലേക്കു കടന്നുവരാനിടയായ പാലായിലെ ജീവിതം, മീനച്ചിൽ താലൂക്കിലെ ജീവിതം, ക്രിസ്തീയവിദ്യാലയങ്ങളിലെ അധ്യയനകാലഘട്ടത്തിൽ കിട്ടിയ വരദാനങ്ങൾ, അവിടത്തെ അധ്യാപകർ... ഇതെല്ലാം അഭിമാനത്തോടെ, ആദരവോടെ, നന്ദിയോടെ അനുസ്മരിക്കുന്നു.

■

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

## പൂജവയ്പ്പും പൂജയെടുപ്പും

ക്രിയാവ്യാപാരത്തെ അഥവാ ക്രിയാഭാവത്തെ കുറിക്കുന്ന നാമത്തിന് കൃതികൃത്ത് എന്നു പറയുന്നു. ധാതുവിൽനിന്നു ജനിക്കുമ്പോൾത്തന്നെ അവയുടെ ക്രിയാസ്വഭാവം നഷ്ടപ്പെടും. കൃതികൃത്തുകളെയാണ് സിദ്ധക്രിയ എന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നത്. ഇവയെ നാമത്തിന്റെ ഒരു വകഭേദമായി കണക്കാക്കാം. ക്രിയാസ്വഭാവം കുറിക്കുന്നതിനാൽ കൃതികൃത്തുകൾ മറ്റു നാമങ്ങളിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. ക്രിയാനാമം, ഭാവനാമം എന്നീ പര്യായങ്ങളും കൃദ്രൂപങ്ങൾക്ക് ഉണ്ട്.

ഇരുപതിലേറെ പ്രത്യയങ്ങൾ കൃതികൃത്ത് പ്രത്യയങ്ങളായി ഭാഷയിൽ ഉപയോഗിക്കുന്നു. അതിൽ ഒന്നാണ് 'പ്പ്' എന്ന പ്രത്യയം. കാരിതധാതുക്കളിൽ (കേവലക്രിയയിൽ 'ക്ക്' ഉള്ളത് കാരിതം. കൊടു→കൊടുക്ക്) 'പ്പ്' എന്ന കൃൽപ്രത്യയം ചേർത്താൽ കൃദ്രൂപങ്ങൾ ഉണ്ടാകും. ഉദാ. ഇരി →ഇരിപ്പ്, തേ → തേപ്പ്, നിൽ → നിൽപ്പ്, കിട→ കിടപ്പ്.

വയ്ക്കുക, എടുക്കുക എന്നീ കേവലക്രിയകളിൽനിന്നു ജനിച്ച നാമരൂപങ്ങളാണ് വയ്പ്പ്, എടുപ്പ് എന്നിവ. വയ്+പ്പ് = വയ്പ്പ്, എടു+പ്പ് = എടുപ്പ്. പൂജ എന്ന ശബ്ദത്തിനു വിശേഷ്യങ്ങളായി വയ്പ്പ്, എടുപ്പ് എന്നിവ ചേർക്കുമ്പോൾ പൂജവയ്പ്പ്, പൂജയെടുപ്പ് എന്നീ സമസ്തപദങ്ങൾ ഉണ്ടാകുന്നു. ഇവയുടെ രൂപഭേദങ്ങളെന്ന മട്ടിൽ 'പൂജവെപ്പ്' പൂജവെയ്പ്പ്, പൂജവെയ്പ്, പൂജവയ്പ്, പൂജെടുപ്പ് തുടങ്ങിയ രൂപങ്ങൾ യഥേഷ്ടം പ്രചരിച്ചിട്ടുണ്ട്. വ്യാകരണപരമായി ഇവയുടെ നിരുക്തി വിശദീകരിക്കാൻ പ്രയാസമാണ്. ആയതിനാൽ ഇവയെ അപരൂപങ്ങളായി കണക്കാക്കണം.

പൂജ+വയ്പ്പ്=പൂജവയ്പ്പ് എന്നും പൂജ+എടുപ്പ്=പൂജയെടുപ്പ് എന്നും എഴുതുന്നതാണ് ഭാഷാശുദ്ധിക്കും അർത്ഥവ്യക്തതയ്ക്കും നല്ലത്. 'വയ്പ്' എന്ന ഇരട്ടിക്കാത്ത രൂപം അത്ര ശരിയല്ല. പ്രത്യയം 'പ്' അല്ല 'പ്പ്' ആണ്. 'പ്' പ്രചരിച്ചു സാധുവായ രൂപമെങ്കിലും കൃൽപ്രത്യയമായ 'പ്പ്' ചേർക്കുന്നതാണ് യുക്തിസഹം.

*നാരായണപിള്ള, കെ.എസ്., ആധുനികമലയാളവ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം; 2003 പുറം – 137*

# യു. എൻ. ചാർട്ടർ @ 75




പ്രഫ. റോണി കെ. ബേബി

**ലോ**കമെങ്ങും ശാന്തിയും സമാധാനവും നിലനിറുത്തുകയെന്ന വലിയ സ്വപ്നത്തിൽ നിന്നാണ് ഐക്യരാഷ്ട്രസഭയുടെ പിറവി. രണ്ടാം ലോകമഹായുദ്ധത്തിന്റെ ദുരിതാനുഭവങ്ങളിൽ നിന്നുണ്ടായ സമാധാനവികാരമാണ് ഐക്യരാഷ്ട്രസംഘടയുടെ തുടക്കത്തിനു കാരണമായത്. ലോകസമാധാനം നിലനിർത്താൻ ഒരു സംഘടന രൂപവത്കരിക്കണമെന്നും ഇനിയുമൊരു ലോകമഹായുദ്ധം ഉണ്ടാകരുതെന്നുമുള്ള വലിയ വികാരത്തിൽ നിന്നാണ് 1945 ജൂൺ 24 ന് ഇന്ത്യ ഉൾപ്പടെ 51 രാജ്യങ്ങളുടെ പ്രതിനിധികൾ സാൻഫ്രാൻസിസ്കോയിൽ ഒത്തുകൂടിയത്. ഈ സമ്മേളനത്തിലാണ് ഐക്യരാഷ്ട്ര സംഘടനയ്ക്കാധാരമായ യു എൻ ചാർട്ടർ എഴുതിയുണ്ടാക്കിയത്. ഈ ചാർട്ടറിന്റെ അടിസ്ഥാനത്തിലാണ് സംഘടനയുടെ പ്രവർത്തനം. ഈ ഉടമ്പടിപത്രത്തിന് യു എന്നിന്റെ ഭരണഘടനയുടെ സ്ഥാനമാണുള്ളത്. യു എൻ ചാർട്ടർ ഔദ്യോഗികമായി നിലവിൽവന്ന 1945 ഒക്ടോബർ 24 യു എന്നിന്റെ സ്ഥാപകദിനമായി കണക്കാക്കി. തുടർന്ന് എല്ലാ വർഷവും ഈ ദിനം യു എൻ ദിനമായി ആചരിച്ചുവരുന്നു.

**യു എൻ ചാർട്ടറിന്റെ ചരിത്രം**

1941 ൽ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽറ്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ എന്നിവർ സംയുക്തമായി ഒപ്പുവച്ച അറ്റ്‌ലാന്റിക് ചാർട്ടർ യു എൻ ചാർട്ടറിന്റെ രൂപീകരണത്തിലെ അടിസ്ഥാന പ്രമാണമാണ്. ലോകസമാധാനം നിലനിർത്തുക എന്നതായിരുന്നു അറ്റ്‌ലാന്റിക് ചാർട്ടറിന്റെ ലക്ഷ്യം. 1942 ൽ ഇരുപത്തിയാറ് രാജ്യങ്ങൾ ചാർട്ടറിലെ നയങ്ങൾ അംഗീകരിച്ചുകൊണ്ട് യുണൈറ്റഡ് നേഷൻസ് ഡിക്ലറേഷനിൽ ഒപ്പുവച്ചു. ഇവിടെവച്ചാണ് റൂസ്‌വെൽറ്റ് 'യുണൈറ്റഡ് നേഷൻസ്' എന്ന പദം ആദ്യമായി പരാമർശിക്കുന്നത്. വീണ്ടും 1944 ൽ വാഷിംഗ്ടൺ ഡി സിയിലെ ഡംബാർട്ടൺ ഓക്സിൽ നടത്തിയ വിശദചർച്ചകൾക്കുശേഷം പുതിയ സംഘടനയുടെ രൂപരേഖ തയ്യാറാക്കി. സംഘടനയിലെ അംഗത്വവും വോട്ടവകാശവും സംബന്ധിച്ചുള്ള തർക്കങ്ങൾ 1945 ൽ ഉക്രൈനിലെ യാൾട്ടയിൽ നടന്ന ഉച്ചകോടിയിൽ പരിഹരിച്ചു. തുടർന്ന്, 1945 ഏപ്രിൽ 25 ന് സാൻഫ്രാൻസിസ്കോയിൽ 50 രാജ്യങ്ങൾ പങ്കെടുത്ത യു എൻ കോൺഫെറൻസ് നടന്നു. 1945 ജൂൺ 26 ന് ഈ അമ്പതുരാജ്യങ്ങളും യു എൻ ചാർട്ടറിൽ ഒപ്പുവച്ചു. കോൺഫെറൻസിൽ പങ്കെടുക്കാതിരുന്ന പോളണ്ട് പിന്നീട് യഥാർഥ അംഗമായിത്തന്നെ ഒപ്പുവച്ചു. അങ്ങനെ നാലു മാസങ്ങൾക്കുശേഷം ഒക്ടോബർ 24 ന് യു എൻ ചാർട്ടർ നിലവിൽവന്നു. ഈ ദിനത്തിന്റെ വാർഷികം 1948 മുതൽ ഐക്യരാഷ്ട്രസഭാദിനമായി ആചരിക്കപ്പെടുന്നു.



**യു എൻ ചാർട്ടറിന്റെ പ്രസക്തി**

ഐക്യരാഷ്ട്രസംഘടനയുടെ നിയമപുസ്തകമാണ് ചാർട്ടർ എന്നറിയപ്പെടുന്നത്. യുദ്ധത്തിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കുക, സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശം ഉറപ്പുവരുത്തുക, നീതിയെയും രാജ്യാന്തരനിയമങ്ങളെയും പിന്തുണയ്ക്കുക, സാമൂഹികപുരോഗതിയും ജീവിതനിലവാരവും ഉയർത്തുന്നതിനായി നിലകൊള്ളുക എന്നിവയാണ് സംഘടനയുടെ ലക്ഷ്യങ്ങൾ. ലോകത്തെ ഭൂരിപക്ഷം രാഷ്ട്രങ്ങളും യു എന്നിൽ അംഗങ്ങളാണ്. ഈ രാജ്യങ്ങൾക്കെല്ലാംതന്നെ യു എൻ ചാർട്ടറിലെ തത്ത്വങ്ങൾ ബാധകമാണ്. അതുകൊണ്ടുതന്നെ ലോകത്ത് ഏറ്റവുമധികം സ്വാധീനമുള്ള നിയമപുസ്തകമെന്ന് യു എൻ ചാർട്ടറിനെ വിശേഷിപ്പിച്ചാലും അതിൽ അതിശയോക്തിയില്ല. മനുഷ്യരാശിയുടെ പൊതുവായ ക്ഷേമമാണ് യു എൻ ചാർട്ടറിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന ഐക്യരാഷ്ട്രസംഘടനയുടെ പ്രധാനലക്ഷ്യം. രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള പൊതുവേദികൂടിയാണ് ഐക്യരാഷ്ട്ര സംഘടന. ഏതു സ്വതന്ത്രരാഷ്ട്രത്തിനും യു എന്നിൽ അംഗമാകാം. വലിപ്പച്ചെറുപ്പമോ ദാരിദ്ര്യമോ സമ്പത്തോ ഒന്നും പരിഗണിക്കാതെ യു എൻ പൊതുസഭയിൽ എല്ലാ അംഗരാഷ്ട്രങ്ങൾക്കും തുല്യസ്ഥാനമുണ്ട്. യു എന്നിന്റെ പ്രധാന ഘടകങ്ങളായ ജനറൽ അസംബ്ലി, സെക്യൂരിറ്റി കൗൺസിൽ, സെക്രട്ടറിയേറ്റ്, ഇക്കണോമിക് ആൻഡ് സോഷ്യൽ കൗൺസിൽ, ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റീസ്, ട്രസ്റ്റിഷിപ്പ് കൗൺസിൽ എന്നിവ കൂടാതെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നിരവധി ഏജൻസികളും പിന്തുടരുന്നത് യു എൻ ചാർട്ടറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. കൂടാതെ, യു എന്നുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന പതിനെട്ടോളം സ്പെഷ്യൽ ഏജൻസികളുടെയും ഇരുപതിൽപ്പരം കമ്മിറ്റികളുടെയും പ്രചോദനം ചാർട്ടറിലെ തത്ത്വങ്ങളാണ്. 1948 ഡിസംബർ പത്തിലെ ആഗോളമനുഷ്യാവകാശ പ്രഖ്യാപനം ഉൾപ്പടെ നിരവധി അന്തർദേശീയ പ്രഖ്യാപനങ്ങളുടെയും പ്രചോദനം ചാർട്ടർ തന്നെയാണ്. കൂടാതെ, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോളനിഭരണത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യം നേടിയ അസംഖ്യം രാജ്യങ്ങളുടെ ഭരണഘടനാനിർമ്മാണത്തിലും യു എൻ ചാർട്ടർ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലോകസമാധാനത്തിന്റെ പ്രതീകമായ യു എൻ ചാർട്ടർ 75 വർഷങ്ങൾ പിന്നിടുന്ന വേളയിൽ ഇനിയും നൂറ്റാണ്ടുകളോളം പ്രതീക്ഷകൾ നൽകിക്കൊണ്ട് നിലനിൽക്കട്ടെ എന്നു പ്രതീക്ഷിക്കാം.

# ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കരുത്

## ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ

**വി**വിധ ഉത്തരവുകളിലൂടെ ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളുടെ പ്രവേശനത്തിനും അധ്യാപകനിയമനത്തിനും ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ പിൻവലിച്ച് ഭരണഘടന അനുവദിച്ചുതന്നിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ വിദ്യാഭ്യാസ കമ്മീഷൻ സർക്കാരിനോടാവശ്യപ്പെട്ടു.




*ന്യൂനപക്ഷവിദ്യാഭ്യാസാവകാശങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെസിബിസി വിദ്യാഭ്യാസകമ്മീഷന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് നടയിൽ ഒക്ടോബർ 20 ന് സംഘടിപ്പിച്ച ഉപവാസസമരത്തിന് ആർച്ചുബിഷപ് ഡോ. സൂസപാക്യം, ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർ തോമസ് തറയിൽ, ബിഷപ് ഡോ. പോൾ മുല്ലശേരി എന്നിവർ നേതൃത്വം നല്കുന്നു.*

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റത്തിനു ഗുണമേന്മയുള്ളതും മൂല്യാധിഷ്ഠിതപ്രവർത്തനങ്ങളിലൂടെ നിർണായകമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നതുമായ സഭാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും നിലനില്പിനെയുമാണ് സർക്കാരിന്റെ ഈ നടപടികൾ അപകടത്തിലാക്കിയിരിക്കുന്നത്. 2016-17 വർഷംമുതൽ നടത്തിയിട്ടുള്ള ആയിരക്കണക്കിന് അധ്യാപക നിയമനങ്ങൾ ഇതുവരെയും അംഗീകരിക്കപ്പെട്ടിട്ടില്ല. 2013-14 വർഷം കോളജുകളിൽ അനുവദിച്ച വിവിധ കോഴ്സുകളിൽ അധ്യാപകനിയമനത്തിന് ഉത്തരവുകൾ നൽകിയിട്ടില്ല. 2014-15 വർഷം അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലും പുതിയ ബാച്ചുകളിലും അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഏകജാലകസംവിധാനത്തിന്റെ അശാസ്ത്രീയമായ നടപടിക്രമങ്ങൾമൂലം ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഇനിയും സ്വകാര്യ സ്കൂളുകളോട് അനുഭാവപൂർവമായ നിലപാടുകൾ സ്വീകരിക്കുന്നില്ല. സ്വകാര്യ ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളോടു കാണിക്കുന്ന നിഷേധാത്മകവും വിവേചനപരവുമായ നടപടികൾ പിൻവലിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന ഈ പ്രതിസന്ധികൾ പരിഹരിക്കുവാൻ സർക്കാർ തയ്യാറാകണമെന്നു യോഗം ആവശ്യപ്പെട്ടു. ഈ വിഷയവുമായി ബന്ധപ്പെട്ട് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന് കമ്മീഷൻ പൂർണപിന്തുണയും സഹകരണവും വാഗ്ദാനം ചെയ്തു.

കമ്മീഷൻ സംഘടിപ്പിച്ച വെബിനാർ ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായിരുന്നു. വിവിധ സഭാധ്യക്ഷന്മാരായ കുര്യാക്കോസ് മാർ തെയോഫിലോസ് (യാക്കോബൈറ്റ് സിറിയൻ ക്രിസ്ത്യൻ), മലങ്കര മാർത്തോമാ സിറിയൻ സഭാ ബിഷപ് ഗീവർഗീസ് മാർ തെയോഡോഷ്യസ്, അസ്സീറിയൻ ചർച്ച് ഓഫ് ഈസ്റ്റ് സഭാധ്യക്ഷൻ ഔഗൻ മാർ കുര്യാക്കോസ്, കെസിബിസി വിദ്യാഭ്യാസകമ്മിഷൻ ചെയർമാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഫാ. ജോൺസൺ പാലിൽ (മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്), സി.എസ്.ഐ. സഭാ പ്രതിനിധി ടി.ജെ. മാത്യു ഐ.എ.എസ്, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ഇന്റർ ചർച്ച് വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലിയോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ബാലകഥ

# കണ്ടതും കേട്ടതും

ഡോ. തോമസ് മൂലയിൽ

മുട്ടിലിഴഞ്ഞു മോണകാട്ടി ചിരിച്ച് അടുത്തുവന്ന പൊന്നിമോളെ മുത്തശ്ശി വാരിപ്പുണർന്നെടുത്തു മുത്തം കൊടുത്തു മടിയിലിരുത്തി. ഇതു കണ്ട്, ഓടിയടുത്തു വന്നു മടിയിലേക്കു കയറാൻ തുടങ്ങിയ ലുലുമോനെ മുത്തശ്ശി വകഞ്ഞുമാറ്റി അടുത്തു ചേർത്തിരുത്തി. മുത്തശ്ശിയുടെ പൊന്നിമോൾ മമ്മിക്കു പൊന്നിയും പപ്പയ്ക്ക് പൊന്നുമാണ്. ലുലുമോൻ മമ്മിക്കു ലുലുവും പപ്പയ്ക്കു ലുലപ്പിയും.

മമ്മി എൽ.പി. സ്കൂൾ അദ്ധ്യാപിക, പപ്പ ഹൈസ്കൂൾ അദ്ധ്യാപകൻ. മമ്മിയുടെ സ്കൂളിലേക്ക് വീട്ടിൽനിന്ന് ഏഴു കിലോമീറ്റർ അകലം. പപ്പയ്ക്ക് അവിടെനിന്ന് അഞ്ചുകിലോമീറ്റർ കൂടി പോകണം. ഇരുവരും ഒരുമിച്ചു ബൈക്കിലാണു സ്കൂളിൽ പോകുന്നത്. മമ്മിയെ 'ഡ്രോപ്പു' ചെയ്തിട്ടു പപ്പ പോകും. തിരികെ വരുമ്പോൾ 'പിക്കപ്പ്' ചെയ്യും. ഉച്ചഭക്ഷണം പൊതികെട്ടിക്കൊണ്ടുപോകുന്നതിനാൽ, രാവിലെ പോയാൽ വൈകുന്നേരമേ തിരിച്ചെത്തുകയുള്ളൂ. തൊട്ടടുത്തുള്ള ലക്ഷ്മി അതിരാവിലെ വന്നു മുറ്റമടിച്ചുവെടിപ്പാക്കും. ഭക്ഷണം പാകം ചെയ്യാനും സഹായിക്കും. അതുകഴിഞ്ഞ്, അവർ മടങ്ങിപ്പോകും. അപ്പോൾപ്പിന്നെ, മുത്തശ്ശിയും പൊന്നിയും ലുലുവും മാത്രമാണു വീട്ടിലുള്ളത്. മുത്തശ്ശിക്കു പേരക്കുട്ടികൾ ജീവനാണ്; അവർക്കു മുത്തശ്ശിയും.

ഇതിനിടെ, മടിയിലിരിക്കുന്ന പൊന്നിയെ താഴെയിറക്കി അവിടെ കയറിപ്പറ്റാനുള്ള ഒരു വിഫലശ്രമം ലുലു നടത്തി. മുത്തശ്ശി അവനെ പിടിച്ചരുകിൽത്തന്നെ ഇരുത്തി. ഇടംകൈവലയത്തിൽ പൊന്നിയും വലംകൈവലയത്തിൽ ലുലുവും! അങ്ങനെ ആ ത്രിമൂർത്തികൾ ഒന്നായി. ആ ഇരുപ്പിൽ മൂവർക്കും ഒരു സുഖം. ഇരുവരെയും ചേർത്തുപിടിച്ചുകൊണ്ടു മുത്തശ്ശി

അക്കിലി, ഇക്കലി, ചുണ്ടെലി,
വെട്ടി, പഴുപ്പിക്കാൻ,
എന്തെല്ലാം വേണം.
തേന്, പാല്, പഴം!

നല്ല ശേലുള്ള ചൊല്ല്. ചൊല്ലിനൊപ്പിച്ചുള്ള മുത്തശ്ശിയുടെ ചടുലമായ ചലനം, ചലനത്തിനൊപ്പിച്ചുള്ള തലയുടെ കുലുക്കം, കുലുക്കത്തിനൊപ്പിച്ചുള്ള കുണുക്കിന്റെ കുണുക്കം എല്ലാം കൂടിയായപ്പോൾ കുഞ്ഞുങ്ങൾക്കാകെ ഹരമായി. മുത്തശ്ശി, അറിയാതെ തന്റെ കുഞ്ഞുന്നാളിലെ ഓർമ്മയിലേക്കു പോയി. ഏഴു പതിറ്റാണ്ടുമുമ്പ് അവർ തന്റെ അമ്മയുടെ മടിയിലിരിക്കുന്നതും അമ്മ ഈ ചൊല്ല് ചൊല്ലിക്കേൾപ്പിക്കുന്നതും, ചൊല്ലി പഠിപ്പിക്കുന്നതുമെല്ലാം ചികഞ്ഞെടുത്തു. അതോടെ, മുത്തശ്ശി ഫോമിലായി. ഈ ചൊല്ല് തന്റെ പേരക്കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി. 'അക്കിലി, ഇക്കിലി' എന്നു ചൊല്ലിയിട്ട് ഏറ്റുചൊല്ലാൻ പറഞ്ഞു. "അച്ചിലി, ഇച്ചിലി" ലുലു ചൊല്ലിയപ്പോൾ അങ്ങനെയാണു വന്നത്. അങ്ങനെയല്ല, "അക്കിലി, ഇക്കിലി"... അവർ ആവർത്തിച്ചു. പക്ഷേ, ലുലുവിനു പിന്നെയും 'അച്ചിലി' തന്നെ... പൊന്നിക്കു മോണ കാട്ടിയുള്ള ചിരി മാത്രം. പലതവണ ആവർത്തിച്ചിട്ടും ലുലുവിനത് 'അച്ചിലി' തന്നെ.

മുത്തശ്ശിക്ക് ഉച്ചാരണത്തിന്റെ സ്വരസ്ഥാനത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ ജ്ഞാനമൊന്നുമില്ലെങ്കിലും 'ക്ക' പറയുമ്പോൾ നാവിൻതുമ്പ് തൊണ്ടയിൽ മുട്ടുന്നുണ്ടെന്നറിയം. അവർ സാവകാശം ലുലുവിന്റെ വായ് പൊളിച്ചു വിരലുകൊണ്ട് അവന്റെ നാവ് വളച്ചു തൊണ്ടയിൽ മുട്ടിച്ചിട്ട് 'അക്കിലി' എന്നു ചൊല്ലിച്ചു. അപ്പോൾ ലുലുവിന്റെ വായിൽനിന്ന് 'ക്ക' പുറത്തുവന്നു! അക്കിലി ഇക്കിലി, ചുണ്ടെലി, വെട്ടി, പഴുപ്പിക്കാൻ.... അവിടംവരെ ലുലു എത്തി. പക്ഷേ, 'പഴുപ്പിക്കാൻ' വഴങ്ങുന്നില്ല. 'പയിപ്പിക്കാൻ' അല്ലെങ്കിൽ 'പരിപ്പിക്കാൻ' എന്നാണു വരുന്നത്. മുത്തശ്ശി പഴയപടി അവന്റെ നാവ് മേലണ്ണാക്കിൽ മുട്ടിച്ചപ്പോൾ 'യ' ഉം 'ര' ഉം മാറി 'ഴ' തെളിഞ്ഞു.

മുത്തശ്ശിക്കു പെട്ടെന്നൊരു അരുതായ്ക...! നാവു കുഴയുന്നു...! ചുണ്ടു വരളുന്നു...! ആകെ ഒരു തളർച്ച...! വല്ലാതെ വിയർക്കുന്നു...! ബിപിയും ഷുഗറും സന്തതസഹചാരികളായിട്ടു വർഷങ്ങളായി. ഹാർട്ട് പണ്ടേ വീക്കാണ്. മൂന്നു നാരകീയശക്തികൾ ഒരുമിച്ചു തലപൊക്കി! "പപ്പയെ വിളി മോനേ..." അത്രയും പറഞ്ഞൊപ്പിച്ചു. അവൻ പപ്പയെ വിളിക്കുന്നതിനു പകരം ഉച്ചത്തിലൊരു നിലവിളി! പൊന്നിയും ചേർന്നു കൂട്ട നിലവിളി...! മുത്തശ്ശി വളരെ പണിപ്പെട്ട് മൊബൈൽ കൈയിലെടുത്ത് ഒരു വിധത്തിൽ നമ്പർ ഞെക്കി...!



പതിവിൻപടിയുള്ള മൂന്നു ചുമ ആദ്യം! പിന്നെ, ആ പെണ്ണുമ്പിള്ള 'കലപിലാന്നു' ഹിന്ദിയിൽ 'നാക്കും മൂക്കും എല്ലാം ചേർത്തുള്ള പുലമ്പൽ...! പിന്നെ ഇംഗ്ലീഷ്... അവസാനം മലയാളം. "അത്യാവശ്യമെങ്കിൽ അടുത്തുള്ള ആരോഗ്യ കേന്ദ്രം സന്ദർശിക്കുക.." എന്നുവരെ മുത്തശ്ശി കേട്ടു. പിന്നെ ബോധം മറഞ്ഞു.

കുഞ്ഞുങ്ങളുടെ കൂട്ടനിലവിളി ഉച്ചസ്ഥായിയിലായി. നിലയ്ക്കാതെയുള്ള നിലവിളികേട്ട് ലക്ഷ്മി ഓടിയെത്തി... മുത്തശ്ശി തളർന്നു തറയിൽ കിടക്കുന്നതു കണ്ട് അവരും അറിയാതെ നിലവിളിച്ചു പോയി...! സമനില വീണ്ടെടുത്ത്, അവർ തന്റെ ഭർത്താവിന്റെ നമ്പർ ഞെക്കി. മറുപടി ആ പെണ്ണുമ്പിള്ളയുടെ 'കലപില' മാത്രം! അവസാനം "കോൾ സ്വീകരിക്കുന്നില്ല..."!

അവർ രണ്ടും കല്പിച്ച് വഴിയിലേക്കിറങ്ങി ഓടി... അപ്പോൾ, അതാ ഒരു കാറ് നേരേ വരുന്നു. അവർ കൈ കാണിച്ചു. പക്ഷേ, ഡ്രൈവർ എന്തോ ആംഗ്യം കാണിച്ചിട്ടു വിട്ടുപോയി. അവർ വീണ്ടും മുമ്പോട്ട് ഓടി... അപ്പോൾ പിറകിൽനിന്ന് ഒരു ഓട്ടോ വരുന്നു. അവർ കൈകാണിച്ചു; ഓട്ടോ തിരിച്ചുവിടാൻ ഡ്രൈവർ സന്മനസ്സു കാണിച്ചു. അയാൾ വിട്ടടിച്ചു വീട്ടിലെത്തി. അയാളുംകൂടി സഹായിച്ച്, മുത്തശ്ശിയെ ഓട്ടോയിൽ കയറ്റി അടുത്തുള്ള ആശുപത്രിയിലെത്തിച്ചു.

കാഷ്വാലിറ്റിയിൽ കയറ്റി... ഡോക്ടർ പരിശോധിച്ചു... "അപകടനിലയിലാണല്ലോ"! ഡോക്ടറുടെ പ്രതികരണം! ഐസിയുവിലേക്കു കയറ്റാൻ അദ്ദേഹം നിർദ്ദേശം നല്കി.

അപ്പോഴേക്കും മുത്തശ്ശിയുടെ മോൻ കേട്ടറിഞ്ഞ്, ഓടിക്കിതച്ചു തറയിലെത്തി... അനുവാദം വാങ്ങി അയാൾ 'ഐസിയുവിൽ കയറി... ഡോക്ടർ പരിശോധന തുടരുന്നു... നേഴ്സുമാർ ചുറ്റിലുമുണ്ട്... അവർ 'ട്രിപ്പ്' ഇട്ടു... അല്പം നേരത്തെ ആലോചനയ്ക്കുശേഷം, ഡോക്ടർതന്നെ ഒരു ഇൻജക്ഷൻ കൊടുത്തു. അദ്ദേഹം അവിടെനിന്നു മാറാതെ നിരീക്ഷിച്ചുകൊണ്ടിരുന്നു...

അപ്പോഴേക്കും മമ്മി പൊന്നിയെയും ലുലുവിനെയുംകൊണ്ട് ആശുപത്രിയിലെത്തിയിരുന്നു. കുഞ്ഞുങ്ങളെയുംകൊണ്ട് ഐസിയൂവിലേക്കു കടത്തിവിടാൻ സെക്യൂരിറ്റി മടിച്ചെങ്കിലും അവസാനം അനുവാദം കൊടുത്തു. അവർ കുഞ്ഞുങ്ങളെയും കൊണ്ടകത്തു കടന്നു... ഡോക്ടർ മാറാതെ രോഗിയുടെ അടുത്തുതന്നെയുണ്ട്. ഇൻജക്ഷനോടുള്ള രോഗിയുടെ പ്രതികരണം നിരീക്ഷിച്ചുകൊണ്ടാണദ്ദേഹം നില്ക്കുന്നത്. ഇടയ്ക്കിടെ അദ്ദേഹം വാച്ചിൽ നോക്കുന്നുമുണ്ട്... അകത്തുകയറിയ ലുലു നേരേ മുത്തശ്ശിയുടെ അടുത്തേക്കോടി... "മുത്തശ്ശീ" അവൻ ഉറക്കെ വിളിച്ചു... മുത്തശ്ശി കണ്ണു തുറന്നു! ഡോക്ടറുടെ മുഖം തെളിഞ്ഞു. അദ്ദേഹം ബി.പി നോക്കി... "പേടിക്കണ്ട", അദ്ദേഹം പറഞ്ഞു. കറുത്തിരുണ്ട മഴക്കാറു നീങ്ങി, നിലാവ് പടർന്ന പ്രതീതി...!

■

പ്രണയപാഠാവലി

59



ഡോ. ആന്റണി ജോസ്

# പിന്നിലേക്കു യാത്ര ചെയ്യുന്നവർ



വീട്ടുകാരൻ വൈകുന്നേരമാകയാൽ തിരക്കിട്ടു പോക്കാണ്. ഗ്രൗണ്ടിൽ കൊച്ചുകുട്ടികൾ ക്രിക്കറ്റ് കളിക്കുന്നുണ്ട്. അവരോടൊപ്പം കളിക്കാനാണ് ഈ യാത്ര. അങ്കിളിനൊപ്പം കളിക്കുന്നത് അവർക്കും ത്രില്ലാണ്. കളി തുടങ്ങിയാൽ ആർപ്പും ഘോഷവുമൊക്കെയായി. കുട്ടികളുടെ നിലവാരത്തിലേക്കു താഴാൻ അങ്ങേർക്ക് നിമിഷങ്ങൾ മതി.

ഈ വിവരണത്തിൽ 'മാച്ച്' ആകാത്ത എന്തോ ഉണ്ട് അല്ലേ?

ഒന്നോ രണ്ടോ തവണത്തേക്കല്ല. സ്ഥിരം കളിക്കാരനാണ് അങ്കിൾ.

അങ്ങേർക്ക് തരപ്പടിക്കാർക്കൊപ്പം എന്തെങ്കിലും വിനോദത്തിലേർപ്പെട്ടുകൂടേ? സാധിക്കുന്നില്ല എന്നതാണ് പ്രശ്നം. ഇതാണ് 'പിൻയാത്ര' എന്ന പ്രതിരോധതന്ത്രം. ഉൽക്കണ്ഠയും മാനസികസംഘർഷവും ഒഴിവാക്കാൻ ചിലർ കണ്ടെത്തുന്ന മാർഗ്ഗം. വളർച്ചയുടെ ആദ്യഘട്ടങ്ങളിലേക്കുള്ള ഒരു വ്യക്തിയുടെ മടങ്ങിപ്പോക്കായി ഇത് നിർവചിക്കപ്പെട്ടിരിക്കുന്നു.

ശൈശവത്തിലും ബാല്യത്തിലും കൗമാരത്തിലും ഒക്കെ സന്തോഷവും സുരക്ഷിതത്വവും നൽകിയിരുന്ന കാര്യങ്ങളാണ് അവർക്കിഷ്ടം.

ഒരു കുടുംബനാഥൻ എന്ന നിലയിൽ ആ വ്യക്തി നിറവേറ്റേണ്ട പല ഉത്തരവാദിത്വങ്ങളും ബാക്കിയാണ്. അതിനുള്ള പ്രാപ്തിയോ ആത്മവിശ്വാസമോ തനിക്കില്ലെന്നുള്ള തോന്നലായിരിക്കും, അവരെ പിന്നോട്ടടിക്കുക.

പങ്കാളിയുടെ ആവർത്തിച്ചുള്ള പരാജയങ്ങൾ ഇണയ്ക്കു മനസ്സിലാക്കാനാവും. അവിടെ സഹാനുഭൂതി നഷ്ടപ്പെടുന്നില്ല. എന്നാൽ, പങ്കാളിയുടെ നിരുത്തരവാദിത്വപരമായ, സ്വാർത്ഥപരമായ ജീവിതരീതികൾ ഇണയ്ക്കു താങ്ങാനാവുന്നതിനുമപ്പുറമാണ്.

ചിലയാൾക്കാരെ 'നൊസ്റ്റാൾജിയ' ഗ്രസിക്കുന്നു. ഇന്നിന്റെ പ്രശ്നങ്ങൾ - മക്കളുടെ വിദ്യാഭ്യാസം, വിവാഹം, ലോൺ തിരിച്ചടയ്ക്കൽ - തുടങ്ങിയവ ഇവർക്കന്യമാണ്. സ്ഥിരമായി പഴയ ഗാനങ്ങൾ കേൾക്കുക, സിനിമ കാണുക ഇതൊക്കെ അവർ ചെയ്തെന്നും വരും. കാർട്ടൂണുകൾ കണ്ട് സമയംപോക്കുന്നവരും വിരളമല്ല.

ചിലർ അലുമ്നി മീറ്റുകൾക്കായി ഓടിനടക്കും. ഭൂതകാലത്തിലെ സംഘർഷരഹിതമായ, ആനന്ദകരമായ, വിലക്കുകളില്ലാത്ത ജീവിതസാഹചര്യങ്ങളുടെ പുനരാഖ്യാനമാണ് ഇവിടെ സംഭവിക്കുക. അതെല്ലാം ജീവിതത്തിന്റെ മനോഹരമായ പരിച്ഛേദങ്ങളാണ്. പക്ഷേ, അതു മാത്രമാകുകയും ജീവിതപങ്കാളിയുടെയും മക്കളുടെയും സ്വപ്നങ്ങളുടെ നിറംകെടുത്തുകയും ചെയ്താലോ? അവിടെ പ്രശ്നങ്ങൾ തുടങ്ങുന്നു. തന്നെക്കാളും പ്രസക്തി, താനില്ലാതിരുന്ന ഭൂതകാലത്തിനാണോ എന്ന ചോദ്യത്തിനുത്തരമില്ലാതെ വരും.

ദമ്പതിമാർ പരസ്പരം, അവരുടെ ഹൃദയങ്ങളുടെ കാവൽക്കാരാകാൻ പഠിക്കണം, പരിശീലിക്കണം. പിൻയാത്രയുടെ ബ്ലാക്ക് ആന്റ് വൈറ്റ് ലോകത്തുനിന്നു വർത്തമാനത്തിന്റെ വർണ്ണപ്പകിട്ടിലേക്കു കടന്നുവരാൻ പിന്നെയധികം സമയം വേണ്ടിവരില്ല.

നുറുങ്ങുചിന്ത

ഉണ്ണി വാരിയത്ത്

## ദ്രോഹികൾ

ഓർമ്മകൾ പൂച്ചകളെപ്പോലെയാണെന്ന് അവനു തോന്നി. വല്ലാതെ ശല്യം ചെയ്യുന്നു. വളർത്തുന്നതല്ല. വന്നുകയറുന്നതാണ്. ഒഴിച്ചുവിടാൻ ശ്രമിച്ചാലും ഒഴിഞ്ഞുപോകുന്നില്ല.

എലികളെ പേടിച്ച് ആരെങ്കിലും ഇല്ലം ചുടുമോ എന്നു ചോദിച്ചതുപോലെ ഓർമ്മകളെ പേടിച്ച് അവൻ എവിടെ ഓടിയൊളിക്കാനാണ്! എവിടെപ്പോയാലും അവ പിന്തുടരാതിരിക്കില്ല. എന്നുവെച്ച് അവന് സ്നേഹിക്കാനാവുമോ ദ്രോഹികളെ?

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കർത്താവിന്റെ ദാനങ്ങൾ ദൈവഭക്തനിൽനിന്ന് ഒഴിയുന്നില്ല; ദൈവകൃപ ശാശ്വതമായ ഐശ്വര്യം പ്രദാനം ചെയ്യും.**

പ്രഭാഷകൻ 11 : 17

**എഡിറ്റോറിയൽ**

# അവയവക്കച്ചവടത്തിന് അറുതിയുണ്ടാവണം

മഹത്തായ ഒരു ജീവകാരുണ്യപ്രവൃത്തി എന്ന നിലയിൽ അവയവദാനത്തിന് ഏറെ കീർത്തികേട്ട നാടാണ് കേരളം. വൃക്കയും ഹൃദയവും കരളും കണ്ണുമൊക്കെ ദാനം ചെയ്യുന്ന ധാരാളം മനുഷ്യസ്നേഹികൾ നമ്മുടെ ചുറ്റുവട്ടത്തുണ്ടുതാനും. മാനവികതയുടെയും സാഹോദര്യത്തിന്റെയും മഹത്തായ ജീവിതസാക്ഷ്യങ്ങൾ നമ്മുടെ നേരറിവിലുള്ളപ്പോഴും, സംസ്ഥാനത്ത് അവയവക്കച്ചവടമാഫിയ തഴച്ചുവളരുന്നുവെന്ന സമീപകാലറിപ്പോർട്ടുകൾ നമ്മെ ഞെട്ടിപ്പിക്കുന്നതും ലജ്ജിപ്പിക്കുന്നതുമാണ്.

കേരളത്തിൽ അവയവക്കച്ചവടം ദിനംപ്രതി പെരുകുന്നുവെന്ന റിപ്പോർട്ടിനെത്തുടർന്ന്, ക്രൈംബ്രാഞ്ച് ഐ.ജി. എസ്. ശ്രീജിത്ത് നടത്തിയ അന്വേഷണത്തിലാണ് അവയവദാനത്തിന്റെ മറവിൽ ലക്ഷങ്ങളുടെ ഇടപാടു നടത്തുന്ന വൻമാഫിയ ശക്തമാണെന്നറിയുന്നത്. രണ്ടു ലക്ഷം മുതൽ ഇരുപതുലക്ഷം വരെ രൂപ രോഗികളുടെ ബന്ധുക്കളിൽനിന്ന് ഇക്കൂട്ടർ തട്ടിയെടുക്കുന്നുണ്ടെന്നാണു വിവരം. രണ്ടു വർഷത്തിനിടെ നിയമവിരുദ്ധമായി നിരവധി അവയവക്കച്ചവടങ്ങൾ നടന്നതായാണ് ക്രൈംബ്രാഞ്ച് ഐജി സംസ്ഥാനപോലീസ് മേധാവിക്കു നല്കിയ റിപ്പോർട്ടിൽ പറയുന്നത്. കൊവിഡ് പ്രതിസന്ധികൾക്കിടയിൽ വീർപ്പുമുട്ടുന്ന കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന മറ്റൊരു സാമൂഹികദുരന്തമായിത്തന്നെയാണ് തഴച്ചുവളരുന്ന അവയവവ്യവസായത്തെ വിലയിരുത്തേണ്ടത്.

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഭീമമായ തുക വേണ്ടിവരുന്നതിനാൽ മതസംഘടനകളും ജീവകാരുണ്യപ്രസ്ഥാനങ്ങളും മറ്റും നേതൃത്വം ഏറ്റെടുത്ത് ഇതു സൗജന്യമായി ചെയ്തുകൊടുക്കുന്ന സുതാര്യമായ സംവിധാനങ്ങൾ നിലവിലുണ്ട്. ധാരാളം മനുഷ്യസ്നേഹികൾ ജാതിമതഭേദമെന്യേ സ്വയം സന്നദ്ധരായി അവയവദാനത്തിനു സമ്മതമറിയിക്കുകയും അതു മറ്റനേകർക്കു പ്രചോദനമാകുകയും ചെയ്തിട്ടുണ്ട്.

അവയവങ്ങൾ അടിയന്തര സന്ദർഭങ്ങളിൽപ്പോലും ലഭ്യമല്ലാത്ത നിലവിലുള്ള സാഹചര്യത്തിലാണ് ഇടനിലക്കാർ കച്ചവടക്കണ്ണോടെ ഈ രംഗം കൈയടക്കാൻ ശ്രമിക്കുന്നത്. കോടികൾ മറിയുന്ന ബിസിനസായതുകൊണ്ട് ധാർമ്മികതയുടെ മാനദണ്ഡങ്ങൾ അട്ടിമറിച്ചുകൊണ്ട് ചില സ്വകാര്യാശുപത്രികളും ഡോക്ടർമാരും ഈ മേഖലയിൽ തഴച്ചുവളരുന്നുണ്ടെന്നാണ് പൊതുവെയുള്ള ആക്ഷേപം.

കേരളത്തിൽ മൃതസഞ്ജീവനി എന്ന സർക്കാർ സംവിധാനമാണ് അവയവക്കൈമാറ്റം നിയന്ത്രിക്കുന്നത്. മൃതസഞ്ജീവനി പദ്ധതിയിൽ രോഗികളുടെ പേരു രജിസ്റ്റർ ചെയ്യുന്നത് ആശുപത്രികളാണ്. ദാതാവിന്റെ മസ്തിഷ്കമരണം സ്ഥിരീകരിച്ചാൽ അവയവം നല്കേണ്ടതാർക്കെന്നു തീരുമാനിക്കുന്നത് മൃതസഞ്ജീവനി സംസ്ഥാന സമിതിയാണ്. രജിസ്റ്റർ ചെയ്ത രോഗിയുടെ അവസ്ഥയും മുൻഗണനയും നിശ്ചയിക്കുന്നതും ഈ സമിതിതന്നെയാണ്. ഇത്രയും സുതാര്യവും സുസജ്ജവുമെന്നു കരുതിയിരുന്ന മൃതസഞ്ജീവനിയെത്തന്നെ അട്ടിമറിച്ചാണ് ഇപ്പോൾ അവയവക്കച്ചവടം പൊടിപൊടിക്കുന്നത്. സർക്കാർതലത്തിൽ അവയവദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം നേരിട്ടു പരിശോധിച്ചുറപ്പു വരുത്താനുള്ള സംവിധാനമൊന്നും നിലവിലില്ലാത്തത് അവയവക്കച്ചവടക്കാർക്ക് യഥേഷ്ടം വളരാനിടം നല്കിയെന്നു വേണം കരുതാൻ.

ഇന്ത്യയിൽ അവയവദാന നിയമം നിലവിൽ വന്നത് 1994 ലാണ്. കാൽനൂറ്റാണ്ടിനു ശേഷം ഈയിടെ കേരളത്തിലാണ് മസ്തിഷ്കമരണം നിശ്ചയിക്കാനുള്ള നടപടിക്രമങ്ങൾക്കു വ്യക്തമായ ഒരു രൂപരേഖയുണ്ടാകുന്നത്. നടപടിക്രമങ്ങളിലെ ഈ സുതാര്യത 'മൃതസഞ്ജീവനി'യുടെ പുനരുജ്ജീവനത്തിനു കാരണമാകുമെന്നു കരുതാം. കൊവിഡ്വ്യാപനംമൂലം പ്രതിസന്ധിയിലായ സർക്കാർമേഖലയിലെ അവയവശസ്ത്രക്രിയയ്ക്കു മതിയായ നിയമസുരക്ഷയും നീതിപാലനവും കൊടുക്കുന്നതിൽ ബന്ധപ്പെട്ടവർ ജാഗ്രത പാലിക്കണം. മരണാനന്തര അവയവദാനത്തിലെ നടപടിക്രമങ്ങളുടെ ബാഹുല്യം നിമിത്തമുള്ള സങ്കീർണതകൾ പരിഹരിക്കാൻ സർക്കാർസംവിധാനങ്ങൾ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. അവയവദാനത്തിന്റെ മഹത്ത്വം വിളിച്ചോതുന്ന ബോധവത്കരണയജ്ഞങ്ങൾക്ക് മതപ്രസ്ഥാനങ്ങളും ജീവകാരുണ്യപ്രവർത്തകരും തുടർന്നും ശക്തമായ നേതൃത്വം നൽകേണ്ടതുണ്ട്. അവയവക്കച്ചവടമാഫിയകളെ ഈ നാട്ടിൽനിന്നു തുരത്തിയോടിക്കാനുള്ള ആർജ്ജവവും പ്രതിബദ്ധതയും സർക്കാരിനു മാത്രമല്ല, പൊതുസമൂഹത്തിനുമുണ്ടാകണം.

# മരണത്തിനു കീഴടങ്ങി ലീ കൻ ഹീ

സാംസങ് ഗ്രൂപ്പിനെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലം നയിച്ച് ലോകോത്തര കമ്പനിയായി ഉയർത്തിയ ചെയർമാൻ ലീ കൻ ഹീ (78) വിടവാങ്ങി. 1990 കളുടെ അവസാനകാലത്ത് ശ്വാസകോശ ക്യാൻസറിനെ അതിജീവിച്ച ലീ കൻ ഹീ ഹൃദയാഘാതത്തെത്തുടർന്ന് 2014 മേയ് മുതൽ മരണംവരെ പുറംലോകം കാണാതെ തന്റെ തന്നെ കമ്പനി ആശുപത്രിയിലായിരുന്നു ജീവിതം.



ഉണക്കമീൻ, ന്യൂഡിൽസ് തുടങ്ങിയവയുടെ വ്യാപാരവും കയറ്റുമതിയുമായി ലീ കൻ ഹീയുടെ പിതാവ് ലീ ബ്യൂങ് ചൂൽ 1938ൽ ദക്ഷിണ കൊറിയയിലെ ദേഗു എന്ന സ്ഥലത്താണ് സാംസങ് കമ്പനി സ്ഥാപിച്ചത്. 1942 ൽ ജനിച്ച ലീ കൻ ഹീ 1987 ൽ പിതാവിന്റെ മരണശേഷം സാംസങ് കമ്പനിയുടെ ചെയർമാനായി. പിതാവിന്റെ കാലത്തുതന്നെ കമ്പനി കൺസ്ട്രക്ഷൻ, ഇലക്ട്രോണിക്സ്, ടെലികമ്മ്യൂണിക്കേഷൻ, പഞ്ചസാര, ആഡംബരഹോട്ടൽ തുടങ്ങി വിവിധ മേഖലകളിലേക്ക് ബിസിനസ് വ്യാപിപ്പിച്ചിരുന്നു. മലേഷ്യയിലെ വളരെ പ്രസിദ്ധമായ പെട്രോണാസ് ടവർ, യുഎഇയിലെ ബുർജ് ഖലീഫ ടവർ തുടങ്ങിയവയെല്ലാം സാംസങ്ങിന്റെ നിർമ്മാണ വിഭാഗം പൂർത്തിയാക്കിയവയാണ്. കപ്പൽ നിർമ്മാണം, ലൈഫ് ഇൻഷുറൻസ്, എയർ ക്രാഫ്റ്റ് എൻജിൻ നിർമ്മാണം തുടങ്ങിയ മേഖലയിലും സാംസങ്ങിന് ഇന്നു സാന്നിധ്യമുണ്ട്. ലീ കൻ ഹീ തന്റെ കാലഘട്ടത്തിൽ ഇലക്ട്രോണിക്സ് മേഖലയ്ക്കാണ് കൂടുതൽ പ്രാധാന്യം കൊടുത്തത്. 1992 ൽത്തന്നെ സാംസങ് ലോകത്തിലെ ഏറ്റവും വലിയ മെമ്മറി ചിപ്പു നിർമ്മാണക്കമ്പനി ആയി മാറിയിരുന്നു. ലോകത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ടെലിവിഷനും സ്മാർട്ട്ഫോണും നിർമ്മിക്കുന്ന കമ്പനിയായ സാംസങ് ആപ്പിളിന്റെ ഐഫോണിനുവരെ സ്ക്രീനും മൈക്രോ ചിപ്പും നിർമ്മിച്ചുനൽകുന്നു. സാംസങ്ങിന്റെ ഇന്നത്തെ വിപണി മൂല്യം ഏതാണ്ട് 300 ബില്യൻ യുഎസ് ഡോളറാണ്. അതിൽ ലീ കൻ ഹീയുടെ കൈവശമുള്ള ഓഹരിമൂല്യം ഏതാണ്ട് 20 ബില്യൻ യു.എസ്. ഡോളർ (ഒരു ലക്ഷത്തിനാല്പത്തേഴായിരം കോടി രൂപ) വരും.

ദക്ഷിണ കൊറിയൻ ജിഡിപിയുടെ ഏതാണ്ട് 20 ശതമാനവും സംഭാവന ചെയ്യുന്നത് സാംസങ് കമ്പനിയാണ്. നികുതിവെട്ടിപ്പു കേസിൽ ശിക്ഷിക്കപ്പെട്ടതിനെത്തുടർന്ന് ലി കൻ ഹീ ക്ക് 2008 ൽ കമ്പനിയുടെ ചെയർമാൻ സ്ഥാനം ഒഴിയേണ്ടിവന്നു. പിന്നീട് ദക്ഷിണകൊറിയൻ പ്രസിഡന്റ് നല്കിയ മാപ്പുവഴി ശിക്ഷയിൽ ഇളവു ലഭിക്കുകയും 2010-ൽ സ്ഥാനം വീണ്ടെടുക്കുകയുമാണുണ്ടായത്. നേട്ടങ്ങളുടെ പട്ടികയുടെ ശോഭ കെടുത്തുന്ന അഴിമതിക്കഥയുടെ കറുത്ത പൊട്ട് ഇല്ലാതിരുന്നെങ്കിൽ എന്ന ചിന്ത നമ്മിൽ ഉണർത്തി ലീ യാത്രയായി, ഫോണുകളൊന്നുമില്ലാത്ത മറ്റൊരു ലോകത്തേക്ക്.

■ **ബിനോയി കുഴിഞ്ഞാലിൽ**

# കാല്പനികസൗന്ദര്യത്തിന്റെ അമൃതവർഷം

**വയലാർ രാമവർമ്മ അന്തരിച്ചിട്ട് ഒക്ടോബർ 27 ന് 45 വർഷം പൂർത്തിയായി**

കാവ്യകല്പനയുടെ മാന്ത്രികത്തേരിലേറ്റി മലയാളികളെ ഗാനവിഹായസ്സിലൂടെ വിസ്മയക്കാഴ്ചകൾ കാണിച്ച വയലാർ രാമവർമ്മ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് ഒക്ടോബർ 27 ന് നാല്പത്തിയഞ്ചു വർഷം പൂർത്തിയായി. അനശ്വരഗാനങ്ങളിലൂടെ എന്നും മലയാളിയുടെ മനസ്സിൽ ജ്വലിച്ചുനിൽക്കുന്ന ആ മഹാപ്രതിഭയുടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം...



ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ വയലാർ ഗ്രാമത്തിൽ വെള്ളാരപ്പള്ളി കേരളവർമ്മയുടെയും വയലാർ രാഘവപ്പറമ്പിൽ അംബാലിക തമ്പുരാട്ടിയുടെയും മകനായി1928 മാർച്ച് 25 നാണ് രാമവർമയുടെ ജനനം. അദ്ദേഹത്തിന് മൂന്നര വയസ്സുള്ളപ്പോൾ അച്ഛൻ കേരളവർമ അന്തരിച്ചു. ചേർത്തല ഹൈസ്കൂളിൽ ഔപചാരികവിദ്യാഭ്യാസം നടത്തി. അമ്മയുടെയും അമ്മാവന്റെയും മേൽനോട്ടത്തിൽ ഗുരുകുലരീതിയിൽ സംസ്കൃതവും അഭ്യസിച്ചു.

വാചാലമായ കവിതകളുടെ കവിയായിരുന്നു വയലാർ. ഇസങ്ങളിൽ അഭിരമിക്കുമ്പോഴും ആർഷസംസ്കാരത്തിന്റെ സമൃദ്ധിയിൽ അഭിമാനിക്കുന്ന കവിയെയാണ് നാം എല്ലായിടത്തും കാണുന്നത്. ബിംബകല്പനകളിലാണ് വയലാറിന്റെ ഈ പൗരാണികാഭിമുഖ്യം തിളങ്ങിനിൽക്കുന്നത്. വാളിനെക്കാൾ ശക്തമായ സമരായുധമാണ് കവിത എന്ന തിരിച്ചറിവ് അദ്ദേഹത്തിൽ ആദ്യന്തം പ്രകാശിച്ചുനിൽക്കുന്നു.

കാലഘട്ടത്തിൽ കൊന്തയും പൂണൂലും, നാടിന്റെ നാദം, എനിക്കു മരണമില്ല, മുളങ്കാട്, ഒരു ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, സർഗ്ഗസംഗീതം, എന്നീ കാവ്യസമാഹാരങ്ങളും ആയിഷ എന്ന ഖണ്ഡകാവ്യവും അദ്ദേഹം രചിച്ചു. രക്തം കലർന്ന മണ്ണ്, വെട്ടും തിരുത്തും എന്നിവ വയലാറിന്റെ കഥാസമാഹാരങ്ങളാണ്. പുരുഷാന്തരങ്ങളിലൂടെ എന്ന യാത്രാവിവരണഗ്രന്ഥവും ശ്രദ്ധേയമാണ്.

വയലാറിനെ അനശ്വരനാക്കുന്നത് അദ്ദേഹത്തിന്റെ സിനിമാ-നാടകഗാനങ്ങളാണ്. കവിതയിലെ കാല്പനിക സൗന്ദര്യത്തിന്റെ അമൃതവർഷമായിരുന്നു ആ ഗാനപ്രപഞ്ചം. 1975 ഒക്ടോബർ 27-നു പുലർച്ചെ നാലുമണിക്ക് തന്റെ നാല്പത്തിയേഴാമത്തെ വയസ്സിൽ വയലാർ അന്തരിച്ചു. പ്രശസ്തിയുടെ നെറുകയിൽ നിൽക്കുമ്പോഴായിരുന്നു അദ്ദേഹത്തിന്റെ ഈ അകാലമരണം.

■ **ജോയിഷ് ജോസ്**

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

# കാലത്തിനു മുന്നേ നടന്ന ക്രാന്തദർശി




മേരി സെബാസ്റ്റ്യൻ

**കാലത്തിനുമുന്നേ** നടന്നുനീങ്ങിയ ക്രാന്തദർശിയും കർമ്മയോഗിയുമാണ് പുത്തൻപറമ്പിൽ തൊമ്മച്ചൻ. കത്തോലിക്കാസഭയിൽ അല്മായരുടെ മഹത്ത്വവും ദൗത്യവും ഉയർത്തിപ്പിടിച്ചുകൊണ്ട് പൊതുവായൊരു രൂപരേഖ പുറപ്പെടുവിച്ചത് രണ്ടാം വത്തിക്കാൻ സൂനഹദോസിലാണ് (1962–1965). അന്ന് സഭ അല്മാരിൽനിന്നു പ്രതീക്ഷിച്ചതും പ്രത്യാശിച്ചതുമായ കാര്യങ്ങളാണ് 19–ാം നൂറ്റാണ്ടിന്റെ ഇതിഹാസമായി മാറിയ പുത്തൻപറമ്പിൽ തൊമ്മച്ചൻ എന്ന അല്മായപ്രേഷിതനിലൂടെ കേരളസഭയ്ക്കും സമൂഹത്തിനും സംലഭ്യമായത്.

എടത്വാ തെക്കേടത്ത് പുത്തൻപറമ്പിൽ പീലിപ്പോസ്–ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ജൂലൈ 8 ന് പിറന്ന കുഞ്ഞാണ് ജന്മംകൊണ്ടും കർമ്മംകൊണ്ടും ദൈവത്തിന്റെ കൈയൊപ്പു ചാർത്തി കാലാന്തരത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ അഥവാ കേരള അസ്സീസി എന്നറിയപ്പെടുന്ന സഭാതാരമായി മാറിയത്.

ശിശുവിനു രണ്ടര വയസ്സുള്ളപ്പോൾ പിതാവു മരണമടഞ്ഞു. ബാല്യകൗമാരങ്ങൾ പിന്നിട്ട തൊമ്മച്ചൻ ഒരു സന്ന്യാസിയായി ജീവിക്കാൻ ഏറെ ആഗ്രഹിച്ചു. എന്നാൽ, തന്റെ ഏകമകനെ സന്ന്യാസത്തിനയയ്ക്കാൻ വിധവയായ അമ്മ ഒട്ടും തത്പരയായിരുന്നില്ല. അമ്മയുടെ ഹിതമറിഞ്ഞ തൊമ്മച്ചൻ തീരുമാനങ്ങൾക്കു മാറ്റംവരുത്തിക്കൊണ്ട് ഇരുപതാമത്തെ വയസ്സിൽ പുളിങ്കുന്നിലുള്ള വടക്കേവീട്ടിൽ മാത്തച്ചന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. തൊമ്മച്ചൻ–അന്നമ്മ ദമ്പതികൾക്ക് ഒരാൺകുഞ്ഞിനെയും രണ്ടു പെൺകുഞ്ഞുങ്ങളെയും നൽകി ദൈവം അനുഗ്രഹിച്ചു. അവരെ



വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തി പ്രായത്തിന്റെ തികവിൽ അവരുടെ വിളിക്കനുസൃതമായ ജീവിതാന്തസ്സിലും പ്രവേശിപ്പിച്ചു. അങ്ങനെ തന്റെ കുടുംബത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ നിറവേറ്റിയതോടൊപ്പം തൊമ്മച്ചൻ താനാഗ്രഹിച്ച പ്രേഷിതവേലയും പടിപടിയായി വിപുലമാക്കിക്കൊണ്ടിരുന്നു.

തൊമ്മച്ചന് മലയാളത്തിൽ മാത്രമല്ല, തമിഴിലും നല്ല പ്രാവീണ്യമുണ്ടായിരുന്നു. അക്കാലത്ത് തമിഴ്നാട്ടിൽ സുവിശേഷപ്രഘോഷണം നടത്തിയിരുന്ന യൂറോപ്യൻ കപ്പൂച്ചിൻ അച്ചന്മാർ കേരളവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. ഒരു ദൈവനിയോഗമെന്നതുപോലെ വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവചരിത്രത്തിന്റെ ഒരു തമിഴ് പതിപ്പ് വായിക്കുവാനുള്ള ഭാഗ്യം തൊമ്മച്ചനു ലഭ്യമായി. വി. ഫ്രാൻസീസ് സ്ഥാപിച്ച കുടുംബജീവിതക്കാർക്കായുള്ള ഫ്രാൻസിസ്കൻ അല്മായ സഭ(മൂന്നാംസഭ)യെക്കുറിച്ചുള്ള അറിവ് തൊമ്മച്ചന്റെ ഹൃദയത്തിൽ ചലനങ്ങളുളവാക്കി.

**നവംബർ 1 : ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 112–ാം ചരമവാർഷികം**

വിശുദ്ധ ഫ്രാൻസീസിനെ ഗുരുവും മാതൃകയും മധ്യസ്ഥനുമായി സ്വീകരിച്ച് ദൈവത്തിൽ മാത്രം ശരണം വച്ച് തൊമ്മച്ചൻ 'ഒറ്റയാൾപട്ടാളം' എന്നപോലെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്കിറങ്ങി! ദരിദ്രരിലും രോഗികളിലും ദൈവമുഖം ദർശിച്ച തൊമ്മച്ചൻ മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും ആൾരൂപമായി മാറുകയായിരുന്നു. ഉച്ചനീചത്വങ്ങളുടെയും തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങളുടെയും നടുവിലൂടെ നടന്നുനീങ്ങിയ തൊമ്മച്ചൻ കീഴ്ജാതിക്കാരുടെ ഭവനങ്ങളിൽനിന്നു ഭക്ഷണം കഴിക്കുകയും അവരെ അക്ഷരങ്ങൾ പഠിപ്പിക്കുകയും ചെയ്തു. കുട്ടനാട്ടിൽ വസൂരി, കോളറ, തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിച്ചപ്പോൾ ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച് അവരെ ശുശ്രൂഷിക്കുവാൻ തൊമ്മച്ചൻ ഓടിയെത്തി.

ജീവിതവിശുദ്ധിയും സുവിശേഷവേലയും പ്രേഷിതചൈതന്യവും കുടുംബജീവിതക്കാർക്ക് കൈയെത്താദൂരത്താണെന്നുള്ള മിഥ്യാധാരണ സ്വന്തം ജീവിതം കൊണ്ട് തൊമ്മച്ചൻ തിരുത്തിക്കുറിച്ചു. 1865 ഓടുകൂടി തൊമ്മച്ചന്റെ സുവിശേഷവേലയ്ക്ക് ഒരു സാമൂഹികമാനം കൈവന്നു. നാടുണർന്നു, അനുയായികൾ അനുദിനം വർദ്ധിച്ചു. ശക്തമായൊരു കൂട്ടായ്മ രൂപംപ്രാപിച്ചു. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ പ്രബോധനങ്ങൾ പങ്കുവച്ചുകൊണ്ട് അവർ രൂപീകരിച്ച 'കയർകെട്ടിയവരുടെ സംഘം' ഫ്രാൻസിസ്കൻ അല്മായസഭയാക്കി മാറ്റുവാൻ പാലക്കുന്നേൽ വല്യച്ചന്റെ സഹായം തേടുകയും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ അച്ചൻ അതിനു സമ്മതമരുളുകയും ചെയ്തു.

1868 ൽ കുറുമ്പനാടം പള്ളിയിൽവച്ച് പാലക്കുന്നേൽ വല്യച്ചൻ അല്മായസഭയുടെ ഔദ്യോഗികവേഷമായ നീണ്ട സഭാവസ്ത്രവും ചരടും നൽകി. അതോടെ തൊമ്മച്ചന്റെ താപസജീവിതം പാടേ മാറിമറിയുകയായിരുന്നു. ദാരിദ്ര്യത്തെ പ്രേമിക്കുവാനും ലാളിത്യത്തെ വരിക്കുവാനും സഹനത്തെ പുൽകുവാനും തീരുമാനമെടുത്തു. അല്മായപ്രേഷിതത്വത്തിന് തിരിതെളിച്ചുകൊണ്ട് അനുയായികൾക്കു മാതൃകയും പ്രചോദനവും പകർന്നു. നോമ്പുകാലങ്ങളിൽ വനാന്തരങ്ങളിലും ഗുഹകളിലും ഉപവാസവും പ്രാർത്ഥനയും പരിഹാരപ്രവൃത്തികളുമായി അദ്ദേഹം കഴിഞ്ഞുകൂടി. കേരളത്തിലുടനീളവും തമിഴ്നാടിന്റെ പല ഭാഗങ്ങളിലും അദ്ദേഹം നടത്തിയ പ്രേഷിതയാത്രകൾ ഫ്രാൻസിസ്കൻ അല്മായസഭയുടെ ശക്തീകരണത്തിനു വഴിതെളിച്ചു. ഇക്കാലയളവിൽ ആരുടെയോ കള്ളപ്പരാതിയുടെ ഫലമായി ലെണാർദ് മെത്രാപ്പോലീത്താ തൊമ്മച്ചന് പള്ളിവിലക്ക് നൽകി കല്പന പുറപ്പെടുവിച്ചു. സഭയോടും സഭാധികാരികളോടും വിധേയനായി ജീവിച്ച തൊമ്മച്ചൻ തനിക്കു കിട്ടിയ ശിക്ഷയും നിന്ദയും അപമാനവും ശാന്തതയോടും സംയമനത്തോടുംകൂടി ഹൃദയത്തിലേറ്റുവാങ്ങി വിനീതദാസനായി ദൈവത്തോടൊട്ടിച്ചേർന്ന് പ്രാർത്ഥനയുടെ മനുഷ്യനായിക്കഴിഞ്ഞു. ഏതാനുംനാളുകൾക്കുശേഷം സത്യം തെളിയുകയും പള്ളിവിലക്ക് പിൻവലിക്കുകയും ചെയ്തു.

പൂന്തോപ്പുപള്ളിയുടെ നിർമ്മാണം, അഗതിമന്ദിരം, ദളിതർക്കു മതബോധനം, സുവിശേഷപ്രഘോഷണം, ജീവകാരുണ്യപ്രവൃത്തികൾ തുടങ്ങി ആ താപസൻ കൈവയ്ക്കാത്ത മേഖലകൾ കേരളത്തിൽ അക്കാലത്ത് ഇല്ലെന്നുതന്നെ പറയാം.

ഇന്ന് സീറോമലബാർ, ലത്തീൻ റീത്തുകളിലായി 17 രൂപതകളിൽ അല്മായസഭ സജീവമാണ്. അക്കാലത്ത് തൊമ്മച്ചൻ കടന്നുപോയ ആഗ്നേയവീഥികൾ ചരിത്രത്താളുകളിലും 'നാളാഗമ'ങ്ങളിലും നമുക്കു കണ്ടെത്താനാവും. മരണം മുന്നേകൂട്ടി അറിയുകയെന്നത് നീതിമാനു ലഭിക്കുന്ന സൗഭാഗ്യമാണ്! സകല വിശുദ്ധരുടെയും തിരുനാളിന്റെ അന്ന് താൻ ഇഹലോകവാസം വെടിഞ്ഞ് സ്വർഗ്ഗത്തിലായിരിക്കുമെന്ന് തൊമ്മച്ചൻ നാളുകൾക്കു മുന്നേ പറഞ്ഞിരുന്നു. 1908 നവംബർ 1 ന് തന്റെ 72–ാമത്തെ വയസ്സിൽ ആ പ്രവാചകശബ്ദം എന്നേക്കുമായി നിലച്ചു. എടത്വാ സെന്റ് ജോർജ് പള്ളിയിലെ സിമിത്തേരിയിൽ ഈ പുണ്യാത്മാവിന്റെ കബറിടം സ്ഥിതി ചെയ്യുന്നു. 2012 ജൂൺ 29 ന് ഈ ധന്യാത്മാവിനെ ദൈവദാസനായി ഉയർത്തി.

□

## അമ്പട ഞാനേ!

കവിത
ജോസ് പോളയ്ക്കൻ



ധനവാൻ, നീയഭിജാതൻ,
പെരിയോൻ, പേരു കേട്ടവൻ;
ഭൗമസൗഭാഗ്യശൈലത്തിൻ
നെറുക കീഴടക്കിയോൻ.

ആയുരാരോഗ്യസൗഖ്യങ്ങൾ,
പുളകഹേതുകങ്ങളും,
അപരനുള്ളതേക്കാളും
മികവിൽ, തരമാക്കിയോൻ.

'അമ്പട ഞാനേ!' വികാരം
അകമേയുണ്ടു നിർണ്ണയം;
'വശഗമാണെനിക്കെല്ലാം'
തനുവിൻ ഭാഷയും തഥാ.

ജീവിതപ്പൊൻചഷകത്തിൽ
മദിരയാഞ്ഞുമോന്തവെ,
നീ സ്വയം വിസ്മരിച്ചോതും
മൊഴിയും താദൃശമെടോ!

"കുമിയുമാസ്തി, ഐശ്വര്യം,
കവിയും ഭാഗധേയവും,
എനിക്കിതൊക്കെയും സ്വന്തം;
നുകരാം മതിയാം വരെ.

പട്ടുടുത്തെന്നും പകിട്ടിൽ
ചാരുഗംഭീരമേടയിൽ
ചിരസന്തുഷ്ടിയിൽ വാഴാം
ശുഭമെൻ ഭാവി, ഭദ്രവും."

ഇവണ്ണമൊന്നുമില്ലാത്തോർ
ലാസറിൻ ഗതി വന്നവർ
പുറത്തുപടിവാതിൽക്ക–
ലുഴലുന്നുണ്ടിതൊട്ടുപേർ.

നിന്റെ തീൻമേശയിൽനിന്നും
ശ്വാവിനായ് നീയെറിഞ്ഞിടും
എച്ചിൽതിന്നു കിടക്കേണ്ടോ–
രവരെന്നാട്ടിടേണ്ട നീ.

ഉള്ള പത്തായങ്ങളെല്ലാം
നിറയെ സംഭരിച്ചതു
നിനക്കു മാത്രമായല്ല–
തവർക്കും പങ്കിടാനെടോ.


അപരനുള്ളതു കൂടി
പരനാണേകി നിൻ വശം;
നീയതിൻ കാവലാൾ മാത്രം,
നേരവകാശിയല്ലെടോ!

കരിയർടേൺ

# ഇന്ത്യൻ സിവിൽ സർവീസ്



നേവി ജോർജ്



**ജനസേവനം എന്ന നന്മയുടെ ലോകത്ത് വ്യക്തിമുദ്ര പതിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് തിരഞ്ഞെടുക്കാവുന്ന ഏറ്റവും മികച്ച പ്രൊഫഷനാണ് ഇന്ത്യൻ സിവിൽ സർവീസ്. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (UPSC) നടത്തുന്ന സിവിൽ സർവീസസ് പരീക്ഷയിൽ നിന്നാണ് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട തസ്തികകളിലേക്കുള്ള ബ്യൂറോക്രാറ്റുകളെ തിരഞ്ഞെടുക്കുന്നത്. ഒറ്റ പരീക്ഷവഴി 24 സർക്കാർ സർവീസുകളിലേക്ക് പ്രവേശനം ലഭിക്കുന്നു. റാങ്കടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ഈ തിരഞ്ഞെടുപ്പിനുശേഷം ട്രെയിനിങ് പൂർത്തിയാകുന്ന മുറയ്ക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിയമിക്കപ്പെടുന്നു.**

1. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)
2. ഇന്ത്യൻ ഫോറിൻ സർവീസ് (IFS)
3. ഇന്ത്യൻ പോലീസ് സർവീസ് (IPS)
4. ഇന്ത്യൻ പി & റ്റി അക്കൗണ്ട് ആൻഡ് ഫിനാൻസ് സർവീസ്
5. ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട് സർവീസ്
6. ഇന്ത്യൻ റവന്യൂ സർവീസ് (IRS)
7. ഇന്ത്യൻ ഡിഫൻസ് അക്കൗണ്ട് സർവീസ്
8. ഇന്ത്യൻ റവന്യൂ സർവീസ് ഐ.ടി.
9. ഇന്ത്യൻ ഓർഡിനൻസ് ഫാക്ടറി സർവീസ്
10. ഇന്ത്യൻ പോസ്റ്റൽ സർവീസ്
11. ഇന്ത്യൻ സിവിൽ അക്കൗണ്ട് സർവീസ്
12. ഇന്ത്യൻ റെയിൽവേ ട്രാഫിക് സർവീസ്
13. ഇന്ത്യൻ റെയിൽവേ അക്കൗണ്ട് സർവീസ്
14. ഇന്ത്യൻ റെയിൽവേ പേഴ്സണൽ സർവീസ്
15. അസിസ്റ്റന്റ് സെക്യൂരിറ്റി കമ്മീഷണർ റെയിൽവേ പ്രൊട്ടക്ഷൻ സർവീസ്
16. ഇന്ത്യൻ ഡിഫൻസ് എസ്റ്റേറ്റ് സർവീസ്
17. ഇന്ത്യൻ ഇൻഫർമേഷൻ സർവീസ്
18. ഇന്ത്യൻ ട്രേഡ് സർവീസ്
19. ഇന്ത്യൻ കോർപ്പറേറ്റ് ലോ സർവീസ്
20. ആംഡ്ഫോഴ്സസ് ഹെഡ് ക്വാർട്ടേഴ്സ് സിവിൽ സർവീസ്
21. പോണ്ടിച്ചേരി സിവിൽ സർവീസ്
22. ഡൽഹി, ആൻഡമാൻ & നിക്കോബാർ ഐലൻഡ്സ്, ലക്ഷദ്വീപ് ദാമൻ & ദിയു, ദാദ്ര & നാഗർ ഹവേലി പോലീസ് സർവീസ്
23. ഡൽഹി, ആൻഡമാൻ & നിക്കോബാർ ഐലൻഡ്സ്, ലക്ഷദ്വീപ്, ദാമൻ & ദിയു, ദാദ്ര & നാഗർ ഹവേലി സിവിൽ സർവീസ്
24. പോണ്ടിച്ചേരി പോലീസ് സർവീസ്

ഈ പരീക്ഷ എഴുതാൻ വേണ്ട യോഗ്യത ഏതെങ്കിലും അംഗീകൃത സർവകലാശാലാബിരുദം മാത്രമാണ്. ബിരുദത്തിന്റെ മാർക്ക് നിലവാരമോ വിഷയമോ പഠിച്ച രീതിയോ (Regular/ Private/Distance/Open)ഒന്നും പരീക്ഷയിൽ പങ്കെടുക്കാൻവേണ്ട യോഗ്യതയെ തടസ്സപ്പെടുത്തുന്നില്ല. ചുരുക്കത്തിൽ വിദ്യാഭ്യാസയോഗ്യതയോ, ഭാഷയോ ശാരീരികവൈകല്യമോ (പോലീസ് സേനയിൽ ഒഴികെ) ഒന്നും തന്നെ ഇന്ത്യയിലെ എണ്ണംപറഞ്ഞ ബ്യൂറോക്രാറ്റ് ആകാൻ പ്രതിബന്ധം ആകുന്നില്ല. ലക്ഷ്യബോധമുള്ള ചിന്തയും ഉറച്ച കാൽവയ്പ്പും നിശ്ചയദാർഢ്യവും കഠിനമായി പരിശ്രമിക്കാനുള്ള മനസ്സുമുണ്ടെങ്കിൽ ഏതൊരു ഇന്ത്യക്കാരനും സിവിൽ സർവീസ് വിജയി ആവാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ സിവിൽ സർവെൻറ് ആകാൻ അർഹരായവരെ തിരഞ്ഞെടുക്കാൻ യോഗ്യതകൾ എന്നതിനെക്കാൾ മനോഭാവത്തിലാണ് യു.പി.എസ്.സി. മുൻതൂക്കം നൽകുന്നത്.മൂന്നു ഘട്ടങ്ങളാണ് പരീക്ഷയ്ക്കുള്ളത്. ആദ്യഘട്ടം പ്രിലിമിനറി പരീക്ഷ. രണ്ടാമത്തേത് മെയിൻസ് പരീക്ഷ. അവസാനത്തേത് പേഴ്സണാലിറ്റി ടെസ്റ്റ് അഥവാ ഇന്റർവ്യൂ.

പ്രിലിമിനറി പരീക്ഷയ്ക്ക് 200 മാർക്ക് വീതം വരുന്ന രണ്ടു പേപ്പറുകളാണുള്ളത്. ഒബ്ജക്റ്റീവ് ടൈപ്പ് ആണ് പരീക്ഷാരീതി. പേപ്പർ ഒന്നിലെ വിഷയം ജനറൽ സ്റ്റഡീസ് ആണ്. പൊതുവിവരങ്ങളിൽ എന്തു വേണമെങ്കിലും ചോദിക്കാം. നൂറു ചോദ്യങ്ങൾക്ക് രണ്ടു മാർക്ക് വീതം നൽകുന്നു. രണ്ടാമത്തെ പേപ്പർ സർവീസ് അഭിരുചി പരീക്ഷ (Civil Service Aptitude Test) CSAT ൽ സിവിൽ സർവീസിന് യോജിച്ച വ്യക്തി ആണോ എന്നാണ് പരീക്ഷിക്കുന്നത്. 80 ചോദ്യങ്ങൾക്ക് രണ്ടര മാർക്കു വീതമാണു ലഭിക്കുക. രണ്ടുമണിക്കൂർ വീതമാണ് പരീക്ഷാസമയം. ശരാശരി 10 ലക്ഷം പേർ പങ്കെടുക്കുന്ന പരീക്ഷയായതിനാൽ പ്രിലിമിനറി പരീക്ഷ ഒരു സ്ക്രീനിങ് ആണ് എന്നു പറയാം. നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കും. മൂന്ന് ഉത്തരങ്ങൾ തെറ്റിയാൽ ഒന്ന് എന്ന നിലയ്ക്കാണ് മാർക്ക് കുറയ്ക്കുക. 33 ശതമാനം മാർക്കാണ് പ്രിലിംസ് വിജയിക്കാൻ വേണ്ടത്. ശരാശരി 15000 പേരാണ് മെയിൻസ് പരീക്ഷയ്ക്കു തിരഞ്ഞെടുക്കപ്പെടുന്നത്.

എല്ലാവർഷവും ജൂണിലാണ് പ്രിലിംസ് പരീക്ഷ നടക്കുന്നത്. റിസൾട്ട് ജൂലൈയിൽ വരികയും അതേത്തുടർന്ന് മെയിൻ പരീക്ഷ സെപ്റ്റംബറിൽ നടക്കുകയും ചെയ്യും. മെയിൻ പരീക്ഷയുടെ റിസൾട്ട് വരുന്നത് ജനുവരിയിലാണ്. ഫെബ്രുവരിയിൽ ഇന്റർവ്യൂ നടക്കുകയും ഓഗസ്റ്റിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യും. അസാധാരണസാഹചര്യങ്ങളിൽ മാറ്റങ്ങൾ ഉണ്ടാവാം. കൊവിഡ്-19 ന്റെ കാലത്ത് പരീക്ഷാക്രമത്തിൽ വന്ന മാറ്റങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ.

# ഡയറി എന്നാൽ ജീവിതമാണ്...



ഷാജി മാലിപ്പാറ



"അങ്ങനെഎല്ലാംകൊണ്ടും ഇന്ന് ഒരു നല്ല ദിവസമായിരുന്നു." ടീന ഡയറി എഴുതി അവസാനിപ്പിച്ചു. എഴുതിയത് വായിച്ചുനോക്കി. തൃപ്തിയോടെ ഡയറി മടക്കിവച്ചു. ടീന ഡയറിയെഴുതാൻ തുടങ്ങിയിട്ട് മൂന്നുവർഷമേ ആയിട്ടുള്ളൂ. മൂന്നിൽ പഠിക്കുമ്പോൾ മലയാളം ക്ലാസിൽവച്ചാണ് ആദ്യമായി ഡയറിയെഴുതാൻ പഠിച്ചത്. അക്കൊല്ലം വാർഷികപ്പരീക്ഷയുടെ ഒരു പ്രവർത്തനം ഡയറിയെഴുത്ത് ആയിരുന്നു. പിന്നീട് ഹോംവർക്കായും പരീക്ഷയുടെ ഉത്തരമായും ഡയറി എഴുതിയിട്ടുണ്ട്. പക്ഷേ, പതിവായി ഡയറി എഴുതിയിരുന്നില്ല. അങ്ങനെ എഴുതാൻ ആരും പറഞ്ഞുമില്ല.

അഞ്ചാംക്ലാസിലെ ഓണാവധിക്ക് അമ്മയുടെ വീട്ടിൽ പോയപ്പോഴാണ് ആതിരയെ പരിചയപ്പെട്ടത്. അവർ പെട്ടെന്ന് ഉറ്റചങ്ങാതിമാരായി മാറി.

"ഞാൻ ഇന്നലത്തെ ഡയറിയിൽ നിന്നെപ്പറ്റി എഴുതീട്ടൊണ്ട്." ഒന്നിച്ചിരുന്ന് ഊഞ്ഞാലാടുമ്പോൾ ആതിര പറഞ്ഞു.

"എന്താ എഴുതീത്?"

"എനിക്കൊരു ബെസ്റ്റ് ഫ്രണ്ടിനെ കിട്ടീന്ന്. അവളുടെ പേര് ടീന എന്നാണെന്ന്."

"അതെന്നെ കാണിച്ചു തരോ?"

"ഇല്ല. ഡയറി ആരെയും കാണിക്കാനുള്ളതല്ല. അതു സ്വയം വായിക്കാനുള്ളതാന്നാ മലയാളം പഠിപ്പിക്കണ അജിത് മാഷ് പറഞ്ഞത്."

"അതെന്താ?"

"ഡയറി എന്നുവച്ചാൽ ഒരാളുടെ ജീവിതംതന്നെ. അതങ്ങനെ മറ്റുള്ളവർ തുറന്നു നോക്കണതു ശരിയല്ല. പക്ഷേ, അതിലെ കാര്യങ്ങൾ എഴുതിയ ആൾതന്നെ പറഞ്ഞാൽ കുഴപ്പമില്ല."

പിന്നെ പലപ്പോഴായി ആതിര അവളുടെ ഡയറിയിലെ വിശേഷങ്ങൾ പലതും പറഞ്ഞു. സന്തോഷങ്ങൾ, സങ്കടങ്ങൾ, പരാതികൾ ആഗ്രഹങ്ങൾ അങ്ങനെ പലതും.

അവധി കഴിഞ്ഞ് വീട്ടിലെത്തിയ ടീന ആദ്യം ചെയ്തത് പുതിയൊരു നോട്ടുബുക്കിൽ ഡയറിയെഴുതുകയായിരുന്നു. പിന്നെ അതു പതിവായി മാറി. രാത്രി കിടക്കാൻ നേരം ആ ദിവസത്തെക്കുറിച്ച് ആലോചിക്കുന്നതു ശീലമായി മാറി. എന്നാലും ഡയറിയെഴുതുന്ന കാര്യം ആരോടും പറഞ്ഞിരുന്നില്ല. ആരെയും കാണിച്ചുമില്ല.

ഒരിക്കൽ അങ്കിളുമൊത്ത് വിരുന്നവന്ന കുഞ്ഞാന്റിയോട് അനിയനാണ് ഡയറിക്കഥ പറഞ്ഞത്. ആന്റി ഒരു പുത്തൻ ഡയറി സമ്മാനിച്ചിട്ടാണ് പോയത്. പിറ്റേ ദിവസം അതിൽ എഴുതാൻ തുടങ്ങി.

അക്കൊല്ലം ഡിസംബർ മുപ്പത്തൊന്നാം തീയതി സ്കൂളിൽ നടത്തിയ സെമിനാറിൽവച്ച് മാഷാണ് ചോദിച്ചത്: "പതിവായി ഡയറിയെഴുതുന്ന ആരെങ്കിലുമുണ്ടോ?"

അറിയാതെ കൈ ഉയർത്തിപ്പോയി. മാഷ് വിവരങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കി. ഉടൻ സ്റ്റാഫ് റൂമിൽനിന്ന് ഒരു പുതിയ ഡയറിയെടുത്ത് ആശംസകളെഴുതി ഒപ്പിട്ട് സമ്മാനിച്ചു. ഒട്ടും പ്രതീക്ഷിക്കാത്ത സമ്മാനമായിരുന്നു അത്.

ഒരു മാസം കഴിഞ്ഞ് സ്കൂളിൽ പഠനോത്സവത്തിന്റെ ഒരുക്കങ്ങൾ നടക്കുമ്പോഴാണ് മാഷ് പറഞ്ഞത്: "നമുക്കൊരു സ്പെഷ്യൽ പ്രോഗ്രാം വേണം. ഒരു ഇന്റർവ്യൂ അഥവാ അഭിമുഖം. ടീനയാണ് താരം. മറ്റൊരാൾ ഇന്റർവ്യൂ ചെയ്യും."

ഒന്നും പറയാൻ പറ്റിയില്ല. അഞ്ചാംക്ലാസിലെ വിനു മാത്യുവിനെ അഭിമുഖം നടത്താൻ മാഷ് തിരഞ്ഞെടുത്തു. ക്ലാസിൽ വച്ച് ഒരുക്കങ്ങൾ നടത്തി. ഡയറിയെഴുത്തുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കി. അതിനുള്ള ഉത്തരങ്ങൾ പറയാൻ ആവശ്യപ്പെട്ടു. ആകപ്പാടെ ടെൻഷനായിരുന്നു.

"നല്ലൊരു അവസരമല്ലേ? പേടിക്കേണ്ട." അമ്മ ധൈര്യം പകർന്നു.

പഠനോത്സവവേദിയിൽ വിശിഷ്ടാതിഥികൾക്കു മുമ്പിലിരിക്കേ അഭിമുഖം നടന്നു. കുട്ടികളും അധ്യാപകരും രക്ഷാകർത്താക്കളും നിറഞ്ഞ സദസ്സിൽനിന്ന് നീണ്ട കൈയടി കേട്ടപ്പോഴാണ് സമാധാനമായത്.

"പഠിച്ചത് പ്രയോഗിക്കുമ്പോഴാണ് അതുകൊണ്ടു ഫലമുണ്ടാകുന്നത്. ആരുടെയും നിർബന്ധം കൂടാതെ സ്വയം തോന്നി ചെയ്യുമ്പോൾ ഇരട്ടി പ്രയോജനമുണ്ടാകും."

എഇഒ സമ്മാനം നൽകുന്നതിനുമുമ്പ് മൈക്കിലൂടെ അഭിനന്ദനങ്ങൾ ചൊരിഞ്ഞു.

ടീനയെയും വിനു മാത്യുവിനെയും മാഷിനെയും ചേർത്തുനിർത്തി ഹെഡ്മാസ്റ്റർ ഫോട്ടോയെടുപ്പിച്ചു.

"ആരും പറയാതെ, ആരോടും പറയാതെ ടീന ചെയ്യുന്ന ഈ നല്ല ശീലം എല്ലാവർക്കും മാതൃകയാണ്. അഭിനന്ദനങ്ങൾ." ഹെസ്മാസ്റ്ററുടെ വാക്കുകൾ കുളിർമഴയായി മനസ്സിൽ പെയ്തിറങ്ങി.

"അങ്ങനെ എല്ലാംകൊണ്ടും ഇന്ന് ഒരു നല്ല ദിവസമായിരുന്നു" - ഡയറിയിൽ എഴുതിയ വാക്കുകൾ ടീനയുടെ മനസ്സിൽ സംഗീതംപോലെ പെയ്തുകൊണ്ടിരുന്നു.

# ഉണരൂ പ്രഭാതമേ, അരുളൂ പ്രസാദമേ!



ആൻ മരിയ തോമസ്



ഓരോ പ്രഭാതവും ഓരോ രാവിനെയും അനുസരിച്ചിരിക്കുന്നു. നമ്മുടെ ഓരോരുത്തരുടെയും ഒരു ദിവസത്തെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ. രാവിലെമുതൽ സംഭവിച്ച ഓരോന്നിനെയും കുറിച്ച് ആലോചിച്ച് വേണ്ടാത്ത ചിന്തകളിൽ മുഴുകി അറിയാതെ നിദ്രയിലേക്കു വീഴുന്ന നാം, ഏറ്റവുമവസാനം ഓർമ്മയിൽത്തെളിഞ്ഞ ആ സംഭവത്തെ, വസ്തുവിനെ അതുമല്ലെങ്കിൽ വ്യക്തിയെത്തന്നെ ആദ്യം ഓർത്തുകൊണ്ട് നിദ്രയുണരുന്നു. ഭൂരിഭാഗം ആളുകളുടെയും അവസ്ഥ ഇങ്ങനെയാണ്.

മറ്റൊരുവിഭാഗം ആളുകൾക്കൂടിയുണ്ട്. അവർക്കും നമുക്കും ദിവസത്തിന് 24 മണിക്കൂറാണെങ്കിലും സ്വന്തം കാര്യങ്ങൾപോലും പൂർത്തീകരിക്കാൻ കഴിയാത്തത്ര തിരക്കുള്ളവരാണ്. എന്നാൽ, ആദ്യം പറഞ്ഞ വിഭാഗം എല്ലാത്തിനും സമയം കണ്ടെത്തുന്നു. ജീവിതം ആസ്വദിക്കുന്നത് അവരാണ്. നമ്മളൊക്കെ വെറുതേ ആസ്വദിക്കാൻവേണ്ടി ഓടുന്നവർ മാത്രം.

ദി ഗ്രേറ്റ് പേർസണാലിറ്റീസ്, കിംഗ് മേക്കർ, ലെജണ്ടറി എന്നൊക്കെ വിശേഷിപ്പിക്കുന്ന മഹാന്മാർക്കും മഹതികൾക്കും ജീവിതത്തിന് പദ്ധതിയുമുണ്ട്. സമയത്തിനു വലിയ വിലയുണ്ട്. പക്ഷേ, തിരക്കാണ്, സമയമില്ല എന്നൊക്കെ പറയുന്ന നമുക്കും നമ്മുടെ സമയത്തിനു വിലയിടാവുന്നതേയുള്ളൂ. അതേസമയം ആലോചിക്കട്ടെ, ശ്രമിക്കാം, ചെയ്യാം എന്നൊക്കെ പറഞ്ഞവരുടെ സമയത്തിന്റെ വിലയാണ് ശരിക്കും വിലമതിക്കാനാവാത്തത്. കാരണം, ആ വാക്ക് പലപ്പോഴും വഴിതെളിച്ചത് അമാനുഷികതയ്ക്കായിരുന്നു, അദ്ഭുതങ്ങൾക്കായിരുന്നു. സമയം വിലപ്പെട്ടതാണ്. അതിനാൽത്തന്നെ അതു ബുദ്ധിപൂർവ്വം ചെലവഴിക്കുക. ലക്ഷ്യബോധമുള്ളവർ ഇന്നലത്തെ തോൽവികളിൽനിന്നുൾക്കൊണ്ട പാഠങ്ങൾ മാത്രമേ പ്രഭാതത്തിൽ ഓർമ്മിക്കുന്നുള്ളൂ.

അവരും സാധാരണക്കാരാണ്. പക്ഷേ, അസാധാരണമായി ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു. നമ്മുടെ ഓരോ പ്രഭാതവും 'മൂഡനുസരിച്ചായിരിക്കും' എന്നു പറയുമ്പോൾ അവരുടേത് ശുഭാപ്തിവിശ്വാസംകൊണ്ടു നിറയുകയാണ്. നമ്മൾ ഓരോ ദിവസവും മരിച്ചുജീവിക്കുന്നു. എന്നാൽ അവരോ സന്തോഷത്തോടെ ജീവിക്കുന്നു. അവർ ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ മിനിറ്റും ഇനിയങ്ങോട്ടുള്ള അഞ്ചും പത്തും വർഷത്തേക്കുള്ള ശക്തി സംഭരിക്കുന്നു. ഇരുകൂട്ടരും അധ്വാനിക്കുന്നു. പക്ഷേ, എല്ലാവരും വളരുന്നില്ല.

അതേ, അവർ വ്യത്യസ്തരാണ്. ഇന്നലെയുടെ ഉച്ഛിഷ്ടങ്ങളെ ഓരോ പ്രഭാതവും നാം തലയിലേറ്റുമ്പോൾ അവർ അവരുടെ പ്രഭാതം ആ ദിവസത്തേക്കുള്ള ശക്തിയാർജ്ജിക്കാൻ ഉപയോഗിക്കുന്നു. വ്യക്തമായ ലക്ഷ്യങ്ങളോടെയും പദ്ധതികളോടെയും ഓരോ ദിവസത്തെയും ആസൂത്രണം ചെയ്യുന്നു. അവരുടെ മൂഡ്സെറ്റ് എങ്ങനെ രൂപീകരിക്കണമെന്നവർക്കറിയാം. എക്സർസൈസ്, മെഡിറ്റേഷൻ, മ്യൂസിക് തുടങ്ങിയവ ഇവിടെ അവർ ഉപയോഗപ്പെടുത്തുന്നു. ഓരോ പ്രഭാതത്തെയും സ്വന്തമാക്കുന്നതുവഴി ഓരോ ദിവസത്തെയും അവർ നിയന്ത്രണവിധേയമാക്കുന്നു. ജീവിതം സന്തോഷകരമാണെന്ന് ഉറപ്പുവരുത്തുന്നു. പ്രതീക്ഷയോടെ ജീവിക്കുന്നു. കൂടുതൽ ചെയ്യുന്നു. കൂടുതൽ വളരുന്നു. ഉള്ളതിനും വരാനുള്ളതിനും ഇല്ലാത്തതിനുമെല്ലാം നന്ദി പറയുന്നു.

ഇങ്ങനെയുള്ളവർ ഒരിക്കലും പ്രഭാതങ്ങൾ മൊബൈൽ ഫോണിനോ പ്രശ്നചിന്തകൾക്കോ നല്കുന്നില്ല. അവർ അവരുടെ ദിവസത്തിനു വേണ്ടുന്ന റിഹേഴ്സലുകൾ ആ സമയത്ത് കണ്ടെത്തുന്നു. ഏതു നെഗറ്റീവ് ചിന്തകളെയും നേരിടാൻ അവർ തയ്യാറെടുക്കുന്നു.

ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്

## എന്റെ കേരളം



വിദ്യ വിജയകുമാർ

മലകളുമാഴിയുമതിരിടുന്ന
കേരളമാണെന്റെ ജന്മഗേഹം.
പൊന്നിൻ കതിർക്കുല നൃത്തമാടും
ചാരുതയാർന്നുള്ളൊരെന്റെ നാട്
പൈങ്കിളിപ്പെണ്ണുങ്ങൾ താരാട്ടുമൂളുന്ന,
പൊന്നോണത്തുമ്പികൾ നൃത്തം ചവിട്ടുന്ന,
പാഴ്മുളംതണ്ടുകളീണം പൊഴിക്കുന്ന
ശാലീനസുന്ദരി എന്റെ നാട്.
തുഞ്ചന്റെ ശാരിക പാടുന്ന പാട്ടുകേ-
ട്ടെന്നുമുണരുന്ന പുണ്യനാട്.
ചെറുശ്ശേരിതന്നുടെ കൃഷ്ണഗാഥയ്ക്കൊപ്പം
തുഞ്ചന്റെ തുള്ളലിൻ താളം കേൾക്കാം.
മുത്തും പവിഴവും മാലയായ് കോർക്കുന്ന
മഞ്ജുമലയാളമെന്റെ ഭാഷ.
ആയിരം കാവ്യപുഷ്പങ്ങൾ വിടരുന്ന
നന്ദനോദ്യാനമാണെന്റെ ഭാഷ.
ആ മലയാളമാണെന്റെ ഭാഷ
ഈ മലനാടാണെന്റെ നാട്.


## ക്വിസ് കോർണർ

രാജേശ്വരി അരുൺ
എക്സലന്റ് ഇന്റർനാഷണൽ അക്കാദമി, അയർക്കുന്നം






- 2020 ഓഗസ്റ്റിൽ നടന്ന BRICS Anti Drug Working Group Meeting ൽ ഇന്ത്യൻ പാനലിനെ നയിച്ചത്
- Rakesh Asthana (Director General, Narcotics Control Bureau)
- 2020 ഓഗസ്റ്റിൽ ഫുഡ് വേയ്സ്റ്റ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് Clean Plate Campaign 2.0 ആരംഭിച്ച രാജ്യം
- ചൈന
- Youth and Covid-19 Impact on job, education, rights and mental well being എന്ന സർവ്വേ നടത്തിയ അന്താരാഷ്ട്ര സംഘടന
- International Labour Organisation (ILO)
- എല്ലാവർക്കും ഡിജിറ്റൽ ആരോഗ്യ തിരിച്ചറിയൽ കാർഡ് നൽകുന്നതിന് കേന്ദ്രസർക്കാർ 2020 ഓഗസ്റ്റിൽ പ്രഖ്യാപിച്ച പദ്ധതി
- National Digital Health Mission (NDHM)
- 2020 ഓഗസ്റ്റിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ച ഇന്ത്യൻ താരങ്ങൾ
- മഹേന്ദ്ര സിങ് ധോണി, സുരേഷ് റെയ്ന
- 2020 ലെ Spanish F1 Grand Prix ജേതാവ്
- Lewis Hamilton
- Electric two wheeler rental platform ആയ e - Bike Go യുടെ Brand Ambassador
- ഹർഭജൻ സിംഗ്
- 2020 ഓഗസ്റ്റിൽ വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള സ്ഥലങ്ങളിൽ പഠനസൗകര്യം ഒരുക്കുന്നതിന് Padhai Tuhar Para എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം
- ഛത്തീസ്ഗഡ്
- അധ്യാപകർക്കായി IIT Khoragpur ലെ ഗവേഷകർ വികസിപ്പിച്ച e-classroom സംവിധാനം
- Deekshak
- തദ്ദേശീയ വ്യാപാരങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിന് നാഗാലാന്റിൽ ആരംഭിച്ച Single window e-commerce platform
- Yellow Chain



ഫോട്ടോ: സാംസൺ പാലാ

# ഓൺലൈൻ പൊരുത്തങ്ങൾ



**ആൽബിൻ ജിജോ**

**ഇ**ന്ത്യയുടെ ഗ്ലാസ് വുമൺ എന്നറിയപ്പെടുന്ന മിസ്സിസ് ധന്യ രവി ഓൺലൈൻ ക്ലാസ്സിനെക്കുറിച്ച് ഇപ്രകാരം പരാമർശിക്കുകയുണ്ടായി: "ഞാനൊക്കെ എന്റെ മുഴുവൻ വിദ്യാഭ്യാസവും ഓൺലൈനിലാണ് നടത്തിയത്. ഈ കൊവിഡ് കാലഘട്ടത്തിൽ എല്ലാവരും ഓൺലൈൻ ക്ലാസ് ഫലപ്രദമല്ലെന്നും മടുപ്പാണെന്നും അഭിപ്രായപ്പെടുമ്പോൾ എനിക്ക് അദ്ഭുതം തോന്നുന്നു."

ജന്മനാ അസ്ഥി ഒടിഞ്ഞു നുറുങ്ങുന്ന അപൂർവ്വരോഗാവസ്ഥയിലിരുന്നുകൊണ്ട് ഇന്ന് അനേകം വേദികളിൽ പ്രസംഗിക്കുന്ന മിസ്സിസ് ധന്യയുടെ അഭിപ്രായത്തോടു ചേർന്നു നിന്നുകൊണ്ട് ഓൺലൈൻപഠനത്തെ ഒന്നു വിചിന്തനം ചെയ്യാം.

ഓൺലൈൻ വിദ്യാഭ്യാസ പ്രക്രിയയിൽ വിദ്യാർത്ഥിയുടെ ശാരീരികസാന്നിധ്യം ആവശ്യമില്ലാത്തതിനാൽ, കോളജുകളിലേക്കും സ്കൂളുകളിലേക്കുമുള്ള പോക്കുവരവുകൾക്കായി ഒരു ശരാശരി വിദ്യാർത്ഥിയുടെ ദിനത്തിൽനിന്ന് അപഹരിച്ചിരുന്ന സമയം മറ്റു പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള അവസരം കൈവന്നിരിക്കുന്നു.

മാതാപിതാക്കളെ സഹായിക്കുന്നതിനും അറിവും കാഴ്ചപ്പാടുകളും വിശാലമാക്കുന്നതിനും മാനസികോല്ലാസത്തിനും ആരോഗ്യപാലനത്തിനുമുള്ള അവസരമാണ് ഇതിലൂടെ കൈവന്നിരിക്കുന്നത്.



ക്ലാസ്റൂം നോട്ടുകളും വീഡിയോകളും പുനർവായനയ്ക്കും പഠനങ്ങൾക്കും പര്യാപ്തമായതിനാൽ, അസൗകര്യങ്ങളിൽപ്പെട്ടു നഷ്ടമാകുന്ന ക്ലാസ്സുകൾ വീണ്ടെടുക്കാനാകും. പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതലറിവുശേഖരണത്തിനുള്ള ത്വര വിദ്യാർത്ഥികളിൽ ചിലരിലെങ്കിലും ജനിപ്പിക്കുവാനും ഓൺലൈൻ വിദ്യാഭ്യാസത്തിനു കഴിഞ്ഞിട്ടുണ്ട്.

എന്നിരുന്നാലും, പതിവായുള്ള മൊബൈലിന്റെയും കംപ്യൂട്ടറിന്റെയും ഉപയോഗം കണ്ണിന്റെയും മറ്റും ആരോഗ്യത്തിനു തകരാറുണ്ടാക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ഓൺലൈൻവിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തോടെ തലവേദന, കണ്ണുവേദന തുടങ്ങിയ ശാരീരികബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരും കണ്ണട ഉപയോഗിക്കേണ്ടി വന്നവരും നിരവധിയാണ്. സ്രോതസ്സിൽനിന്നു നേരിട്ടല്ലാതെ ശ്രവിക്കുന്ന ശബ്ദം ഒരു നിശ്ചിതസമയത്തിനപ്പുറത്തേക്കു ശ്രദ്ധിക്കുവാൻ സാധ്യമല്ലാതെ വരുന്നത് ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഒരു പോരായ്മയാണ്.

നേരിട്ടുള്ള അധ്യയനത്തിൽ കേൾക്കുന്ന കാര്യങ്ങൾ ഒരു ദിവസം തലച്ചോറിൽ തെളിഞ്ഞു നിൽക്കുമെന്നും തൽസ്ഥാനത്ത് വെർച്വൽ പ്ളാറ്റുഫോമുകളിൽനിന്നു ലഭ്യമാകുന്നതിന്റെ ആയുസ് ഒരു മണിക്കൂറാണെന്നും പറയപ്പെടുന്നു. കൂടുതൽ ഏകാഗ്രതയും ക്ഷമയും ഓൺലൈൻ വിദ്യാഭ്യാസസമ്പ്രദായം ആവശ്യപ്പെടുന്നുണ്ട്.

മറ്റൊരു വലിയ പ്രശ്നം നെറ്റുവർക്ക് തകരാറുകളാണ്. ക്ലാസ്സുകൾ വ്യക്തമായി ശ്രവിക്കുന്നതിന് ഇതു തടസ്സം സൃഷ്ടിക്കുന്നു. ക്ലാസ്സുകൾക്കിടയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻപോലും സാധിക്കാത്ത അവസ്ഥയിലേക്ക് റേഞ്ചുതകരാറുകൾ മാറിയാൽ അതു വിദ്യാർത്ഥിയുടെ മാനസികാവസ്ഥയെ ബാധിക്കുന്നു.

അധ്യാപകർക്ക് ഓരോ വിദ്യാർത്ഥിയെയും വ്യക്തിപരമായി മനസ്സിലാക്കുവാനും സംവദിക്കുവാനും ഓൺലൈൻ വിദ്യാഭ്യാസം പലപ്പോഴും തടസ്സം സൃഷ്ടിക്കുന്നു.

സമൂഹം കൊറോണാഭീതിയിലാഴ്ന്നിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഓൺലൈൻ പഠനത്തോട് പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്. ഓൺലൈൻ സമ്പ്രദായം നമ്മുടെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അതിന്റെ ന്യൂനതകളെ പരിഹരിക്കാനാവശ്യമായ കാര്യങ്ങൾ ക്രമപ്പെടുത്തുകയാണാവശ്യം.

വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ആത്മാർത്ഥതയാണ് പ്രഥമമായ കാര്യം. ഓൺലൈൻ ക്ലാസ്സിനോട് ക്രിയാത്മകമനോഭാവത്തോടെ പ്രതികരിക്കുവാൻ ഓരോ വിദ്യാർത്ഥിയും ശ്രമിക്കണം. പരിമിതികളെ കുറ്റം പറയുന്നതിനുപകരം അവയെ സാധ്യതകളായി രൂപാന്തരപ്പെടുത്തുമ്പോഴാണ് നാം വിജയികളാകുന്നത്. ഒരേസമയം നിരവധി കാര്യങ്ങളിൽ വ്യാപൃതനായിരുന്നുകൊണ്ട് ഓൺലൈൻ ക്ലാസ്സുകളെ നിസ്സാരവത്കരിക്കുന്ന ഒരു പ്രവണതയാണ് പൊതുവിൽ വളർന്നുവരുന്നത്. വിജ്ഞാനമുള്ള തലമുറയ്ക്ക് വിദ്യാഭ്യാസം കൂടിയേതീരൂ.

ലേഖകൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്സി (മാത്സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.

## സൂക്തിമഞ്ജരി

**ഡോ. സി.ടി. ഫ്രാൻസീസ്**



"യഥാ ധേനുസഹസ്രേഷു വത്സോ ഗച്ഛതി മാതരം
തഥാ പൂർവകൃതം കർമ കർത്താരമനുഗച്ഛതി"

യഥാ-എപ്രകാരമാണോ; ധേനുസഹസ്രേഷു-പശുക്കളുടെ ആയിരങ്ങളിൽ; വത്സഃ - പശുക്കിടാവ്; ഗച്ഛതി-പോകുന്നു; മാതരം-അമ്മയിലേക്ക് (അമ്മയുടെ അടുത്തേക്ക്); തഥാ-അപ്രകാരം; പൂർവകൃതം-മുൻപു ചെയ്യപ്പെട്ട; കർമ-കർമ്മം; കർതാരം-കർത്താവിനെ (അതു ചെയ്തയാളെ); അനുഗച്ഛതി-അനുഗമിക്കുന്നു.

## പ്രാരബ്ധവും ജന്മാന്തരവും

എപ്രകാരമാണോ ആയിരക്കണക്കിനു പശുക്കൾ നിരന്നുനിന്നാലും പശുക്കിടാവ്, അതിന്റെ അമ്മയുടെ അടുത്തുതന്നെ തെറ്റാതെ ചെല്ലുന്നത്, അപ്രകാരം മുമ്പു ചെയ്യപ്പെട്ട കർമ്മങ്ങൾ അതതിന്റെ കർത്താക്കളെത്തന്നെ പ്രാപിക്കുന്നു.

'താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാൻ അനുഭവിച്ചീടുകെന്നേ വരൂ' എന്നു പണ്ടു മഹർഷിമാർ വാല്മീകിയെ ഉപദേശിച്ചുവെന്ന കഥ പ്രസിദ്ധമാണല്ലോ! ഓരോ മനുഷ്യനും ചെയ്യുന്ന പ്രവൃത്തികൾ, അവ പുണ്യമായാലും പാപമായാലും അവയുടെ കർത്താക്കളെത്തന്നെ തെറ്റാതെ പ്രാപിക്കുന്നു എന്നുതന്നെയാണ് ഈ സുഭാഷിതവും നമ്മെ ഓർമ്മിപ്പിക്കുന്നത്. നാം ഓരോ കാലത്തും അനുഭവിക്കുന്ന സുഖദുഃഖങ്ങൾ നാം മുമ്പു ചെയ്തിട്ടുള്ള പുണ്യപാപങ്ങളുടെ പരിണതഫലമാണത്രേ! ഇങ്ങനെ ഒരാശയം നമ്മുടെ ഉള്ളിൽത്തന്നെയുണ്ടെന്നു തോന്നുന്നു. നമുക്കു കഷ്ടങ്ങൾ വരുമ്പോൾ നാം പറയുന്നു-"പ്രാരബ്ധമൊക്കെയായി." കഷ്ടങ്ങളിൽനിന്നു മോചിതരായാലോ 'ജന്മാന്തരംകൊണ്ടു രക്ഷപ്പെട്ടു' എന്നു നാം പറയുന്നു. പ്രാരബ്ധം എന്ന പദത്തിനർത്ഥം പ്രാരംഭിച്ചത് എന്നാണ്. അതായത്, മുമ്പു ചെയ്തിട്ടുള്ള ദുഷ്കർമ്മങ്ങൾ ക്ലേശങ്ങളുടെ രൂപത്തിൽ ഫലിക്കാൻ തുടങ്ങിയിരിക്കുന്നു എന്നു താത്പര്യം. ഒരു ദുരിതത്തിൽനിന്നു പ്രതീക്ഷിക്കാത്തവിധം രക്ഷ നേടിയാൽ അതു ജന്മാന്തരമാണെന്നു നാം കരുതുന്നു. ജന്മാന്തരമെന്ന പദത്തിന് മറ്റൊരു ജന്മം എന്നാണർത്ഥം. ഗത്യന്തരം വേറെ ഗതിയാണല്ലോ! അപ്പോൾ അപ്രകാരമൊരു നന്മ വരുന്നതിനുള്ള സത്പ്രവൃത്തിയൊന്നും ഈ ജന്മത്തിൽ ചെയ്തിട്ടില്ലെന്നും ഏതോ മുജ്ജന്മസുകൃതംമൂലമാണ് പ്രസ്തുത നേട്ടമുണ്ടായിട്ടുള്ളതെന്നുമാണ് നാം അർത്ഥമാക്കുന്നത്. അപ്പോൾ നമ്മുടെ കഷ്ടനഷ്ടങ്ങൾക്ക് നാം തന്നെയാണ് ഉത്തരവാദികൾ എന്നു വന്നുചേരുന്നു! വേലക്കാരൻ അവന്റെ കൂലിക്ക് അർഹനാണെന്ന് ബൈബിളും നിഷ്കർഷിക്കുന്നുണ്ടല്ലോ.




**ലൈ**റ്റ് എമിറ്റിംഗ് ഡയോഡ് എന്നതിന്റെ ചുരുക്കമാണ് എൽ.ഇ.ഡി. പ്രകാശം പുറപ്പെടുവിക്കുന്ന ഒരുതരം ഡയോഡാണിത്. എനർജി ഗ്യാപ്പനുസരിച്ച് വിവിധ വർണങ്ങൾ ഉണ്ടാക്കുന്ന എൽഇഡികൾ ലഭ്യമാണ്.

എൽഇഡികൾ പൊതുവേ 1 സ്ക്വയർ മി.മീ. വലിപ്പമുള്ളതാണ്. അവയെ പല തരത്തിലുള്ള പ്രകാശസഹായികൾ ഉപയോഗിച്ച് ആവശ്യാനുസൃതം നിർമ്മിക്കാവുന്നതാണ്. കുറഞ്ഞ ഊർജ്ജോപയോഗം, നീണ്ട ഉപയോഗകാലം, നിലനിൽക്കാനുള്ള ഉന്നതശേഷി, വലിപ്പക്കുറവ്, ഓഫ്-ഓൺ ആക്കുന്നതിനുള്ള സമയക്കുറവ് മുതലായവയാണ് ഇവയെ മികവുറ്റതാക്കുന്നത്. 2014 ൽ ഊർജ്ജതന്ത്രത്തിനുള്ള നൊബേൽ സമ്മാനം നീല എൽഇഡി ബൾബ് കണ്ടെത്തിയ ഇസാമു അകസാകി, ഷിരോഷി അമാനോ, ഷുജി നകാമുറ എന്നിവർ പങ്കിട്ടു.

വൈമാനികാവശ്യങ്ങൾക്കും വാഹനങ്ങളിലെ പ്രകാശത്തിനും, പരസ്യങ്ങൾ, ട്രാഫിക് സിഗ്നലുകൾ എന്നിവയിൽ പ്രകാശത്തിനായും എൽഇഡി കൾ ഉപയോഗിച്ചുവരുന്നു. മനുഷ്യനേത്രങ്ങൾക്കു കാണാൻ കഴിയാത്ത ഇൻഫ്രാറെഡ് എൽഇഡികളാണ് റിമോട്ട് കൺട്രോളുകളിൽ ഉപയോഗിക്കുന്നത്.

**ജെ.പി.**




# ഹാക്കിംഗ് ഒരു ചെറിയ മീനല്ല



അപർണ എം.

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ തുടക്കത്തിൽ മസാച്യുസൈറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി.) യിൽ പഠിക്കുന്ന ഏതാനും വിദ്യാർത്ഥികൾ ചേർന്ന് കണക്കുകൂട്ടുന്നതിനും മറ്റുമായി കമ്പ്യൂട്ടർ സമാനമായ ഒരു മെഷീൻ കണ്ടുപിടിച്ചു. ഇന്നത്തെപ്പോലെ എല്ലാവർക്കും കമ്പ്യൂട്ടറുകൾ ലഭ്യമായ കാലമായിരുന്നില്ല എന്നു മാത്രമല്ല, വളരെ ശ്രദ്ധയോടെ പ്രത്യേക താപനില നിലനിർത്തിയ മുറികളിൽ അതീവസുരക്ഷയോടെ മാത്രമാണ് അന്ന് കമ്പ്യൂട്ടറുകൾ സൂക്ഷിച്ചിരുന്നത്. അതിനാൽത്തന്നെ ഈ കണ്ടുപിടിത്തം അവിടെ മാത്രമല്ല, പുറംലോകത്തും ശ്രദ്ധ നേടി. അങ്ങനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മിത ബുദ്ധി (Artificial Intelligence) ലബോറട്ടറിയുടെ ഭാഗമായ ആ കുട്ടികളാണ് ഹാക്കർമാർ എന്നറിയപ്പെട്ട ആദ്യസംഘം. ഫോൺ ഫ്രീക്കേഴ്സ് എന്ന പേരിലും മറ്റും ഇതിനു മുമ്പും ഹാക്കിംഗിന് സമാനമായ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും അവയൊന്നും ഇന്നു കാണുന്ന ഹാക്കിംഗുമായി അഥവാ കംപ്യൂട്ടർ ഓപ്പറേഷനുകളുമായി അത്ര ബന്ധപ്പെട്ടിരുന്നില്ല.

ഹാക്കിംഗ് എന്നു കേൾക്കുമ്പോൾ പലർക്കും ഓർമ്മയിൽ വരുന്നത് സ്വകാര്യവിവരങ്ങളുടെയും മറ്റു പ്രധാന സൈബർ രേഖകളുടെയും മോഷണവും അനുബന്ധകുറ്റകൃത്യങ്ങളും ആയിരിക്കാം. എന്നാൽ, ഏതു വിദ്യയെയുംപോലെ ഹാക്കിംഗ് വിദ്യകളും ദുരുപയോഗം ചെയ്യുന്നതിന്റെ ചില ഫലങ്ങൾ മാത്രമാണ് ഇത്തരം സംഭവങ്ങൾ. മനുഷ്യരാശിക്കു പ്രയോജനകരമായ ന്യൂക്ലിയർവിദ്യ അണുബോംബ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുംപോലെ. അതിനാൽ, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന രീതിയും ലക്ഷ്യവും അടിസ്ഥാനമാക്കി ഹാക്കർമാരെ മൂന്നായി തരം തിരിച്ചിരിക്കുന്നു. നല്ല രീതിയിൽ മാത്രം ഉപയോഗിക്കുന്നവരെ വൈറ്റ് ഹാറ്റ് ഹാക്കർ, കുറ്റകരമായ രീതിയിൽ ഉപയോഗിക്കുന്നവരെ ബ്ലാക്ക് ഹാറ്റ് ഹാക്കർ എന്നും ഇതിനു രണ്ടിനും ഇടയിൽപ്പെടുന്ന കൂട്ടരെ ഗ്രേഹാറ്റ് ഹാക്കർ എന്നും വിളിക്കുന്നു. വൈറ്റ് ഹാറ്റ് ഹാക്കിംഗ് വളരെ വേഗം വളരുന്ന, വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട ഒരു പഠനശാഖതന്നെയാണ്. കാരണം, നിയമത്തിലും ശാസ്ത്രത്തിലും സാങ്കേതികവിദ്യാഭ്യാസശാഖകളിലും ബിരുദവും ബിരുദാനന്തരബിരുദവും നേടിയവർ കടന്നുചെല്ലുന്ന ഇടമാണ് വൈറ്റ് ഹാറ്റ് ഹാക്കിംഗ്.

ഫ്രീലാൻസായി ജോലി ചെയ്യാം എന്നതിനോടൊപ്പം കംപ്യൂട്ടർ പ്രോഗ്രാമിംഗുകൾ ഹോബിയാക്കിയിട്ടുള്ളവർക്ക് ജോലിയുടെ ബുദ്ധിമുട്ടുകൾ നേരിടാതെ ലോകത്തിൽ എവിടെയുള്ള കമ്പനികളിലും ജോലി ചെയ്യാം എന്നതാണ് വൈറ്റ് ഹാറ്റ് ഹാക്കിംഗിന്റെ പ്രധാന ആകർഷണീയത. വ്യത്യസ്ത പ്രോഗ്രാമുകൾ പഠിക്കാനും വിവിധ സോഫ്റ്റ്വെയറുകൾ കണ്ടെത്തി അവയുടെ അപാകതകൾ തിരിച്ചറിയാനും സാധിക്കുക എന്നതിലാണ് ഒരു വൈറ്റ് ഹാറ്റ് ഹാക്കറുടെ കഴിവും പ്രാഗല്ഭ്യവും. തങ്ങളുടെ സൈറ്റുകളിലെയും സോഫ്റ്റ്വെയറുകളിലെയും 'ബഗ്സ്' (Bugs) കണ്ടെത്തി അറിയിക്കുന്ന ഹാക്കർമാർക്ക് ഉയർന്ന പ്രതിഫലമാണ് അന്താരാഷ്ട്രകമ്പനികൾ നൽകിവരുന്നത്. എന്നാൽ, പ്രതിഫലത്തിന്റെ കനത്തേക്കാളുപരി സങ്കീർണമായ സോഫ്റ്റ്വെയർ ഓപ്പറേഷനുകളിൽ അഭിരുചിയും ഹരവുമാണ് സാങ്കേതികമേഖലയിലെ പ്രഗത്ഭരെ ഹാക്കിംഗിലേക്ക് ആകർഷിക്കുന്ന ഘടകങ്ങൾ.

ഹാക്കിംഗ് പഠിക്കുന്നതിനായി യൂട്യൂബ് വീഡിയോകൾ മുതൽ ലഭ്യമാണെങ്കിലും ഗവൺമെന്റ് സർട്ടിഫിക്കേഷനുള്ള കോഴ്സുകളാണ് ഈ മേഖലയെ ഗൗരവത്തോടെ സമീപിക്കുന്നവർ പിന്തുടർന്നുകാണുന്നത്.

ഇനി, ഹാക്കിംഗ്മേഖലയുമായി ഒരു ബന്ധവുമില്ലാത്തവരും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളിലേക്കു കടക്കാം. വളരെ സാധാരണമായി നാം കേൾക്കാറുള്ള നിർദ്ദേശങ്ങളാണെങ്കിലും പ്രായഭേദമെന്യേ ആളുകൾ കുടുങ്ങുന്ന ചില സൈബർ കെണികളെക്കുറിച്ച് വിദ്യാർത്ഥികളും ജാഗ്രത പുലർത്തേണ്ടതുണ്ട്. സോഷ്യൽ മീഡിയയിൽ മറ്റുള്ളവരുമായി ഇടപെടുമ്പോൾ ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. വൈറ്റ് ഹാറ്റ്, ബ്ലാക് ഹാറ്റ് എന്നീ വ്യത്യാസങ്ങളില്ലാതെ ഹാക്കർമാർ വിഹരിക്കുന്ന ഇടമായ സോഷ്യൽ മീഡിയാകളിലും മറ്റ് ആശയവിനിമയ ആപ്ലിക്കേഷനുകളിലും ശ്രദ്ധിക്കേണ്ട ചില സാങ്കേതികസൗകര്യങ്ങളും നിർദ്ദേശങ്ങളുംകൂടിയുണ്ട്.

## സുരക്ഷിതമല്ലാത്ത വെബ്സൈറ്റുകൾ ഉപയോഗിക്കാതിരിക്കുക

സൈബർസുരക്ഷയുടെ പ്രാഥമികപാഠമായി കരുതപ്പെടുന്ന ഈ മുൻകരുതൽ മിക്കവർക്കും അറിയാവുന്നതാണെങ്കിലും ഏറ്റവുമധികം പാലിക്കപ്പെടാത്തതും ഈ പ്രധാന നടപടി തന്നെയാണെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്. കാരണം, ചിലപ്പോൾ 'അക്കാദമിക്' ആവശ്യങ്ങൾക്കു പ്രയോജനപ്പെടുത്താവുന്ന സൈറ്റുകൾപോലും ഇത്തരത്തിൽ സുരക്ഷിതമല്ല എന്നു കാണാറുണ്ട്. 'സേഫ് സേർച്ച്' എന്ന ഓപ്ഷൻ ഉപയോഗിക്കുന്നത് സുരക്ഷിതമായതും അല്ലാത്തതുമായ സൈറ്റുകളെ തിരിച്ചറിയാനും ഒഴിവാക്കാനും സഹായിക്കും. ചില സൈറ്റുകളിലെ പരസ്യങ്ങളും ഇത്തരത്തിൽ ശ്രദ്ധിക്കേണ്ടവയാണ്. എളുപ്പത്തിൽ പണം സമ്പാദിക്കാം അല്ലെങ്കിൽ ഫോൺനമ്പറോ മറ്റു വിവരങ്ങളോ നൽകാതെ ചാറ്റ് ചെയ്യാം തുടങ്ങിയ വാഗ്ദാനങ്ങളുമായി വരുന്ന പരസ്യങ്ങൾ പ്രത്യേകമായും ശ്രദ്ധിച്ച് അകലംപാലിക്കുക. ഈ പരസ്യങ്ങൾ കാണുന്നവരിൽ കൗതുകം ജനിപ്പിച്ചശേഷം ചിലപ്പോൾ ഒറ്റ ക്ലിക്കിലൂടെ ഫോണിലെ സ്വകാര്യവിവരങ്ങൾ ചോർത്തിയേക്കാം. അല്ലെങ്കിൽ ഏതെങ്കിലും വൈറസ് മുഖേന കംപ്യൂട്ടറിലേയോ ഫോണിലേയോ വിവരങ്ങൾ തിരിച്ചെടുക്കാൻ സാധിക്കാത്തവിധം നശിപ്പിച്ചേക്കാം. ഇത്തരത്തിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങളും പണവുംവരെ നഷ്ടമാകാറുണ്ട്.

## തുറക്കരുതാത്ത ഫയലുകൾ

സ്പാം ഫയലുകൾ തുറക്കരുതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ, ഇ-മെയിലിൽ അറ്റാച്ച്മെന്റ് കണ്ടാൽ അധികമാളുകളും ആകാംക്ഷയോടെ അത് 'ഓപ്പൺ' ചെയ്യുന്നവരാണ്. നിരുപദ്രവകരമെന്നു തോന്നാവുന്ന ഇത്തരം അറ്റാച്ചുമെന്റുകൾവഴി വൈറസ് അയയ്ക്കുന്നത് സൈബർ ലോകത്ത് വളരെ സാധാരണമാണ്. ചില പ്രമുഖ കമ്പനികളുടെപോലും വിവരങ്ങൾ ഇങ്ങനെ ചോർന്നിട്ടുണ്ട്. പലപ്പോഴും സ്വകാര്യവ്യക്തികളുടെ ഇ-മെയിലിലും മെസേജ് ആപ്ലിക്കേഷനുകളിലും മറ്റും ഇത്തരം വൈറസുകൾ വരില്ല എന്ന തെറ്റുധാരണയാണ് പലരെയും അബദ്ധത്തിൽ എത്തിക്കുന്നത്.

## വിളിക്കാതെ വരുന്ന അവസരങ്ങൾ

ഇവ മറ്റൊരു കെണിയാണ്. അമേരിക്കയിലെയും കാനഡയിലെയും മറ്റും പ്രമുഖ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും പേരിലാണ് ഇത്തരം കെണികൾ കണ്ടുവരുന്നത്. വിദേശരാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ അവസരത്തിനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾ പലപ്പോഴും ഇതിൽ വഞ്ചിതരാകാറുണ്ട്. തൊഴിൽ വാഗ്ദാനങ്ങളായും സമാന മെയിലുകളും മെസേജുകളും പ്രത്യക്ഷപ്പെട്ടേക്കാം. ഒറ്റനോട്ടത്തിൽ തിരിച്ചറിയാത്തവിധം ഭംഗിയായി എഴുതപ്പെട്ടിരിക്കും ഇവ. എന്നാൽ 'നോർക്ക'യും മറ്റ് ഗവൺമെന്റ് ഏജൻസികളും, എംബസികളും എന്നിവ വഴിയും പരിശോധിച്ചാൽ ഇവയുടെ പൊള്ളത്തരം തിരിച്ചറിയാനാകും. ഇ-മെയിലായി ലഭിച്ചിരിക്കുന്ന ഒരു സന്ദേശത്തിന്റെ വസ്തുനിഷ്ഠമായ പരിശോധനയ്ക്കായി പ്രാഥമികമായ നടപടി എന്ന നിലയിൽ ചെയ്യേണ്ടത് അത്തരം സന്ദേശത്തിന്റെ ഉറവിടം പരിശോധിക്കുകയാണ്. പ്രമുഖ സ്ഥാപനങ്ങളുടെ 'ഡൊമയ്ൻ' (domain) അവയുടെ പേരുകൾ തന്നെയായിരിക്കും. ഇവ വ്യാജമായി സൃഷ്ടിക്കുക സാധ്യമല്ല.

ഇങ്ങനെ ഹാക്കിംഗ് എന്ന കൗതുകകരമായ മേഖല സൈബർലോകത്തെ സംരക്ഷിച്ചും പലപ്പോഴും സന്ദേഹിപ്പിച്ചും വിശാലശൃംഖലയായി നിലനില്ക്കുന്നു. ബുദ്ധിയും വിവേകവും കരുതലുംതന്നെയാണ് ഉപഭോക്താവിന്റെ കൈമുതൽ.




ലേഖിക എറണാകുളം ഗവ. ലോ കോളേജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്




## അദ്ധ്യായം 10

ആകാംക്ഷയോടെ, അതിശയത്തോടെ അമ്മയുടെ മുഖത്തു നോക്കിയിരിക്കുകയാണ് സലോമി.

“മാത്തൻ, നിന്നെ മടിയിൽക്കിടത്തി അയൽപക്കത്തുള്ള ചടാക്കു ജീപ്പ് തന്നത്താനോടിച്ച് ആശുപത്രിയിലെത്തിച്ചു. ഒരു മണിക്കൂറു കഴിഞ്ഞപ്പം തിരിച്ചെത്തി. മരണത്തീന്ന് രക്ഷപ്പെട്ടു വന്നതാണെന്ന ഒരു ഭാവവുമില്ലായിരുന്നു നിനക്കപ്പോൾ. നീയങ്ങനെയൊരു കാര്യം നടന്നത് ഇത്തിരിയെങ്കിലും ഓർക്കുന്നുണ്ടോടീ?” സെലീന ചോദിച്ചു.

“ഇല്ലമ്മേ... എനിക്കൊരോർമ്മേമില്ല ഇതുവരെ ഇങ്ങനെയൊരു സംഭവം ജീവിതത്തിലുണ്ടായ കാര്യം അമ്മ പറഞ്ഞിട്ടുമില്ലല്ലോ?”

“അന്ന് നിന്റപ്പൻ എനിക്കിട്ടു തന്ന ഇടിക്കും ചതയ്ക്കും കണക്കില്ലടീ. ഞാൻ കൊച്ചിനെ നോക്കിയില്ലെന്നു പറഞ്ഞായിരുന്നു ഇടിപ്പെരുന്നാള്. ചത്തുപോയെന്നോർത്തുപോയി ഒരവസരത്തിൽ. പള്ളയ്ക്കൊക്കെയാ തൊഴിച്ചത്. മൂത്രത്തിൽക്കൂടെ ചോരയാ വന്നെ. കൊച്ചിന്റെ ജീവൻ കിട്ടിയതിന്റെ സന്തോഷമുണ്ടായെങ്കിലും മരിക്കാൻ ഞാനന്നാഗ്രഹിച്ചുപോയി.”



“ഹൊ! എന്റമ്മ എന്തുമാത്രം സങ്കടം അനുഭവിച്ചിട്ടുണ്ട്....” സലോമി ആരോടെന്നില്ലാതെ പറഞ്ഞു.

സലോമിയിൽനിന്ന് ഒരു ദീർഘനിശ്വാസമുയർന്നു.

“അമ്മേ കുളിപ്പിച്ചോണ്ടിരുന്നപ്പം നീ തിണ്ണയിലിരിപ്പുണ്ടായിരുന്നു. എങ്ങനെ അതിന്റേടേൽ ച്ചെന്ന് കിണറ്റിൽ ചാടിയെന്നെത്ര ചിന്തിച്ചിട്ടും പിടികിട്ടിയില്ല. ഇപ്പഴും അതെനിക്കൊരു അതിശയ സംഭവമാ.” സെലീന പ്രതികരിച്ചു.

“അപ്പന്റെ വീരകൃത്യങ്ങൾ വേറെയുമുണ്ടമ്മേ. ഒരു കാര്യം ഞാനീയിടെയറിഞ്ഞു.”

“ക്രൂരകൃത്യമായിരിക്കും കേട്ടത്.”

“അല്ല. ഒരാളുടെ ജീവൻ രക്ഷിച്ച സംഭവമാ. അപ്പനോടുള്ള നന്ദിയായിട്ട് അയാൾ മകളെ പഠിപ്പിച്ച് ഐ.എ.എസ്സുകാരിയുമാക്കി.”

“എന്താ പെണ്ണേ നീയിപ്പറയുന്നത്?” സെലീന നെറ്റി ചുളിച്ചു.

കളക്ടറായി ചുമതലയേറ്റതിന്റെ പിറ്റേന്ന് മാളിയേക്കൽ തോമസ് എന്നയാൾ കാണാനെത്തിയതും അയാളാണ് തന്റെ പഠനച്ചെലവുകൾ വഹിച്ചതെന്നു വെളിപ്പെടുത്തിയ കാര്യവും സലോമി അമ്മയെ പറഞ്ഞു കേൾപ്പിച്ചു.

“നിന്റയപ്പൻ അങ്ങനെയൊരു നന്മ ചെയ്തെന്ന് എനിക്കു വിശ്വസിക്കാൻ പറ്റുന്നില്ല. അപ്പന്റെ മുഖസാമ്യമുള്ള മറ്റാരെങ്കിലുമായിരിക്കും അയാളെ ആശുപത്രിയിലെത്തിച്ചത്.” സെലീന പറഞ്ഞു.

അമ്മ അപ്പനെ ഇപ്പോഴും വല്ലാതെ വെറുക്കുന്നുണ്ടെന്ന് സലോമിക്കു തോന്നി.

“അമ്മേ, ഞാനൊരു കാര്യം ചോദിച്ചാൽ വെഷമമാകുമോ?”

“നീ എന്തും ചോദിച്ചോ. എനിക്കിനിയെന്തു വിഷമം?”

“അമ്മ ഇഷ്ടത്തോടെയല്ലേ, അപ്പനെ കല്യാണം കഴിച്ചത്?”

സെലീനാ വല്ലാത്ത ഭാവത്തിൽ പുഞ്ചിരിച്ചു. അല്പനേരം മൗനിയായി.

“പെണ്ണുകാണലിനു വന്നപ്പം എനിക്കാ മനുഷ്യനോട് പേടിയാ തോന്നിയത്. ഒരു കശാപ്പുകാരന്റെ മട്ടും ഭാവവും. സംസാരത്തിലും അറപ്പുതോന്നി. ആളു പോയിക്കഴിഞ്ഞപ്പം എനിക്കു വേണ്ടാന്നു പറഞ്ഞ് ഞാൻ വീട്ടിൽ വഴക്കുണ്ടാക്കി. അയാള്, ഇഷ്ടമായെന്നും ഉടനെ കല്യാണം നടത്തണമെന്നും അറിയിച്ചപ്പം എന്റയപ്പൻ പെണ്ണിനിഷ്ടപ്പെട്ടില്ലെന്ന് തുറന്നു പറഞ്ഞു. അങ്ങനെയതു പോയല്ലോന്ന് ഞാൻ കരുതി. അപ്പൻ പിന്നെ എന്റെ കല്യാണാലോചനയും നിർത്തി. വീട്ടിൽ കാശിന് നല്ല ബുദ്ധിമുട്ടുള്ള കാലമാ. രണ്ടുകൊല്ലം കഴിഞ്ഞ് പിന്നേം മാത്തൻ ആളെ പറഞ്ഞുവിട്ടു. പണമൊന്നും വേണ്ട പെണ്ണിനെ മതിയെന്ന്. സമ്മതിക്കെടീ, അല്ലെങ്കിൽ ഇങ്ങനെ നിന്നു മൂത്തുനരച്ചു പോകുകയേയുള്ളൂവെന്ന് വീട്ടിലുള്ളവർ നിർബന്ധിച്ചു. മനസ്സില്ലാമനസ്സോടെ ഞാൻ സമ്മതിച്ചു. കൂടെ ജീവിച്ച ഓരോ ദിവസവും എന്റെ കണ്ണീരൊഴുകി. കെട്ടിക്കേണ്ടായിരുന്നെന്ന് എപ്പഴുമോർത്തു.” സെലീന പറഞ്ഞു.

“പെണ്ണിന്റെ ഇഷ്ടവും സമ്മതവും നോക്കാതെയാ പല കല്യാണങ്ങളും പണ്ട് നടക്കുന്നത്, അല്ലേയമ്മേ?” സലോമി പ്രതികരിച്ചു.

“അതെ. ഇഷ്ടപ്പെടാത്ത ഒരാളുടെകൂടെ ജീവിക്കുന്നത് എന്നും പെണ്ണിന് പീഡാസഹനമാ. എനിക്കിനി ആകെയൊരാഗ്രഹമേയുള്ളൂ. എന്റെ മകൾക്ക് ഒരു നല്ല കെട്ടിയവനെ കിട്ടണം. നെനക്ക് ഉദ്യോഗപ്പവറുണ്ട്. സൗന്ദര്യമുണ്ട്. ഇല്ലാത്തത് പാരമ്പര്യമാ. അപ്പന്റേം അമ്മേടേം കുടുംബവും ചുറ്റുപാടും കേൾക്കുമ്പം കൊള്ളാവുന്നവരൊക്കെ പിറകോട്ടു വലിഞ്ഞേക്കും. അതാ പേടി.”

“അതേ, സമ്പത്തും പ്രതാപോമുള്ളവരെല്ലാം നല്ലവരൊന്നുമല്ല. അവരാ പാവപ്പെട്ടവനെ തെമ്മാടിയും കൊലപാതകിയുമൊക്കെയാക്കുന്നത്. നമ്മടെയപ്പനെ ഗുണ്ടയാക്കിക്കൊണ്ടു നടന്നത് പുഴക്കര വക്കച്ചനല്ലേ? ഒടുവിൽ കൊല്ലിച്ചതാണെന്നും പറച്ചിലുണ്ട്.”

സെലീന നിശ്ശബ്ദയായി ഏതാനും നിമിഷമിരുന്നു. നേരം ഇരുളുകയാണ്. തണുത്തകാറ്റ് വീശുന്നുണ്ട്. മഴപ്പുള്ളുകൾ താണുപറക്കുന്നു.

“മോളേ, പുഴക്കര വക്കച്ചനോട് നമുക്ക് ഒരു കടം കിടപ്പുണ്ട്. ഇതുവരെ കൊടുത്തുവീട്ടാൻ പറ്റീട്ടില്ല.”

“എന്തിന്റെയാ? എത്ര രൂപയുണ്ടമ്മേ.”

“മാത്തന്റെ മരിച്ചടക്കിന്റെ സകലചെലവും അയാളാ വഹിച്ചത്. എത്രയാണെന്നു പറഞ്ഞിട്ടില്ല. അടക്കിയിട്ട് രണ്ടുദിവസം കഴിഞ്ഞ് വക്കച്ചൻ വീട്ടിൽ വന്നു. എന്നെ ആശ്വസിപ്പിക്കാനും അയാളുടെ വീട്ടിലേക്ക് അടുക്കളപ്പണിക്കു വിളിക്കാനുമായിരുന്നു. ഞാൻ പോയില്ല. ഒരാഴ്ചയാകും മുമ്പ് ഈ വീടും വീട്ട് നിന്നേം കൊണ്ട് ഞാൻ കോൺവെന്റിലേക്കു മാറുകയായിരുന്നു.”

“അയാള് ചീത്തമനുഷ്യനായിരുന്നു അല്ലേ, അമ്മേ.”

“അതെ. ഒരു തരത്തിൽ ചിന്തിച്ചാൽ മാത്തന്റെ മരണത്തിനു കാരണം അന്നത്തെ എന്റെ നെറവും ശരീരവുമായിരുന്നു. മാത്തനോട് ഇഷ്ടമൊന്നുമുണ്ടായിരുന്നില്ലെങ്കിലും ഞാനാ മനുഷ്യനെ മനസ്സുകൊണ്ടുപോലും വഞ്ചിച്ചിട്ടില്ല മോളെ. വക്കച്ചന്റെ കെണിയിൽനിന്ന് പലവട്ടം എന്നെ രക്ഷിച്ചത് ദൈവംതമ്പുരാനാ.”

വലിയ മഴത്തുള്ളികൾ മുറ്റത്തു വീണുതുടങ്ങിയപ്പോൾ സെലീനയും സലോമിയും ഇറയത്തുനിന്നെഴുന്നേറ്റു. അവർ അകത്ത് മുറിയിൽ ചെന്നിരുന്നു.

“നെനക്കിപ്പം വയസ്സ് ഇരുപത്തിയേഴായി. ഇനിയെത്രയും പെട്ടെന്ന് കല്യാണം നടത്തണ്ടതാ. വല്യ ബംഗ്ലാവിൽ നീ കുടുംബമായിട്ടു താമസിക്കുന്നത് അമ്മയ്ക്കു കാണണം.”

“കാണാൻ ഒരു ദിവസംപോലും അമ്മയങ്ങോട്ടൊന്നു വരികയില്ലല്ലോ?” കല്യാണം ഞാൻതന്നെ അന്വേഷിച്ച് ഞാൻതന്നെ നടത്തണോന്നാണോ അമ്മ പറയുന്നെ?”

“മോളേ, നെനക്കപ്പനില്ല, ആങ്ങളയില്ല. ഈ പാവംപിടിച്ച കൂലിപ്പണിക്കാരിയായ തള്ളയ്ക്ക് എന്തുചെയ്യാൻ പറ്റും, പറയാനല്ലാതെ.” സെലീന മകളെ ദീനമായി നോക്കി.

“എനിക്കറിയാമമ്മേ, അമ്മ ഒരഭിപ്രായം പറയ്. എങ്ങനെയുള്ള ചെറുക്കനെയാ ഞാൻ കല്യാണം കഴിക്കണ്ടത്?”

“നെനക്കു ചേരുന്ന ചെറുക്കൻ വേണം, കാഴ്ചയിലും ജോലിയിലുമൊക്കെ. നിന്നെ ആലോചിച്ചാൽ ആർക്കും ഇഷ്ടപ്പെടാതെ വരില്ല. ആകെയുള്ളൊരു കുഴപ്പം മരിച്ചുപോയ അപ്പനും ജീവിച്ചിരിക്കുന്ന ഞാനുമാ.”

“അമ്മയെന്തായീ പറയുന്നെ.” എനിക്കെന്റെ അപ്പനും അമ്മയും അപമാനമല്ല. കുറഞ്ഞവരായിട്ട് ഒരിക്കലും ഞാൻ കരുതീട്ടില്ല.”

“നീ കരുതില്ല. പക്ഷേ, ചുറ്റുപാടുള്ള ഒരു കുടുംബത്തീന്ന് ആലോചന വരുമ്പം അവര് വീട്ടുകാരെപ്പറ്റി തിരക്കും. കേൾക്കുമ്പഴേ ഇട്ടേച്ചുപോകും.”

“അങ്ങനെയങ്ങു പോകുന്നെങ്കിൽ പോട്ടെ. എനിക്കിപ്പം എന്റെ ജോലിയാ പ്രധാനം. ആക്ഷേപം കൂടാതെ അതു ചെയ്യണം. അമ്മ ഇനിയുള്ള കാലമെങ്കിലും കഷ്ടപ്പെടാതെ, സങ്കടപ്പെടാതെ ജീവിക്കുന്നതു കാണണം.”

“എനിക്കിപ്പം ഒരു കുഴപ്പോമില്ലെടീ. ഞാൻ മഠത്തിൽ ജോലിക്കു പോണത് നെനക്കു കൊറച്ചിലാകുമെന്നും അതു വെലക്കുമെന്നുമോർത്തു. നീ അനുവദിച്ചു. അതു വലിയ സന്തോഷമായി. എന്റേം നിന്റേം വേര് ആ മഠത്തിലാ. അതെപ്പോഴും ഓർമ്മ വേണം.”


“അതല്ലേ അമ്മേ ഞാൻ വന്നത്. കുട്ടികൾക്കൊക്കെ ഉടുപ്പും പലഹാരോം കൊണ്ടു ചെന്നു കൊടുത്തത്.”

“അങ്ങനെ ചെയ്തത് എനിക്കൊത്തിരി ഇഷ്ടപ്പെട്ടു. ഇനി വർത്താനം പിന്നെപ്പറയാം. നീ ചെന്നു കുളിച്ച് ക്ഷീണം മാറ്റ്. മഴ വന്നിട്ടു പെയ്യാതെ പോയി.” അങ്ങനെ പറഞ്ഞ് സെലീന എഴുന്നേറ്റ് അടുക്കളയിലേക്കു പോയി.

മകൾക്ക് എന്തു കറിയുണ്ടാക്കുമെന്ന് സെലീനയ്ക്ക് വേവലാതിയുണ്ടായി. ഇറച്ചിയും മീനുമൊക്കെ വല്ലപ്പോഴുമേ വാങ്ങിക്കാറുള്ളൂ. മിക്കവാറും വീട്ടുമുറ്റത്തെ പച്ചക്കറികൾകൊണ്ട് കഴിയുകയാണ് സെലീന. സലോമി പറഞ്ഞിട്ടു വന്നിരുന്നെങ്കിൽ എന്തെങ്കിലും കരുതാമായിരുന്നു. പോത്തിറച്ചി ഉണങ്ങിയത് ഇരിപ്പുള്ള കാര്യം പെട്ടെന്നോർത്തു. സലോമിക്ക് ഉണക്കിറച്ചി വറുത്തത് ഇഷ്ടവുമാണ്. ടിന്നിൽനിന്ന് ഉണങ്ങിയ പോത്തിറച്ചിയെടുത്ത് കഴുകി കഷണങ്ങളാക്കി. പിന്നെ വറ്റൽ മുളകും വെളുത്തുള്ളിയും ഇഞ്ചിയും കുരുമുളകും ചേർത്തരച്ചു. ചീനച്ചട്ടിയിൽ എണ്ണയൊഴിച്ച് അടുപ്പത്തു വച്ചു. എണ്ണ തിളച്ചപ്പോൾ അരച്ചുതിരുമ്മിയ ഉണക്കയിറച്ചിക്കഷണങ്ങൾ ചീനച്ചട്ടിയിലിട്ട് വറുത്തുകോരി.

അമ്മയും മകളും കുടുംബപ്രാർത്ഥനയ്ക്കുശേഷം ഒരുമിച്ചിരുന്ന് അത്താഴം കഴിച്ചു. രാത്രി പതിനൊന്നുവരെ വിശേഷങ്ങൾ പറഞ്ഞിരുന്നു. പിന്നെ ഒരുമിച്ച് ഒരു കട്ടിലിൽ കിടന്നുറങ്ങി. ഉറക്കത്തിൽ ഭീതിജനകമായ സ്വപ്നങ്ങളായിരുന്നു സലോമിക്കു കൂട്ടിനെത്തിയത്. മാത്തനെ എതിരാളികൾ ഇടവഴിയിലിട്ട് വെട്ടുന്ന രംഗങ്ങളായിരുന്നു സ്വപ്നത്തിൽ തെളിഞ്ഞത്.

*(തുടരും)*




**നവംബർ 8**
**പള്ളിക്കൂദാശക്കാലം രണ്ടാം ഞായർ**



പുറപ്പാട് 40,1-16;
1 രാജ 8,22-29;
ഹെബ്രാ 9,16-28
13,1-13;
മത്തായി 22, 41-46

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# ദൈവാലയത്തെക്കാൾ വലിയവൻ

**പു**റപ്പാടുപുസ്തകത്തിൽ നിന്നുള്ള വായനയിൽ കർത്താവിന്റെ നിർദേശമനുസരിച്ചു നിർമിക്കപ്പെട്ട കൂടാരം മോശ എപ്രകാരമാണ് പ്രതിഷ്ഠിക്കേണ്ടതെന്നും വിശുദ്ധവസ്തുക്കൾ എങ്ങനെ അഭിഷേചിച്ചു വിശുദ്ധീകരിക്കണമെന്നുമാണ് വിവരിക്കുന്നത്. വിശുദ്ധ വസ്തുക്കൾ എപ്പോഴും വിശുദ്ധമായി കാത്തുസൂക്ഷിക്കുവാനുള്ള കടമയാണ് വചനം പറഞ്ഞുതരുന്നത്. വിശുദ്ധ കർമങ്ങൾ ചെയ്യുന്നതിന് തിരഞ്ഞെടുക്കപ്പെട്ട പുരോഹിതരെ അഭിഷേകം ചെയ്യുന്നതിനും മോശയോട് ദൈവം നിർദേശിക്കുന്നുണ്ട്. മോശ നിർമിച്ച കൂടാരവും അതിനോടു ബന്ധപ്പെട്ട ശുദ്ധീകരണകർമങ്ങളും യഥാർഥ ദൈവാലയത്തിന്റെയും മിശിഹായിൽ സാക്ഷാത്കൃതമായ യഥാർഥ ആരാധനയുടെയും പ്രതിരൂപമാണ്. ആചാരാനുഷ്ഠാനങ്ങളിലൂടെ പ്രകടമാകുന്നത് ദൈവവിശ്വാസമാണ്. എന്നാൽ, ദൈവത്തിന്റെ സ്നേഹവും കരുണയും ഈ ആചാരാനുഷ്ഠാനങ്ങളെക്കാൾ ഉപരിയാണ് എന്നാണ് സാബത്തിന്റെയും കർത്താവാണ് ഈശോ എന്നു പറയുന്നതിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നത്.

രാജാക്കന്മാരുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ വായന ഇസ്രായേലിനുവേണ്ടി നിർമിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠാവേളയിൽ സോളമൻ രാജാവ് നടത്തുന്ന പ്രാർഥനയാണ്. ആ പ്രാർഥനയിൽ സോളമൻ ഏറ്റുപറയുന്നത് ദൈവമായ കർത്താവിനെപ്പോലെ ആകാശത്തിലും ഭൂമിയിലും വേറൊരു ദൈവമില്ലായെന്നാണ്. അവിടന്ന് വാഗ്ദാനം നിറവേറ്റുന്നവനാണ്. സോളമൻ അപേക്ഷിക്കുന്നു: അവിടത്തെ സന്നിധിയിൽ നടത്തുന്ന പ്രാർഥനകളും നിലവിളികളും കേൾക്കണമേ. കർത്താവിന്റെ കടാക്ഷം ആലയത്തിന്മേൽ ഉണ്ടാകണമേ. അദൃശ്യനായ ദൈവത്തിന്റെ സാന്നിധ്യവും കൃപയും അനുഭവിക്കുന്ന ദൃശ്യമായ വേദിയാണ് ദൈവാലയം. അവിടെ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നിടത്ത് അവിടത്തെ കൃപാകടാക്ഷം ഉണ്ടാകും.

പഴയനിയമവായനയിൽ കാണുന്ന കൂടാരവും ദൈവാലയവും മിശിഹാ നിത്യപുരോഹിതനായിരിക്കുന്ന സ്വർഗീയദൈവാലയത്തിന്റെ പ്രതിരൂപങ്ങൾ മാത്രമാണ് എന്ന് ഹെബ്രായലേഖനം പഠിപ്പിക്കുന്നു. സ്വർഗീയസ്ഥലത്തിന്റെ സാദൃശ്യവും ആദ്യമാതൃകയുമാണ് അവർ ശുശ്രൂഷ ചെയ്തിരുന്നിടം. പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തിന്മേൽ ഈശോ സ്ഥാപിച്ച തിരുസഭയിൽ ആരാധനാസമൂഹം നടത്തുന്ന ബലിയർപ്പണം മിശിഹാ കാൽവരിയിൽ അർപ്പിച്ച എന്നന്നേക്കുമായുള്ള ഏകബലിയുടെ അനുസ്മരണവും സ്വർഗീയജറുസലേമിൽ പിതാവിന്റെ സന്നിധിയിൽ അവിടുന്ന് മനുഷ്യകുലത്തെ സമർപ്പിക്കുന്നതിന്റെ മുന്നനുഭവവുമാണ്.

വിശുദ്ധ സുവിശേഷത്തിൽ നാം കാണുന്നത്, ദൈവാലയത്തെക്കാൾ ശ്രേഷ്ഠനും സാബത്തിന്റെ കർത്താവുമായവനാണ് മിശിഹാ എന്ന വെളിപ്പെടുത്തലാണ്. ഈശോയും ശിഷ്യരും ഒരു വയലിലൂടെ കടന്നുപോകുമ്പോൾ ശിഷ്യന്മാർ യഹൂദരുടെ ആചാരങ്ങൾ ലംഘിച്ചുകൊണ്ട് സാബത്തിൽ കതിരുകൾ പറിച്ചുതിന്നു. ഇതു കണ്ട് ഫരിസേയർ ഈശോയോടു പറയുന്നു: അവിടത്തെ ശിഷ്യന്മാർ നിഷിദ്ധമായത് ചെയ്യുന്നു. അന്യന്റെ പാടത്തുകൂടി കടന്നുപോകുമ്പോൾ വിശന്നാൽ കതിരുകൾ പറിച്ചുതിന്നുന്നത് അനുവദനീയമായിരുന്നു (നിയ 23,25). സാബത്തിൽ ഭക്ഷണംകഴിക്കുകയും ചെയ്തിരുന്നു. എന്നാൽ സാബത്തിൽ ജോലിചെയ്യുന്നത് നിഷിദ്ധമായിരുന്നു. കതിരുകൾ പറിച്ചുതിന്നുന്നത് കൊയ്ത്തുപോലെ ഒരു ജോലിയായിക്കണ്ടാണ് വിമർശനങ്ങൾ ഉതിർത്തത്. ഈശോയിൽ കുറ്റമാരോപിക്കേണ്ടതിന് അവിടത്തെ പിന്തുടർന്നിരുന്ന അവരുടെ മനോഭാവം അറിഞ്ഞിരുന്ന ഈശോ അവർ ആദരവോടെ കണ്ടിരുന്ന രണ്ടു കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ശിഷ്യമാരുടെ പ്രവർത്തനങ്ങളുടെ മേലുള്ള ആരോപണങ്ങളെ തള്ളിക്കളയുകയാണ്. ഒന്നാമതായി സാമുവേലിന്റെ ഒന്നാം പുസ്തകം 21, 1-6 ൽ വിവരിക്കുന്ന സംഭവമാണ് ഈശോ ഉദ്ധരിക്കുന്നത്.



ദാവീദ് നിഷിദ്ധമായ ഒരുകാര്യം ചെയ്തുവെങ്കിലും ആ സംഭവം ഒരു തെറ്റായി അവർ പരിഗണിച്ചിരുന്നില്ല. അതുപോലെതന്നെ സാബത്തിൽ പുരോഹിതർ ജോലി ചെയ്തിരുന്നെങ്കിലും അതും ഒരു തെറ്റായി അവർ കണ്ടിരുന്നില്ല. കാരണം, ദൈവാലയത്തിലെ ജോലിയുടെ ഔന്നത്യം സാബത്തുനിയമത്തെ മറികടന്നിരുന്നു. എന്നാൽ, ഇവിടെ ദേവാലയത്തേക്കാൾ വലിയവൻ ഉള്ളതുകൊണ്ട് ശിഷ്യന്മാരുടെ പ്രവൃത്തികൾക്കു ന്യായീകരണമുണ്ട്.

ഈശോ സിനഗോഗിൽ പ്രവേശിച്ചപ്പോഴും ചിലരുടെ നോട്ടം അവനിൽ കുറ്റമാരോപിക്കുക എന്നതാണ്. എന്തു ചെയ്താലും അവിടുന്നിൽ കുറ്റമാരോപിക്കുന്നതിനുവേണ്ടി ഒരു കൂട്ടം ആളുകൾ എപ്പോഴും ഉണ്ടായിരുന്നതായി വചനത്തിൽനിന്നു മനസ്സിലാകും. എന്നാൽ, ഈശോ ഈ അവസരം പ്രയോജനപ്പെടുത്തി കരുണയെയും സ്നേഹത്തെയുംകുറിച്ച് അവരെ പഠിപ്പിക്കുകയാണ്. യഥാർഥമായ കരുണയ്ക്ക് യാതൊരു പ്രതിബന്ധവുമില്ല. അതു തിരിച്ചറിഞ്ഞിരുന്നെങ്കിൽ അകാരണമായി കുറ്റം വിധിക്കുകയില്ലായിരുന്നു. കുഴിയിൽ വീണുപോയതിനെ വീണ്ടെടുക്കുന്നതും, കുറവുകളുള്ളവനെ ബലവാനാക്കുന്നതുമെല്ലാം സാബത്തിന്റെ ചൈതന്യംതന്നെയാണ് എന്ന് ഈശോ പഠിപ്പിക്കുന്നു.

□

# സ്തനാർബുദം നേരത്തേ കണ്ടെത്താൻ

## ആരോഗ്യവീഥി





ഡോ. നസ്നീൻ അമീർ

**സ്**ത്രീകളിൽ ഏറ്റവുമധികം കണ്ടുവരുന്ന കാൻസറാണ് ബ്രസ്റ്റ് കാൻസർ അഥവാ സ്തനാർബുദം. മാറിലോ കക്ഷത്തിലോ ഉള്ള മുഴ, സ്തനങ്ങളുടെ വലിപ്പവ്യത്യാസം, തൊലിപ്പുറത്തെ നിറവ്യത്യാസങ്ങൾ, ചുവന്നനിറത്തിലുള്ള സ്രവം പുറത്തുവരിക എന്നിവയാണ് സ്തനാർബുദത്തിന്റെ ലക്ഷണങ്ങളായി സാധാരണ കണ്ടുവരുന്നത്. സ്തനാർബുദചികിത്സയെ സംബന്ധിച്ച ഏറ്റവും പ്രധാന വസ്തുത കാൻസർ ഏറ്റവും നേരത്തേ കണ്ടുപിടിച്ചു ചികിത്സ തുടങ്ങുകയെന്നതാണ്. സ്തനാർബുദം നേരത്തേ കണ്ടുപിടിക്കുന്നതിനു പ്രധാനമായും മൂന്നു വഴികളാണുള്ളത്.



- സ്വയംപരിശോധന
- ഡോക്ടറെയോ നഴ്സിനെയോ കണ്ടുള്ള വിദഗ്ധപരിശോധന
- മാമ്മോഗ്രാഫി

ഇതിൽ ഏറ്റവും എളുപ്പവും പ്രയോഗികവുമായത് സ്വയം പരിശോധനയാണ്.

**സ്വയം പരിശോധന എപ്പോൾ ചെയ്യണം**

-മാസമുറയുള്ള സ്ത്രീകൾക്ക് എല്ലാ മാസവും ബ്ലീഡിങ് കഴിഞ്ഞു പത്തു ദിവസത്തിനുശേഷം പരിശോധന നടത്താം.

-മാസമുറ കഴിഞ്ഞ സ്ത്രീകൾക്ക് എപ്പോൾവേണമെങ്കിലും പരിശോധന നടത്താവുന്നതാണ്.

**സ്വയം പരിശോധന എങ്ങനെ ചെയ്യണം**

1. കുളി കഴിഞ്ഞതിനുശേഷം കണ്ണാടിയുടെ മുന്നിൽനിന്ന് ഇരുമാറുകളും നിരീക്ഷിക്കുക. രണ്ടു കൈകളും ഇരുവശങ്ങളിലായി ഇട്ടുകൊണ്ട് ആദ്യം നിരീക്ഷിക്കുക. അതിനുശേഷം കൈകൾ തലയ്ക്കുമുകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു പരിശോധിക്കുക. മാറിലോ കക്ഷത്തിലോ ഉള്ള മുഴ, സ്തനങ്ങളുടെ വലിപ്പവ്യത്യാസം, തോൾപ്പുറത്തെ ചുവന്ന പാടുകൾ, നിപ്പിൾ ഉള്ളിലേക്കു വലിഞ്ഞിരിക്കുകയോ സ്രവം വരികയോ ചെയ്യുന്നുണ്ടോ എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്. ഇതേപോലെ രണ്ടു സ്തനങ്ങളും പരിശോധിക്കേണ്ടതാണ്.

2. കട്ടിലിൽ മലർന്നുകിടന്നതിനുശേഷം ഇടതുകൈ തലയുടെ പിന്നിലായി വയ്ക്കുക. വലതു കൈയിലെ പെരുവിരൽ ഒഴികെയുള്ള നാലു വിരലുകളുടെ അറ്റങ്ങൾ കൊണ്ട് സ്തനങ്ങൾ മുകളിൽനിന്നു തുടങ്ങി താഴോട്ട് എല്ലാ ഭാഗവും ഒപ്പം കക്ഷവും പരിശോധിക്കുക. മറ്റേ മാറിലും എതിർ വശത്തെ കൈകൊണ്ട് ഇതേ പ്രവൃത്തി ആവർത്തിക്കുക. ശ്രദ്ധിക്കുക, എന്തെങ്കിലും മുഴകളോ കഴിഞ്ഞ മാസത്തിലേതിൽനിന്ന് എന്തെങ്കിലും വ്യതിയാനങ്ങളോ കണ്ടെത്തിയാൽ എത്രയും പെട്ടെന്ന് വൈദ്യസഹായം സ്വീകരിക്കുക.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ മെഡിക്കൽ ഓങ്കോളജി കൺസൽട്ടന്റാണ്*

**ചിരിപൊരി** **താവളം**



# മുന്നാക്കസമുദായസംവരണം കരുതൽ വേണം; ജാഗ്രതയും






ഡോ. കുര്യാസ് കുമ്പളക്കുഴി

മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കു സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പത്തു ശതമാനം സംവരണം അനുവദിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനത്തിനെതിരേ ചില പിന്നാക്കസമുദായ നേതാക്കളും രാഷ്ട്രീയനേതാക്കളും രംഗത്തെത്തിയിരിക്കുകയാണ്.

അത്യന്തം നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണിത്. തങ്ങൾക്കു ലഭിക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ മറ്റാർക്കും ലഭിക്കരുത് എന്ന സ്വാർത്ഥകലുഷിതമായ മനോവികാരമാണ് ഇതിനു പിന്നിൽ പ്രകടമാകുന്നത്. മുന്നാക്കസമുദായത്തിൽ ജനിച്ചുപോയതിന്റെ പേരിൽ സാമ്പത്തികവും തൊഴിൽപരവും വിദ്യാഭ്യാസപരവുമായ യാതൊരുവിധ ആശ്വാസത്തിനും അവകാശമില്ലാത്ത കോടിക്കണക്കിനു ദരിദ്രർ ഇന്ത്യയിലുണ്ട്. ഏതൊരു പിന്നാക്കക്കാരനെയും പട്ടികവർഗ്ഗക്കാരനെയുംപോലുമോ അതിലധികമോ ദയനീയമാണ് അവരുടെ ജീവിതം. അവർക്കു ചെറിയ തോതിലെങ്കിലും ആശ്വാസം നല്കാൻ പര്യാപ്തമാണ് നിർദ്ദിഷ്ടമുന്നാക്കസമുദായസംവരണം.

സ്വാതന്ത്ര്യാനന്തരകാലംമുതലേ, നിർധനരായ മുന്നാക്കസമുദായാംഗങ്ങൾ ഇത്തരത്തിലുള്ള എന്തെങ്കിലും ആശ്വാസനടപടികൾക്കുവേണ്ടി മുറവിളികൂട്ടുന്നുണ്ടായിരുന്നു. കോൺഗ്രസും കമ്യൂണിസ്റ്റു പാർട്ടികളും ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികൾ ഇതിനെ പിന്തുണയ്ക്കുന്നുമുണ്ടായിരുന്നു. പക്ഷേ, അവർ അധികാരത്തിലിരുന്ന കാലത്തൊന്നും എന്തെങ്കിലും ആശ്വാസനടപടികൾ സ്വീകരിക്കാൻ കഴിയാതെ പോയി. ഇപ്പോൾ ബിജെപിയും പ്രധാനമന്ത്രി നരേന്ദ്രമോദിയുമാണ് ആ ഉത്തരവാദിത്വം ഭാഗികമായെങ്കിലും നിർവ്വഹിക്കാൻ തയ്യാറായത്. പക്ഷേ, അതൊന്നും തങ്ങൾ അനുവദിക്കില്ലെന്നാണ്, സംവരണാനുകൂല്യങ്ങൾ പറ്റി, പിന്നാക്കക്കാരിലെ മുന്നാക്കക്കാരായി ത്തീർന്നവരുടെ നിലപാട്!

മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് പത്തു ശതമാനം സംവരണം അനുവദിക്കുന്ന 103-ാം ഭരണഘടനാഭേദഗതി ബില്ല് നിയമമന്ത്രാലയം തയ്യാറാക്കിയത് കേന്ദ്രമന്ത്രിസഭ അംഗീകരിച്ചത് 2019 ജനുവരി ഏഴിനാണ്. എട്ടാംതീയതി ലോക്‌സഭയും ഒമ്പതാംതീയതി രാജ്യസഭയും ഭേദഗതിബിൽ അംഗീകരിച്ചു. അങ്ങനെ, ഭരണഘടനയിലെ ആർട്ടിക്കിൾ 15 ഉം 16 ഉം ഭേദഗതി ചെയ്ത് 15(b), 16 (b) ഉപവകുപ്പുകൾ കൂട്ടിച്ചേർക്കപ്പെട്ടു.

ജനുവരി 12 ന് രാഷ്ട്രപതിയും ഭരണഘടനാഭേദഗതി ബില്ലിൽ ഒപ്പുവച്ചു. ജനുവരി പത്തൊമ്പതിനു നിയമഭേദഗതി നടപ്പിലാക്കിക്കൊണ്ടുള്ള കേന്ദ്രഗവൺമെന്റ് ഉത്തരവും പുറത്തിറങ്ങി.

പിന്നെ താമസിച്ചില്ല, രാജ്യത്തെ ഹൈക്കോടതികളിലും സുപ്രീംകോടതിയിലും പുതിയ ഉത്തരവിനെതിരേ റിട്ട് ഹർജികളുമായി ആവലാതിക്കാരെത്തി. ഹൈക്കോടതികളിലെ പരാതികളെല്ലാം പിന്നീട് സുപ്രീംകോടതിയിലേക്കു മാറ്റി. വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും സമർപ്പിച്ച 35 റിട്ട് ഹർജികൾ ഇപ്പോൾ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിന്റെ പരിഗണനയിലാണ്.

സംഘടനകളിലൊന്ന് കേരളത്തിലെ ശ്രീനാരായണധർമ്മപരിപാലനയോഗ(എസ്എൻഡിപി)മാണ്. വ്യക്തികളുടെ കൂട്ടത്തിൽ ഒരു മുൻ ഹൈക്കോടതി ജഡ്ജിയുമുണ്ട്, ജസ്റ്റീസ് വംഗാല ഈശ്വരയ്യ. ആന്ധ്രാപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്നു. റിട്ടയർ ചെയ്തുകഴിഞ്ഞ് മൂന്നുവർഷം (2013-16) പിന്നാക്കവിഭാഗ ദേശീയകമ്മീഷൻ ചെയർമാനും. ഇപ്പോൾ ആന്ധ്രാപ്രദേശ് ഹയർ എഡ്യുക്കേഷൻ കമ്മീഷൻ ചെയർമാനാണ്.

ഇന്ത്യയിലെ വിവിധ ജാതിമതവിഭാഗങ്ങൾക്ക് ഭരണഘടന അനുവദിച്ചുനല്കിയിരിക്കുന്ന സംവരണാനുകൂല്യങ്ങൾ അതേപടി നിലനിർത്തിക്കൊണ്ട്, സംവരണേതരവിഭാഗങ്ങൾക്കും സംവരണവിഭാഗങ്ങൾക്കും പൊതുവായി അവകാശപ്പെട്ട 50 ശതമാനം തൊഴിൽ, വിദ്യാഭ്യാസമേഖലയിൽ പത്തു ശതമാനം സംവരണേതരവിഭാഗത്തിലെ പാവപ്പെട്ടവർക്കായി നീക്കിവയ്ക്കുക മാത്രമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഇതൊന്നും മനസ്സിലാക്കാൻ മനസ്സില്ലാതെ, മുന്നാക്കക്കാർക്കു കിട്ടിയിരിക്കുന്ന പിച്ചച്ചട്ടികൂടി തച്ചുടയ്ക്കാൻ ചാടിപ്പുറപ്പെട്ടിരിക്കുന്നവർ പുല്ക്കൂട്ടിലെ നായയുടെ കൗടില്യമല്ലേ കാണിക്കുന്നത്?

ഇപ്പോൾ കേരളത്തിൽ മുന്നാക്കസംവരണം ചർച്ചാവിഷയമായിത്തീർന്നത്, ഈ ഒക്ടോബർ 21 ന് സാമ്പത്തികസംവരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് നിയമഭേദഗതി സംസ്ഥാനമന്ത്രിസഭ അംഗീകരിച്ചതോടെയാണ്. ഇതോടെ കേരള സർക്കാരിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും അർധസർക്കാർ സ്ഥാപനങ്ങളിലും പൊതുവിഭാഗങ്ങൾക്കുള്ള അമ്പതു ശതമാനം തസ്തികകളിൽ പത്തു ശതമാനം മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്ക് അവകാശപ്പെട്ടതായി.

> **മുന്നാക്കസമുദായത്തിൽ ജനിച്ചുപോയതിന്റെപേരിൽ സാമ്പത്തികവും തൊഴിൽപരവും വിദ്യാഭ്യാസപരവുമായ യാതൊരുവിധ ആശ്വാസത്തിനും അവകാശമില്ലാത്ത കോടിക്കണക്കിനു ദരിദ്രർ ഇന്ത്യയിലുണ്ട്. ഏതൊരു പിന്നാക്കക്കാരനെയും പട്ടികവർഗ്ഗക്കാരനെയുംപോലുമോ അതിലധികമോ ദയനീയമാണ് അവരുടെ ജീവിതം. അവർക്കു ചെറിയ തോതിലെങ്കിലും ആശ്വാസം നല്കാൻ പര്യാപ്തമാണ് നിർദ്ദിഷ്ട മുന്നാക്കസമുദായസംവരണം.**

ഈ ലക്ഷ്യത്തിനുവേണ്ടി 2015 മേയിൽ കേരളനിയമസഭ ഒരു സംസ്ഥാനകമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചുകൊണ്ടു നിയമം പാസ്സാക്കിയിരുന്നു. അതനുസരിച്ചു നിലവിൽവന്ന ആദ്യ കമ്മീഷനിൽ ഞാനും അംഗമായിരുന്നു. സാമ്പത്തികസംവരണം നടപ്പിലാക്കുന്നതിനു സഹായകമായ നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കുകയായിരുന്നു ഞങ്ങളുടെ ചുമതല.

അതനുസരിച്ച് 2019 ഫെബ്രുവരി 19 ന് ഞങ്ങൾ വ്യാപകമായ പഠനത്തിനുശേഷം തയ്യാറാക്കിയ ഒരു റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനിടയിലാണ് 2019 ജനുവരി 19 ലെ കേന്ദ്രഗവൺമെന്റ് ഉത്തരവു പുറത്തുവന്നത്. അതിന്റെ ചുവടുപിടിച്ച് വ്യക്തമായ 15 ശിപാർശകളോടുകൂടിയ റിപ്പോർട്ടായിരുന്നു ഞങ്ങൾ തയ്യാറാക്കിയത്.

സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ പത്തു ശതമാനം തസ്തികകൾ, പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലെ പത്തു ശതമാനം പ്രവേശനം എന്നിവയ്ക്കുപുറമേ, എല്ലാ തലത്തിലും സൗജന്യവിദ്യാഭ്യാസം, സ്കോളർഷിപ്പ്, വിദ്യാർത്ഥികൾക്കു സൗജന്യപരിശീലനകേന്ദ്രങ്ങൾ, പെൺകുട്ടികളുടെ വിവാഹാവശ്യങ്ങൾക്കു വിവാഹസഹായനിധി, സർക്കാർ തലത്തിൽ പ്രത്യേക വകുപ്പ്, ഉദ്യോഗാർത്ഥികൾക്ക് 41 വയസ്സു പ്രായപരിധി, ഭവനപുനരുദ്ധാരണത്തിനും സ്വയംതൊഴിൽ കണ്ടെത്തലിനും പലിശരഹിതവായ്പകൾ എന്നിവയും ഞങ്ങൾ നല്കിയ ശിപാർശകളിൽപ്പെടുന്നു.

ഞങ്ങളുടെ റിപ്പോർട്ട് അലമാരയിലിരിക്കേ, സംസ്ഥാന ഗവൺമെന്റ് ഇതേ ആവശ്യത്തിലേക്കു മറ്റൊരു കമ്മിറ്റിയെ നിയോഗിച്ചു. അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. അതനുസരിച്ചു സംവരണാനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ കുടുംബവരുമാനം നാലുലക്ഷം രൂപയിൽ കൂടാൻ പാടില്ല. പഞ്ചായത്തുകളിൽ രണ്ടര ഏക്കറും മുനിസിപ്പാലിറ്റികളിൽ 75 സെന്റും കോർപ്പറേഷൻ പരിധിയിൽ 50 സെന്റുമാണ് കൈവശമുണ്ടായിരിക്കാവുന്ന ഭൂമി.

കേന്ദ്രഗവൺമെന്റ് ഉത്തരവിൽ എട്ടുലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർ സംവരണപരിധിയിൽ വരും. അതുപോലെ ഗ്രാമപ്രദേശങ്ങളിൽ അഞ്ചേക്കർവരെ ഭൂമിയുള്ളവരും. അതുതന്നെയായിരുന്നു ഞങ്ങളുടെയും നിർദ്ദേശം. വീടിന്റെ വലുപ്പം 1000 ച. അടിയിൽ കൂടാൻ പാടില്ല.

സംസ്ഥാന സർക്കാർ തീരുമാനമനുസരിച്ചു മുന്നാക്കസമുദായങ്ങളിലെ ഭൂരിപക്ഷം പാവപ്പെട്ടവരും സംവരണാനുകൂല്യങ്ങൾക്കു വെളിയിലായിരിക്കുകയാണ്. ഇതു സംവരണനിയമതത്ത്വങ്ങൾക്കു വിരുദ്ധമായ നടപടിയായിപ്പോയി. ഒരു നിയമം നിർമ്മിക്കുമ്പോൾ അതിന്റെ ആനുകൂല്യം എത്രയധികം പേർക്കു പ്രയോജനപ്പെടുത്താൻ കഴിയും എന്നല്ലേ ആലോചിക്കേണ്ടത്? അല്ലാതെ, എങ്ങനെ കൂടുതൽ പേരെ അതിന്റെ പരിധിയിൽനിന്നൊഴിവാക്കാം എന്നല്ലല്ലോ. എന്തുമാകട്ടെ, അത്രയെങ്കിലും ആയല്ലോ എന്നാശ്വസിക്കാം.

എന്നിട്ടും അതിനെതിരേ പടയൊരുക്കം നടത്തുകയാണു സ്വാർത്ഥതത്പരർ. അക്കൂട്ടത്തിൽ അവസാനം ഇടംപിടിച്ചിരിക്കുന്നത് കേരളത്തിലെ പ്രബല രാഷ്ട്രീയകക്ഷിയായ മുസ്ലീംലീഗുതന്നെയാണെന്നത് ഉത്കണ്ഠാജനകമായ വസ്തുതയാണ്. അവർ ആവർത്തിച്ചാണയിടുന്ന മതേതരത്വമൊക്കെ വെറും കാപട്യമാണെന്നാണോ മുന്നാക്കസമുദായങ്ങൾ കരുതേണ്ടത്? പിന്നാക്കക്കാർക്കും ന്യൂനപക്ഷങ്ങൾക്കും അവകാശപ്പെട്ട ആനുകൂല്യങ്ങളൊക്കെ തങ്ങൾക്കുതന്നെ വേണമെന്ന ദുശാഠ്യം അവർക്കുണ്ടെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്.

ഇപ്പോൾ പിന്നാക്കവിഭാഗങ്ങളെയും സഹകരിപ്പിച്ചുകൊണ്ട്, സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ കക്ഷിചേരാൻ അവർ തീരുമാനിച്ചുകഴിഞ്ഞു. ഇത്രയ്ക്കു സമുദായസ്പർധ വേണമോ എന്ന് അവർ ഒരിക്കൽക്കൂടി കൂടിയാലോചിക്കുന്നതു നന്നായിരിക്കും. തങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽ ഒരു കുറവും വരില്ല എന്നുറപ്പുള്ള സാഹചര്യത്തിൽ പ്രത്യേകിച്ചും.

കേരളത്തിൽ മുന്നാക്കസമുദായങ്ങളുടെ എണ്ണം 166 ലധികമാണെന്നു ഞങ്ങൾ നല്കിയ റിപ്പോർട്ടിൽ പേരുപറഞ്ഞു നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും ക്രൈസ്തവ, നായർ, നമ്പൂതിരിവിഭാഗങ്ങളാണു പ്രധാനം. കഴിഞ്ഞ അര നൂറ്റാണ്ടുകാലമായി, സാമ്പത്തികസംവരണം എന്ന ആശയം ഉയർത്തിപ്പിടിച്ച് നായർ സർവ്വീസ് സൊസൈറ്റി സമുദായത്തിലെ പാവപ്പെട്ടവർക്കുവേണ്ടി നിരന്തരം വാദിച്ചുപോന്നിട്ടുണ്ട്. ഇന്നു സംസ്ഥാനസർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾക്കു പിന്നിലും അവരുടെ സ്വാധീനമുണ്ട്.

എന്നാൽ; ക്രൈസ്തവസഭാനേതൃത്വം ഇക്കാര്യത്തിൽ കുറ്റകരമായ അലംഭാവമാണു പ്രകടിപ്പിച്ചുപോരുന്നത്. ഇടയ്ക്കു ചില പ്രസ്താവനകളൊക്കെ പുറപ്പെടുവിക്കാറുണ്ടെന്ന കാര്യം മറക്കുന്നില്ല. എന്നാൽ, സമുദായത്തിലെ പാവങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ജാഗ്രതയും കരുതലും ഉണ്ടെന്നു പറയാൻ വയ്യ. രാഷ്ട്രീയസ്വാധീനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിനുവേണ്ടി പോരാടാൻ അവർ ഇനിയെങ്കിലും തയ്യാറാവണം.

അല്ലെങ്കിൽ, അഭിമാനബോധംമൂലം ദാരിദ്ര്യം വെളിയിൽ പ്രകടിപ്പിക്കാതെ, മുണ്ടു മുറുക്കിയുടുത്ത്, അലക്കിത്തേച്ച കുപ്പായമിട്ടു നടക്കാനാവും ഇനിയും പാവപ്പെട്ട ക്രൈസ്തവരുടെ വിധി!

□

# റാംസെസിന്റെ പ്രതാപകാലം



ചരിത്രവും സംസ്കാരവും 5



പ്രഫ. ചാണ്ടി സഖറിയാസ്

**ഈജിപ്ഷ്യൻ** ഫറവോമാരുടെയിടയിലെ ശക്തനും ധീരനും യുദ്ധവീരനും നയതന്ത്രജ്ഞനുമായിരുന്നു റാംസെസ് രണ്ടാമൻ. റോമിലെ ജൂലിയസ് സീസറിനെപ്പോലെയോ അമേരിക്കയിലെ ജോൺ എഫ്. കെന്നഡിയെപ്പോലെയോ ഒരു ജനതയുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാൻ സാധിച്ച വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

ആദ്യമായി കെയ്റോയിലെ ഈജിപ്ഷ്യൻ മ്യൂസിയം സന്ദർശിച്ചപ്പോൾ എന്നെ ഏറ്റവും കൂടുതൽ അദ്ഭുതപ്പെടുത്തിയത് അവിടെ സൂക്ഷിച്ചിരിക്കുന്ന റാംസെസ് രണ്ടാമൻ ഉൾപ്പടെയുള്ളവരുടെ മമ്മിയാക്കിയ കേടുവരാത്ത മൃതശരീരങ്ങളും കൗമാരത്തിൽ മരിച്ച ഫറവോയായിരുന്ന തൂത്തഖൊമന്റെ തനി സ്വർണ്ണത്തിലുള്ള 200 കിലോ തൂക്കംവരുന്ന ശവപ്പെട്ടിയും അതോടൊപ്പമുണ്ടായിരുന്ന സ്വർണ്ണ മാസ്കുമായിരുന്നു. ഈജിപ്ഷ്യൻ മ്യൂസിയത്തിൽ നൂറോളം മുറികളിലായി ഫറവോമാരുടെ കാലത്തെ വിലമതിക്കാനാവാത്ത ശേഖരങ്ങളുണ്ട്. രണ്ടാമത്തെ നിലയിൽ രണ്ടറ്റത്തുമായി പത്തുവീതം മമ്മികൾ എയർകണ്ടീഷൻ ചെയ്ത ചില്ലുപെട്ടികളിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോന്നിനും മുകളിൽ പേരും ജീവിച്ചിരുന്ന കാലവും രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ പ്രവേശിക്കുന്നതിനുള്ള ഫീസ് ഈജിപ്ഷ്യൻ കറൻസിയിൽ കൊടുക്കണം.

10 മീറ്റർ ഉയരവും 83 ടൺ ഭാരവുമുള്ള റാംസെസിന്റെ ഒരു കൂറ്റൻ പ്രതിമ കെയ്റോ നഗരത്തിൽ തലയുയർത്തിനില്ക്കുന്നു. അദ്ദേഹത്തിന്റെ ക്ഷേത്രങ്ങളിലും മറ്റു കെട്ടിടസമുച്ചയങ്ങൾക്കടുത്തും ഇത്തരം പ്രതിമകൾ കാണാം. റാംസെസ് ഏറ്റവും കൂടുതൽ നിർമ്മിച്ച പ്രതിമകൾ അദ്ദേഹത്തിന്റേതുതന്നെയായിരുന്നു.

ഈജിപ്റ്റിന്റെ ശക്തിയും പ്രതാപവും വിസ്തൃതിയും വർദ്ധിപ്പിച്ച് ശാന്തതയും കെട്ടുറപ്പുമുള്ള ഒരു ഈജിപ്റ്റ് കെട്ടിപ്പടുത്തത് റാംസെസായിരുന്നു. അദ്ദേഹം, ഈജിപ്റ്റിനോടു ചേർന്നുകിടന്നിരുന്ന പ്രദേശങ്ങളിലേക്ക് സൈനികമുന്നേറ്റങ്ങൾ നടത്തി ജയിച്ചുവന്നു. രാജ്യത്തിനു നഷ്ടപ്പെട്ടിരുന്ന സിറിയയിലെയും കാനാൻദേശത്തെയും വിസ്തൃതമായ ഭൂപ്രദേശങ്ങളും മറ്റു രാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങളും തിരിച്ചുപിടിച്ച് അസ്വസ്ഥതകളും ലഹളകളും അമർച്ച ചെയ്തു രാജ്യത്തെ ഐശ്വര്യത്തിലേക്കും സമാധാനത്തിലേക്കും അദ്ദേഹം നയിച്ചു. നൈൽനദീതീരത്ത് അദ്ദേഹം പണികഴിപ്പിച്ച തലസ്ഥാനനഗരിയെ കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ പടയോട്ടങ്ങൾ.

19-ാം രാജവംശത്തിലെ മൂന്നാമത്തെ ഫറവോയായിരുന്നു അദ്ദേഹം. ബി.സി. 1279 മുതൽ 1313 വരെ രാജ്യം ഭരിച്ച, ഈജിപ്റ്റിന്റെ ഏറ്റവും ശക്തനായ ഫറവോയായിരുന്ന അദ്ദേഹം 90 വർഷത്തിലേറെ ജീവിക്കുകയും ഏറ്റവും കൂടുതൽ കാലം ഈജിപ്റ്റിനെ ഭരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മൃതദേഹം മമ്മിയാക്കി രാജാക്കന്മാരുടെ താഴ്‌വരയിൽ അടക്കംചെയ്തിരുന്നു. മഹാനായ ആ പിതാമഹന്റെ ശരീരം 1898 ൽ ചെങ്കടലിനടുത്തുനിന്നു കണ്ടെടുക്കുകയും പിന്നീട് കെയ്റോ മ്യൂസിയത്തിലേക്കു കൊണ്ടുവരുകയും ചെയ്തു.

**കാദേഷിലെ ഐതിഹാസികയുദ്ധം**

റാംസെസ് നടത്തിയ യുദ്ധങ്ങളിൽ ഏറ്റവും വലിയതും രാജ്യത്തിന്റെ ഭാവിയെ നിർണയിച്ചതുമായിരുന്നു കാദേഷിൽ നടന്നത്. ഹിറ്റിറ്റി രാജ്യവുമായി നടന്ന ഈ യുദ്ധം ഈജിപ്റ്റിന്റെ ചരിത്രം മാറ്റിയെഴുതി. ഇപ്പോഴത്തെ സിറിയയായിരുന്നു ഈ യുദ്ധത്തിന്റെ രംഗവേദി. അനേകായിരങ്ങൾ പങ്കെടുത്ത യുദ്ധത്തിൽ ശത്രുവിനെ തോല്പിച്ചു എന്നു പറയുന്നതിനെക്കാൾ, തന്ത്രപ്രധാനമായ ഒരു സന്ധിയിലൂടെ റാംസെസ് ജയിച്ചുവെന്നു പറയുന്നതാവും ശരി. ചരിത്രകാരനായ സൂസൻവൈസ് ബോവർ ഇതിനെ വിളിച്ചത് ലോകചരിത്രത്തിലെ ആദ്യത്തെ സമാധാന ഉടമ്പടി എന്നാണ്. എന്തായാലും അതിനുശേഷം രാജ്യം ശാന്തിയുടെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും നാളുകൾ കണ്ടു.



*റാംസെസ് രണ്ടാമൻ*

**വിശ്വവിഖ്യാതക്ഷേത്രങ്ങൾ**

ഈ കാലഘട്ടത്തിൽ നിർമ്മിച്ച വൻക്ഷേത്രസമുച്ചയങ്ങളും ഭിത്തികളും ഒറ്റക്കൽസ്തംഭങ്ങളും ശവകുടീരങ്ങളും റാംസെസിന്റെ പ്രതാപവും ഈജിപ്ഷ്യൻ ശില്പകലയുടെ വിസ്മയമാർന്ന വൈശിഷ്ട്യവും എടുത്തുകാണിക്കുന്നു.

**ഒസീറിസ്**

ജീവന്റെയും മരണത്തിന്റെയും കൃഷിയുടെയും ദൈവമായ ഒസീറിസ്ദേവന്റെ ക്ഷേത്രനിർമ്മാണമാണ് അദ്ദേഹം പുനരാരംഭിച്ചത്. സേതി ഒന്നാമൻ തുടങ്ങിവച്ച ക്ഷേത്രനിർമ്മാണമായിരുന്നു ഇത്. സേതി പുരാതന ഈജിപ്റ്റിലെ ഫറവോ ആയിരുന്നു. പക്ഷേ, ആ ക്ഷേത്രം വീണ്ടെടുക്കാൻ സാധിക്കാത്തവണ്ണം പൂർണമായി മണ്ണിനടിയിലായി.

**കർനാക്ക്**

61 ഏക്കറിൽ നിറഞ്ഞുനിന്നിരുന്ന ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്രവും ആരാധനാസ്ഥലവുമായിരുന്നു ഇത്. അമൻ എന്ന ദൈവത്തിന്റെ പേരിലുള്ള ഈ ക്ഷേത്രം ലക്സർ നഗരത്തിനടുത്തു തെബിസിലാണ് സ്ഥിതിചെയ്യുന്നത്. തൂണുകളിൽ ഉയർത്തപ്പെട്ടിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്രംകൂടിയാണിത്. റാംസെസ് ഒന്നാമൻ തുടങ്ങിവച്ച ക്ഷേത്രസമുച്ചയങ്ങളുടെ പണി സേതി ഒന്നാമനും പിന്നീട് റാംസെസ് രണ്ടാമനുംകൂടി പൂർത്തീകരിക്കുകയായിരുന്നു. പുരോഹിതന്മാരും മറ്റു ക്ഷേത്രജോലിക്കാരുമുൾപ്പെടെ 81322 പേർ ഒരു സമയത്ത് ഇവിടെ ജോലി ചെയ്തിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കാർഷികവ്യാപാരമേഖലകളിൽനിന്നും യുദ്ധത്തിൽ പരാജയപ്പെട്ട രാജ്യങ്ങളിൽനിന്നും വൻസമ്പത്തും ക്ഷേത്രനിധിയിലേക്ക് ഒഴുകിവന്നിരുന്നു.

ഇരുവശത്തും 20 കൂറ്റൻ സ്ഫിങ്ക്സുകൾ കാവൽ നിൽക്കുന്നിടം കഴിഞ്ഞ് ക്ഷേത്രത്തിന്റെ ഉള്ളിൽ വൻ അകത്തളങ്ങളിലേക്കു കടക്കുന്നു. ഇതുകഴിഞ്ഞ് 103 മീറ്റർ നീളവും 52 മീറ്റർ വീതിയുമുള്ള ഹാളിനെ 16 നിരകളിലായി 134 ഭീമാകാരങ്ങളായ തൂണുകൾ വൻ മേൽക്കൂര സംരക്ഷിക്കുന്നു. ഓരോ തൂണിനും ശരാശരി 33 അടി ചുറ്റളവും 79 അടി പൊക്കവുമുണ്ട്. ഇതാണ് കാർനാക്കിലെ തൂണുകളിൽ കെട്ടിപ്പൊക്കിയ വിഖ്യാതഹാൾ. സേതി ഒന്നാമൻ ഫറവോയായിരുന്നപ്പോഴാണ് ഈ ഹാളിന്റെ പ്രധാന പണികൾ നടന്നത്. കാർനാക്കിൽ റാംസെസ് രണ്ടാമനും മറ്റ് പല ഫറവോന്മാരും അവരുടെ സംഭാവനകൾ നല്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ സന്ദർശകരെത്തുന്ന ഒരു സ്ഥലമാണ് മേല്പറഞ്ഞ കാർനാക്കിലെ ഹാൾ. ഇതുകൂടാതെ മറ്റനവധി കരിങ്കൽ പ്രതിമകളും നിർമ്മിതികളും അവയുടെ കലാമേന്മയും വലുപ്പവും കൊണ്ട് നമ്മെ ആകർഷിക്കുന്നു. കാർനാക്കും ലക്സറും പോലുള്ള ക്ഷേത്രങ്ങൾ ഈജിപ്റ്റിന്റെ ആധ്യാത്മികസാമ്പത്തികസിരാകേന്ദ്രങ്ങളുമായിരുന്നു.

**ലക്സർ ക്ഷേത്രവും നഗരവും**

ഈജിപ്ഷ്യൻ ടൂറിസത്തിന്റെ പ്രഭ ജ്വലിക്കുന്ന മറ്റൊരു മുഖമാണ് ലക്സർ. ആ വാക്ക് ഇന്ന് ലോകമെമ്പാടും ഈജിപ്റ്റിന്റെ പൗരാണികതയുടെ ഒരു പര്യായമാണ്. അമേരിക്കയിലെ ലാസ് വേഗാസിലെ പ്രസിദ്ധമായ ഒരു കാസിനോയുടെ പേരുതന്നെ ലക്സർ എന്നാണ്. ഒട്ടേറെ സൗന്ദര്യവർദ്ധകവസ്തുക്കൾക്കും ഉത്പന്നങ്ങൾക്കും സ്ഥാപനങ്ങൾക്കും ഈ പേരു കാണാം. പുരാതനനഗരമായ തെബീസിലാണ് ഇതു നില്ക്കുന്നത്.

'തേബ്സ് ഓഫ് ദ ഹൻഡ്രഡ് ഗേറ്റ്സ്' എന്ന് ഹോമർ പാടിയ നഗരത്തെ ഒരു കനാൽ രണ്ടായി തിരിച്ചിരിക്കുന്നു. തെക്കുവശത്ത് ലക്സർ നഗരവും വടക്കുവശത്ത് കാർനാക്ക് എന്ന ഗ്രാമവുമാണ്. അവിടെയാണ് കാർനാക്ക് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പ്രത്യേകം ഒരു മൂർത്തിയിൽ കേന്ദ്രീകരിക്കാത്ത ഒട്ടേറെ ദേവന്മാരുടെ പേരിലുള്ള ക്ഷേത്രങ്ങൾ നമുക്കവിടെ കാണാം. മഹാനായ അലക്സാണ്ടർ ഉൾപ്പടെയുള്ള ഫറവോമാരുടെ കിരീടധാരണം ഇവിടെ നടന്നിട്ടുണ്ട്. 18-ാമതു രാജവംശത്തിന്റെ കാലത്തു തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾ തുത്തൻഖാമനും റാംസെസ് പതിനൊന്നാമനും പൂർത്തിയാക്കുകയായിരുന്നു. അലക്സാണ്ടറും ഇവിടെ ക്ഷേത്രനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഒരു വലിയ പ്രദേശത്തായി അനേകം ക്ഷേത്രങ്ങളും പ്രതിമകളും ഒറ്റക്കൽ സ്തംഭങ്ങളും കാണുവാൻ സാധിക്കും. നാലു വശങ്ങളുള്ള ഒറ്റക്കൽ സ്തൂപം അല്ലെങ്കിൽ തൂണാണ് ഒബ്‌ലിസ്ക്. ഇങ്ങനെയുള്ള സ്തൂപങ്ങളെ ക്ലിയോപാട്രാസ് നീഡിൽ എന്നും വിളിക്കാറുണ്ട്. ഇവിടെയുണ്ടായിരുന്ന ഒബ്‌ലിസ്കുകളിൽ ഒരെണ്ണം ഫ്രഞ്ചുകാർ ഒരു കപ്പൽ പ്രത്യേക രീതിയിൽ ഡിസൈൻ ചെയ്ത് അതിൽ കയറ്റിക്കൊണ്ടുപോയി പാരീസ് കൊട്ടാരത്തിന്റെ മുൻപിൽ സ്ഥാപിച്ചിട്ടുണ്ട്. ഈജിപ്റ്റിലെ ക്ഷേത്രങ്ങളുടെ മുമ്പിൽ ഒരു ജോടിയായിട്ടാണ് ഇതു സ്ഥാപിച്ചിരിക്കുന്നത്. ഇതുപോലെ ഒന്ന് ഈജിപ്റ്റിൽനിന്നു കൊണ്ടുപോയി ഇംഗ്ലീഷുകാർ ലണ്ടനിൽ തേംസ് നദീതീരത്തു സ്ഥാപിച്ചിട്ടുണ്ട്.



*കർണാക് ക്ഷേത്രത്തിലെ ലോകപ്രസിദ്ധ ഹിപ്പോസ്റ്റൈൽ ഹാൾ*

(തുടരും)

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര



## ലെന

**ആ**ർട്ടിക് സമുദ്രത്തിൽ പതിക്കുന്ന റഷ്യൻനദിയാണിത്. റഷ്യയിലെ ബൈക്കൽ തടാകത്തിനടുത്തുള്ള പർവതനിരകളിൽനിന്ന് ഉദ്ഭവിക്കുന്ന ഈ നദിക്ക് 4400 കി.മീറ്റർ നീളം വരും. നീളത്തിൽ സൈബീരിയൻനദികളിൽ മൂന്നാംസ്ഥാനവും ലോകത്തിൽ പത്താം സ്ഥാനവും.

2490000 ച.കി.മീറ്റർ നദീതടമുള്ള ലെന റഷ്യയിലെ പ്രധാനനദികളിലൊന്നാണ്. വടക്കുകിഴക്കേ സൈബീരിയയുടെ പടിഞ്ഞാറൻ അതിർത്തിയിലൂടെ ഒഴുകുന്നു. ഏറ്റവും വലിയ ആർട്ടിക് ഡെൽറ്റ പ്രദേശമൊരുക്കുന്ന നദിയാണ് ലെന. സംരക്ഷിതപ്രദേശങ്ങളാണ് ഈ നദിയുടെ തീരപ്രദേശങ്ങൾ. ദേശാടനപ്പക്ഷികൾ ഉൾപ്പെടെ ഒട്ടേറെ പക്ഷികളുടെയും റെയിൻഡീറുകളുടെയും വാസസ്ഥാനം കൂടിയാണിവിടം.

ലെനനദിയിൽ വർഷത്തിൽ ഏഴുമാസത്തോളം വെള്ളം തണുത്തുറഞ്ഞ് ഐസായിക്കിടക്കുന്നു. 2001 ൽ സൈബീരിയയിൽ വലിയ നാശനഷ്ടങ്ങളുണ്ടാക്കിയ വെള്ളപ്പൊക്കമുണ്ടായി. വമ്പൻ മഞ്ഞുകട്ടകൾ നദിയിലെ ഒഴുക്കു തടസ്സപ്പെടുത്തിയതുതന്നെ കാരണം.

സൈബീരിയയിലെ വലിയ ടൈഗാകാടുകളെ ഇടയ്ക്കിടെ മുറിച്ചൊഴുകുന്നുണ്ട് ലെനയും പോഷകനദികളും. കസ്തൂരിമാനുകളടക്കം വ്യത്യസ്തയിനം മാനുകളും തവിട്ടുകരടികളുമൊക്കെയുള്ള കാടുകളാണ്. ബീർച്ച്, ഫിർ, പൈൻ മരങ്ങളുടെ കാടുകൾ, സാൽമൺ ഉൾപ്പെടെ ധാരാളം മീനുകൾ ഒക്കെയും സൈബീരിയൻ നദിയിൽ കാണപ്പെടുന്നു.

ലെനനദി ചെന്നുചേരുന്ന ലാപ്റ്റെവ് കടൽ ലോകത്തിന്റെ വടക്കൻ പ്രദേശങ്ങളിലെ താപനിലക്രമീകരണത്തിൽ നിർണായക പങ്കുവഹിക്കുന്നു. ലെനനദിയിലെ മഞ്ഞുകട്ടകളാണ് ലാപ്റ്റെവ് കടലിനെ ഇതിനു പ്രാപ്തമാക്കുക. ലെനയുടെ പ്രധാനപോഷകനദികൾ വിറ്റിം, ഒക്‌ലോക്മ, ആൻഡൻ, വിൽയുയി എന്നിവയാണ്.

# ഹൃദയപക്ഷം കാത്ത ഇടയശ്രേഷ്ഠൻ

**വിളക്കുമരം**



ഡോ. സിറിയക് തോമസ്

**കേരളത്തിന്റെ** ആത്മീയ മണ്ഡലത്തിലെ ഒരു ആൽമരമായിരുന്നു അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ. സഭയിലെ നവോത്ഥാനപ്രസ്ഥാനത്തിന്റെ പാരമ്പര്യവഴിയിൽ പാലക്കുന്നത്തിന്റെ കൊടിയും കൊടിമരവുമായി നമ്മുടെ കാലത്ത് ഉയർന്നുനിന്ന ആത്മീയനേതൃത്വത്തിന്റെ മഹാഗോപുരമായിരുന്നു കാലത്തെ കടന്നുപോയ ഐറേനിയസ് തിരുമേനി എന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷനായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ.



എല്ലാ അർത്ഥത്തിലും വ്യത്യസ്തനായിരുന്നു മെത്രാപ്പോലീത്താ, കാഴ്ചയിലും കാര്യത്തിലുമെല്ലാം. സിംഹരാജന്റെ എടുപ്പും മുഖഗൗരവവും. കാപട്യമോ നയതന്ത്രമോ തിരുമേനിക്ക് അത്ര വഴങ്ങുമായിരുന്നില്ല. വേദപുസ്തകം പറയുംപോലെ, തിരുമേനിയുടെ വാക്കുകൾ എപ്പോഴും അതേ എന്നോ, അല്ല എന്നോ മാത്രമായിരുന്നു. എന്നും നേർവാക്കായിരുന്നു അദ്ദേഹം. പറയുവാനുള്ളത് ആരോടും നേരേ പറയും. അതിൽ മുഖം നോട്ടമുണ്ടായിരുന്നില്ല. എതിർപ്പുകളെ ഒട്ടും വകവച്ചിരുന്നതുമില്ല. ദൈവം തമ്പുരാനെയല്ലാതെ ജോസഫ് മാർത്തോമ്മാ തിരുമേനി ആരെയും ഒരിക്കലും ഭയപ്പെട്ടതുമില്ല.

നിലപാടുകളിൽ എന്നും കണിശക്കാരനായിരുന്നു മെത്രാപ്പോലീത്താ. സഭയിൽ വൈദികരുടെയും അല്മായരുടെയും അച്ചടക്കരാഹിത്യം തിരുമേനി വച്ചുപൊറുപ്പിച്ചിരുന്നില്ല. അതിന്റെ സംഘർഷങ്ങളെയോ പ്രതിഷേധങ്ങളെയോ തിരുമേനി അശേഷം വകവച്ചതുമില്ല. സഭയുടെ നിയമങ്ങൾ മാത്രമല്ല പാരമ്പര്യങ്ങളും കീഴ്വഴക്കങ്ങളും പോലും തിരുമേനി ഒരിക്കൽപ്പോലും വരവണ്ണം തെറ്റിച്ചതുമില്ല. സഭയെ സംബന്ധിച്ചു നല്ല കാഴ്ചയും ഉൾക്കാഴ്ചയും തിരുമേനിക്കുണ്ടായിരുന്നുവെന്നതാണ് യഥാർത്ഥ്യം.

സുറിയാനിയിലും ദൈവശാസ്ത്രത്തിലും മാത്രമല്ല, സഭാചരിത്രത്തിലും നല്ല അവഗാഹമുണ്ടായിരുന്ന തിരുമേനിക്കു വേദപുസ്തകം ഏതാണ്ട് കാണാപ്പാഠമായിരുന്നുവെന്നതാണ് ശരി. കോഴഞ്ചേരിപ്പള്ളിയിൽ വച്ചു നടന്ന ഒരു വിവാഹകർമ്മം ആശീർവദിക്കവേ ബന്ധപ്പെട്ട ഏവൻഗെലിയോൻ ഭാഗം മുൻപിൽ വച്ചിരുന്ന വേദപുസ്തകത്തിൽ നോക്കാതെ ഓർമ്മയിൽനിന്നു മുഴുവൻ മനഃപാഠം പറഞ്ഞതിനു സാക്ഷിയായത് ഇന്നും ഞാൻ അദ്ഭുതത്തോടെ ഓർമ്മിക്കുന്നു. തിരുമേനിയുടെ വേദപുസ്തകപരിചയത്തിന്റെ ആധികാരികതകൂടിയാണിതു വെളിവാക്കുന്നത്.

പ്രസംഗകലയും തിരുമേനിക്കു നന്നായി വഴങ്ങും. വിദേശത്തു പഠിച്ചതിന്റെകൂടി ഗുണമാവണം ഒന്നാംതരം ഇംഗ്ലീഷാണ്. തനി ഓക്സ്ഫോർഡ് ആക്സന്റിലാണ് ഇംഗ്ലീഷ് പ്രഭാഷണങ്ങൾ. കാഴ്ചയിൽ ഗൗരവക്കാരനെന്നു തോന്നുമെങ്കിലും മെത്രാപ്പോലീത്തായ്ക്കു നല്ല ഹ്യൂമർ സെൻസുമുണ്ടായിരുന്നു. പക്ഷേ, നാട്ടിൽ നർമ്മത്തിന്റെ കുത്തക ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്കായതുകൊണ്ടാവണം ജോസഫ് മാർത്തോമ്മാ തിരുമേനി ആ വഴിയിൽ വലിയ പരീക്ഷണങ്ങൾക്കൊന്നും മുതിരാതിരുന്നത്. സ്നേഹമുള്ളവരെ ചേർത്തു നിർത്തുന്നതായിരുന്നു മെത്രാപ്പോലീത്തയുടെ രീതിയും ശൈലിയും. സൗഹൃദങ്ങളിൽ തിരുമേനിക്കു സഭാവ്യത്യാസങ്ങളോ സമുദായ രാഷ്ട്രീയഭേദചിന്തകളോ ഒന്നും ഒരിക്കലും ഉണ്ടായിട്ടില്ല. ഇഷ്ടമായാൽ ഇഷ്ടംതന്നെ. ഇഷ്ടമുള്ളവരെ ഹൃദയത്തോടു ചേർത്തുനിർത്തുവാനുള്ള അപാരമായ ഒരു സിദ്ധിയും തിരുമേനിക്കു സ്വന്തമായിരുന്നു.

പുലാത്തീൻ അരമനയിൽ ഒരിക്കൽപ്പോലും എനിക്കു കാത്തിരിക്കേണ്ടിവന്നിട്ടില്ല. ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കാലത്തും ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്തായുടെ ഭരണനാളുകളിലും പിന്നീട് ഡോ. ജോസഫ് മാർത്തോമ്മാ തിരുമേനിയുടെ കാലത്തും പുലാത്തീൻ അരമന എനിക്ക് ഒരു രണ്ടാം ഭവനംതന്നെ ആയിരുന്നുവെന്ന് അഭിമാനത്തോടെ ഞാൻ ഓർമ്മിക്കുന്നു. തിരുമേനി സഫ്രഗൻ മെത്രാപ്പോലീത്തായായിരുന്ന കാലത്താണ് ഞാൻ കോട്ടയത്ത് വൈസ് ചാൻസലറായിരുന്നത്. ഒരിക്കൽ കേരളത്തിൽ സന്ദർശനത്തിനു വന്ന അന്നത്തെ ആർ.എസ്.എസ്. തലവൻ സുദർശൻജി ഐറേനിയസ് സഫ്രഗൻ തിരുമേനിയെയും അന്നത്തെ ദേശീയ കത്തോലിക്കാമെത്രാൻ സമിതി അധ്യക്ഷനായിരുന്ന ഡോ. സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്തയെയും ആലുവയിൽ കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചപ്പോൾ വിശ്വാസികളെ പ്രതിനിധീകരിച്ച് അന്ന് കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യയുടെ-സി.സി.ഐ. - വൈസ് ചെയർമാനായിരുന്ന എന്നെയാണ് അവർക്കൊപ്പം കൊണ്ടുപോയത്. എത്ര നിർഭയമായും യുക്തിഭദ്രമായുമാണ് മെത്രാപ്പോലീത്താ തിരുമേനിമാർ സഭയുടെയും ക്രൈസ്തവസമൂഹത്തിന്റെയും ഉറച്ച നിലപാടുകളും ന്യൂനപക്ഷ വിഭാഗമെന്ന നിലയ്ക്കുള്ള ആശങ്കകളും ആർ.എസ്. എസ്. തലവനുമായി അന്നു ചർച്ച ചെയ്തതെന്നു ഞാനോർമിക്കുന്നു. തിരുമേനിമാരുടെ അപാരമായ ഇംഗ്ലീഷ് പ്രാവീണ്യവും പ്രൗഢമായ ഇടപെടലും സുദർശൻജിയെ സംഭാഷണാരംഭത്തിലെ ഔപചാരികതകളിൽനിന്നു വളരെപ്പെട്ടെന്നുതന്നെ അനായാസമായ ഒരു ആശയവിനിമയ തലത്തിലേക്കു കൊണ്ടുവന്നുവെന്നതും ഞാൻ ശ്രദ്ധിക്കുകയുണ്ടായി. ഞങ്ങളുടെ കൂടിക്കാഴ്ചയിൽ വിശ്വസിക്കാവുന്ന ഒരു സാക്ഷികൂടി വേണമെന്നു വിചാരിച്ചാണു സാറിന്റെ പേരുകൂടി നൽകിയതെന്ന് മെത്രാപ്പോലീത്താമാർ മടക്കയാത്രയിൽ പറഞ്ഞതു സഭാപിതാക്കന്മാരിൽനിന്നു എനിക്കു ലഭിച്ച ഏറ്റവും വലിയ ബഹുമതിയും അംഗീകാരവുമായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

പരിചയപ്പെട്ട കാലം മുതൽ മെത്രാപ്പോലീത്താ തിരുമേനി എന്നെ അദ്ദേഹത്തിന്റെ ഹൃദയത്തോടു ചേർത്തുപിടിച്ചുവെന്നതാണ് എനിക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹം. എപ്പോൾ വേണമെങ്കിലും ഫോണിൽ വിളിക്കുവാനുള്ള സ്വാതന്ത്ര്യം തിരുമേനി എനിക്ക് അനുവദിച്ചു തന്നിരുന്നു. കത്തയച്ചാൽ മറുപടിയും ഉറപ്പായിരുന്നു. ജീവിതത്തിൽ ഇതുപോലെ ചിട്ടയും ക്രമവും പാലിച്ചിരുന്നവർ വേറേ അധികമുണ്ടാകുവാനിടയില്ല. മനുഷ്യരെയും പ്രകൃതിയെയും മാത്രമല്ല, പൂവിനെയും ചെടികളെയും മലകളെയും മരങ്ങളെയും പശുവിനെയും പക്ഷികളെയുംപോലും തിരുമേനി എന്നും ഹൃദയത്തോടു ചേർത്തുപിടിച്ചു. തിരുമേനിയുടെ കുർബ്ബാനയും പ്രാർത്ഥനകളും അതിന്റെ സ്വരപ്രൗഢികൊണ്ടും ഉച്ചാരണഭംഗികൊണ്ടും ചൊല്ലുന്നതിന്റെ താളക്രമങ്ങൾകൊണ്ടും എത്രയോ ആകർഷകവും അനുഗ്രഹസമ്പന്നവുമായിരുന്നുവെന്ന് ഒരിക്കലെങ്കിലും അതിൽ സംബന്ധിച്ചിട്ടുള്ളവർ സമ്മതിക്കാതിരിക്കുകയില്ല.

നവതിയുടെ നിറവിലാണ് മെത്രാപ്പോലീത്താ തിരുമേനി നമ്മെ കടന്നു പോയത്. ആത്മീയതയാണു ജീവിതവഴിയായി തിരഞ്ഞെടുത്തതെങ്കിലും തിരുമേനിക്കു രാജയോഗവും കർമ്മയോഗവും കൂടെച്ചെല്ലുകയായിരുന്നിരിക്കണം. എല്ലാ അർത്ഥത്തിലും സ്ഥിതപ്രജ്ഞനായ ഒരു കർമ്മയോഗിയായിരുന്നു ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി. കാലത്തെ പിന്നിലാക്കി തിരുമേനിയും ഇപ്പോൾ കടന്നുപോയിരിക്കുന്നു. കണ്ണീർ പ്രണാമം! □

## 30 അടി വീതി 100 അടി ഉയരം: പോളിഷ് കെട്ടിടത്തിൽ ജോൺ പോൾ രണ്ടാമന്റെ പടുകൂറ്റൻ ചുവർച്ചിത്രം



സ്റ്റാലോവ വോള: രണ്ടര പതിറ്റാണ്ടിലധികം ആഗോള കത്തോലിക്കാസഭയെ നയിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നൂറാം ജന്മവാർഷികത്തോടനുബന്ധിച്ച് പോളണ്ടിലെ സ്റ്റാലോവ വോള നഗരത്തിൽ വിശുദ്ധന്റെ പടുകൂറ്റൻ ചുവർച്ചിത്രം ആശീർവദിച്ചു. ഇക്കഴിഞ്ഞ ഒക്ടോബർ 18 ന് സാൻഡോമിയേഴ്സിലെ മുൻ സഹായമെത്രാനായിരുന്ന എഡ്വേർഡ് ഫ്രാങ്കോവ്സ്കിയാണ് തെക്കുകിഴക്കൻ പോളണ്ടിലെ സ്റ്റാലോവ വോള നഗരത്തിലെ ജോൺ പോൾ രണ്ടാമൻ അവന്യൂ അപ്പാർട്ട്മെന്റിന്റെ ഭിത്തിയിൽ വരച്ചിരിക്കുന്ന 30 അടി വീതിയും 100 അടി ഉയരവുമുള്ള ചുവർച്ചിത്രത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചത്. അംശവടിയും പിടിച്ച് പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്ന രീതിയിലാണ് വിശുദ്ധന്റെ ചുവർച്ചിത്രം വരച്ചിരിക്കുന്നത്.

ചുവർച്ചിത്രത്തിന്റെ അടിയിലായി സ്റ്റാലോവ വോള നഗരത്തെക്കുറിച്ച് വിശുദ്ധൻ പറഞ്ഞിരിക്കുന്ന, "അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വലിയ വിശ്വാസത്തിന്റെ പ്രതീകമായ സ്റ്റാലോവ വോള നഗരത്തെ ഞാൻ ഹൃദയത്തോടു ചേർക്കുന്നു" എന്ന വാക്യവും എഴുതിച്ചേർത്തിട്ടുണ്ട്. ചുവർച്ചിത്രം രൂപകല്പന ചെയ്യുന്നതിനായി നടത്തിയ മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ട പിയോട്ടർ ടോപ്പ്സിൽക്കോ എന്ന കലാകാരനാണ് ചിത്രത്തിനു പിന്നിൽ.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ സ്റ്റാലോവ വോള നഗരം സന്ദർശിച്ചപ്പോൾ, കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ എതിർപ്പിനെപ്പോലും വകവയ്ക്കാതെ 'ഔർ ലേഡി ക്വീൻ ഓഫ് പോളണ്ട്' ദേവാലയം നിർമ്മിച്ച നഗരവാസികളുടെ നിശ്ചയദാർഢ്യത്തെ അഭിനന്ദിച്ചിരുന്നു. 1973-ൽ ക്രാക്കോവിലെ മെത്രാപ്പോലീത്തയായിരിക്കേയാണ് ഈ ദേവാലയം കൂദാശ ചെയ്തത്. പിന്നീട് മാർപാപ്പായായപ്പോൾ ജോൺ പോൾ രണ്ടാമൻ ഈ ദേവാലയത്തെ മൈനർ ബസലിക്കയായി ഉയർത്തിയിരുന്നു.

Deepanalam Weekly

RNI No : 16998/68
Vol. 53 No. 26 Date of Publication 29 October 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com